# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 28 | Issue 3 | Fortnightly | October 1, 2016 | Page 32 | ₹ 10


ഒക്ടോബർ 2



## രാഷ്ട്രം മഹാത്മാവിന്റെ 147-ാം ജന്മവാർഷികം ആചരിക്കുന്നു




കേരള പബ്ലിക് സർവീസ് കമ്മിഷന്റെ അറുപതാം വാർഷികം പ്രമാണിച്ചുള്ള പിഎസ്‌സി ബുള്ളറ്റിൻ വജ്രജൂബിലി വിശേഷാൽ പതിപ്പിന്റെ പ്രകാശന ചടങ്ങിൽ ചെയർമാൻ ഡോ.കെ.എസ്. രാധാകൃഷ്ണനിൽനിന്ന് ബുള്ളറ്റിൻ പത്രാധിപ സമിതി അധ്യക്ഷൻ അശോകൻ ചരുവിൽ ആദ്യ പ്രതി ഏറ്റുവാങ്ങുന്നു. പിഎസ്‌സി മെംബർമാരായ പി.ശിവദാസൻ, അഡ്വ.എം.കെ.സക്കീർ, കെ.പ്രേമരാജൻ, അഡ്വ.ഇ.രവീന്ദ്രനാഥൻ, പ്രൊഫ.ലോപ്പസ് മാത്യു, ഡോ.പി.സുരേഷ്കുമാർ, ടി.ടി. ഇസ്മയിൽ, ഡോ.എം.കെ.ജീവൻ എന്നിവർ സമീപം.



കേരള പബ്ലിക് സർവീസ് കമ്മിഷന്റെ മലബാർ മേഖലയിലെ കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രം 2016 ഒക്ടോബർ ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ചടങ്ങിൽ പിഎസ്‌സി ചെയർമാൻ ഡോ.കെ.എസ്.രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കും. തൊഴിൽ–എക്സൈസ് വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. 640 ഇരിപ്പിടശേഷിയുള്ള കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രം ഇത്തരത്തിലുള്ളവയിൽ ഏറ്റവും വലുതാണ്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലാണ് പിഎസ്‌സിയുടെ മറ്റ് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ. കോഴിക്കോട്ടും ഓൺലൈൻപരീക്ഷാ കേന്ദ്രം പ്രവർത്തനസജ്ജമാകുന്നതോടെ ആകെ 1750 ഉദ്യോഗാർഥികൾക്ക് ഒരു ചോദ്യ പേപ്പറിൽ പരീക്ഷ നടത്താൻ കഴിയും.

## അസിസ്റ്റന്റ് പ്രൊഫസർ (അനസ്തേഷ്യ, ന്യൂറോളജി)

മെഡിക്കൽ വിദ്യാഭ്യാസം

## ലക്ചറർ ഇൻ ബോട്ടണി

കോളേജ് വിദ്യാഭ്യാസം

## അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)

ജലസേചനം

ഉൾപ്പെടെ 54 തസ്തികകളിൽ വിജ്ഞാപനം

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി അധ്യക്ഷൻ**

**ശ്രീ. അശോകൻ ചരുവിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**
മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാ തല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **കാലാവധി തീരാറാകുന്ന വരിക്കാർക്ക് അതു സംബന്ധമായ അറിയിപ്പ് ആറു ലക്കം മുമ്പ് മുതൽ റാപ്പറിലെ വിലാസത്തിൽ ഉൾപ്പെടുത്തുണ്ട്.**
- **വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പി.എസ്.സി. അറിയിപ്പുകൾ

## പരീക്ഷാ കേന്ദ്രങ്ങൾക്കായി അപേക്ഷ ക്ഷണിക്കുന്നു

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തു പരീക്ഷകൾ/ഒ.എം.ആർ. പരീക്ഷകൾ എന്നിവ നടത്താൻ താൽപര്യപ്പെടുന്ന പരീക്ഷാ സൗഹൃദവും, ഉദ്യോഗാർത്ഥി സൗഹൃദവും ആയ കേരളത്തിലെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ മേധാവികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാ ഫോമുകൾ ഓൺലൈനായി ലഭിക്കുന്നതിന് asexam.psc.kerala.gov.in എന്ന ഇ.മെയിലിൽ കത്തുകൾ അയക്കേണ്ടതാണ്. കത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷാ ഫാറങ്ങൾ ഇ–മെയിലിലൂടെ ലഭ്യമാക്കുന്നതും ആയത് പൂരിപ്പിച്ച് പ്രസ്തുത ഇ–മെയിൽ വിലാ ത്തിലേയ്ക്ക് എത്രയും വേഗം ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ കേന്ദ്രങ്ങളായി അനുവദിക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ മേധാവികൾ സ്ഥാപനത്തിന്റെ ഫോൺ നമ്പർ, ഇ–മെയിൽ വിലാസം എന്നിവ കത്തിനോടൊപ്പം സൂചിപ്പിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അവകാശം കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും.

## പ്രായോഗിക പരീക്ഷ

2016 ജൂലൈയിലെ വകുപ്പുതല പരീക്ഷകളുടെ ഭാഗമായി നടത്തുന്ന കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ് പേപ്പർ 3, കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് ടെസ്റ്റ് പേപ്പർ 2 എന്നിവയുടെ പ്രായോഗിക പരീക്ഷ 2016 ഒക്ടോബർ 3 ന് തിരുവനന്തപുരം മൂക്കുന്നിമല ഫയറിംഗ് റേഞ്ചിൽ വച്ച് നടത്തുന്നു.

## എൻഡുറൻസ് ടെസ്റ്റ്

വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (കാറ്റഗറി നമ്പർ 1/2016 മുതൽ 04/2016 വരെ) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഒക്ടോബർ 4–ാം തീയതി മുതൽ കേരളത്തിലെ 13 ജില്ലകളിലും (ആലപ്പുഴ ഒഴികെ) എൻഡ്യുറൻസ് ടെസ്റ്റ് നടത്തുന്നു. 2 കി.മീ. ദൂരം, വനിതകൾ 15 മിനിറ്റിനുള്ളിലും, പുരുഷന്മാർ 13 മിനിറ്റിനുള്ളിലും ഓടി എത്തുന്നതാണ് പ്രസ്തുത ടെസ്റ്റ്. ടെസ്റ്റിന്റെ ഷെഡ്യൂൾ, ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് എന്നിവ അതത് ജില്ലാ ഓഫീസുകളിൽ നിന്നും പ്രസിദ്ധീകരിക്കുന്നതാണ്.

## ഒ.ടി.ആർ. വെരിഫിക്കേഷൻ

നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 2 (നേരിട്ടുള്ള നിയമനം–കാറ്റഗറി നമ്പർ 121/2013, തസ്തികമാറ്റം വഴിയുള്ള നിയമനം–കാറ്റഗറി നമ്പർ 122/2013) തസ്തികയുടെ ചുരുക്കപ്പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള ഒ.ടി.ആർ. വെരിഫിക്കേഷൻ 2016 ഒക്ടോബർ 3 മുതൽ 7 വരെയും ഒക്ടോബർ 13 മുതൽ 15 വരെയും കെ.പി.എസ്.സി. തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ വച്ച് നടത്തുന്നു.

# പിഎസ്‌സി ബുള്ളറ്റിൻ വജ്രജൂബിലി വിശേഷാൽ പതിപ്പ് വായനക്കാരിലേക്ക്....

1956–ൽ പ്രവർത്തനമാരംഭിച്ച കേരള പബ്ലിക് സർവീസ് കമ്മിഷന്റെ അറുപതാം വാർഷികം പ്രമാണിച്ചുള്ള പിഎസ്‌സി ബുള്ളറ്റിൻ വജ്രജൂബിലി വിശേഷാൽ പതിപ്പിന്റെ പ്രകാശനച്ചടങ്ങ് സെപ്തംബർ 26–ന് തിരുവനന്തപുരത്ത് പിഎസ്‌സി ആസ്ഥാനത്ത് നടന്നു. ചെയർമാൻ ഡോ.കെ.എസ്.രാധാകൃഷ്ണനിൽനിന്ന് ബുള്ളറ്റിൻ പത്രാധിപസമിതി അധ്യക്ഷൻ അശോകൻ ചരുവിൽ ആദ്യ പ്രതി ഏറ്റുവാങ്ങി. പി.എസ്.സി. മെംബർമാരായ കെ.പ്രേമരാജൻ,അഡ്വ.എം.കെ.സക്കീർ, ഡോ.എം.കെ.ജീവൻ, പി.ശിവദാസൻ, ടി.ടി. ഇസ്മയിൽ, സിമി റോസ്ബെൽ ജോൺ, അഡ്വ.ഇ.രവീന്ദ്രനാഥൻ, അഡ്വ.എസ്.ഷൈൻ, പ്രൊഫ.ലോപ്പസ് മാത്യു, ഡോ.പി.സുരേഷ്കുമാർ തുടങ്ങിയവരും പിഎസ്‌സി സെക്രട്ടറി സാജു ജോർജ്, പരീക്ഷാ കൺട്രോളർ എൻ.നാരായണശർമ, റിക്രൂട്ട്മെന്റ് വിഭാഗം അഡിഷണൽ സെക്രട്ടറി രമേശ് ശർമ, എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജോയിന്റ് സെക്രട്ടറി എൻ.സന്ദീപ്, ഡെപ്യൂട്ടി സെക്രട്ടറി എ.രവീന്ദ്രൻ നായർ, പബ്ലിക് റിലേഷൻസ് ഓഫീസർ കെ.ആർ.മനോജ്കുമാർപിള്ള ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

പിഎസ്‌സി സംബന്ധിച്ച വിവിധ സാങ്കേതിക നടപടിക്രമങ്ങൾ സംബന്ധമായ വിവരങ്ങൾ ആധികാരികമായി മനസ്സിലാക്കുന്നതിനുള്ള കൈപ്പുസ്തകം എന്ന നിലയിലാണ് സ്പെഷ്യൽപതിപ്പ് രൂപകല്പന ചെയ്തിരിക്കുന്നത്. പ്രൊഫൈൽ ക്രിയേഷൻ, വൺ ടൈം വെരിഫിക്കേഷൻ, ഓൺലൈൻ പരീക്ഷ തുടങ്ങിയവയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട സംഗതികളെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടുള്ള ലേഖനങ്ങൾ ഉദ്യോഗാർഥികളെ കുറ്റമറ്റ രീതിയിൽ നടപടിക്രമങ്ങളുമായി സഹകരിക്കുന്നതിന് പ്രാപ്തമാക്കും. ഇതുകൂടാതെ കേരളത്തെ സംബന്ധിച്ച അടിസ്ഥാന വസ്തുതകൾ, കേരളത്തിലെ ജില്ലകൾ, കേരള നവോത്ഥാന നായകർ, കേരളത്തിലെ ദേശീയ പ്രസ്ഥാനം, സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ, പ്രക്ഷോഭങ്ങൾ, ഭൂപരിഷ്കരണം, വിദ്യാഭ്യാസമേഖല, സാഹിത്യരംഗം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന സ്പെഷ്യൽ പതിപ്പിൽ കഴിഞ്ഞ അഞ്ചുവർഷത്തെ പിഎസ്‌സി പരീക്ഷകളിലെ കേരള നവോത്ഥാനം, സ്വാതന്ത്ര്യസമരം എന്നീ വിഷയങ്ങളിലെ 800 ചോദ്യങ്ങൾ കൂടി സമാഹരിച്ച് ചേർത്തിട്ടുണ്ട്. ഇതുകൂടാതെ മുൻപരീക്ഷകളിലെ 300 പൊതുവിജ്ഞാന ചോദ്യങ്ങളും മൂന്ന് പരിശീലന സെറ്റുകളായി നൽകിയിട്ടുണ്ട്. ലോകം, ഇന്ത്യ, കേരളം എന്നിവ സംബന്ധമായി 1901 മുതൽ 2015 വരെയുള്ള വർഷങ്ങൾ ഉത്തരമായി വരുന്ന ആയിരത്തോളം ചോദ്യങ്ങളുടെ ശേഖരവും സ്പെഷ്യൽ പതിപ്പിന്റെ സവിശേഷതയാണ്. 244 പേജുള്ള സ്പെഷ്യൽ പതിപ്പിന് 150 രൂപയാണ് വില.

ബുള്ളറ്റിൻ പത്രാധിപസമിതിയുടെ നിർദേശങ്ങൾക്കും കമ്മിഷന്റെ തീരുമാനങ്ങൾക്കും അനുസരണമായി പബ്ലിക് റിലേഷൻസ് വിഭാഗമാണ് സ്പെഷ്യൽ പതിപ്പിനാവശ്യമായ വിഭാഗസമാഹരണം നടത്തിയത്. റിക്രൂട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ടെസ്റ്റ്, ഗവേഷണ അവലോകനം, നിയമന നിർദ്ദേശം, പരീക്ഷ , എസ്റ്റാബ്ളിഷ്മെന്റ്, അക്കൗണ്ട്സ്, ലൈബ്രറി, റെക്കോർഡ്സ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ വിഭവസമാഹരണവും അനുബന്ധ ഉത്തരവാദിത്വങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ ആത്മാർഥമായി സഹകരിച്ചു. കെ.ആർ.മനോജ്കുമാർ പിള്ളയും മുമ്പ് പിആർഒമാരായിരുന്ന ബി.ജി.പ്രദീപ്കുമാർ, എ.രമണൻ എന്നിവരും വിഭവസമാഹരണദൗത്യം ഏകോപിപ്പിച്ചു. ജോയിന്റ് സെക്രട്ടറിമാരായ എൻ.നാരായണശർമയും എൻ.സന്ദീപും പൊതുവായ മേൽനോട്ടം വഹിച്ചു. പിഎസ്‌സി സെക്രട്ടറി സാജു ജോർജ് ആണ് സ്പെഷ്യൽ പതിപ്പ് എഡിറ്റ് ചെയ്തത്. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്ഥാപനമായ സി–ആപ്റ്റിനാണ് അച്ചടിച്ചുമതല.



# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 29 - 09 - 2016 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസറ്റിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 29 – 09 – 2016 അവസാന തീയതി: 02 – 11 – 2016 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാന തലം)

### കാറ്റഗറി നമ്പർ: 276/2016
### അസിസ്റ്റന്റ് പ്രൊഫസർ (അനസ്തേഷ്യ)
### മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്
2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ (അനസ്തേഷ്യ)
3 **ശമ്പളം** : ₹15600 – ₹ 39100/- with grade pay of ₹ 7,000/-
4 ഒഴിവുകളുടെ എണ്ണം : 11 (പതിനൊന്ന്)

ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലനകാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 21–46; ഉദ്യോഗാർത്ഥികൾ 02.01.1970–നും 01.01.1995കനും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്കം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല.

(വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** I അസിസ്റ്റന്റ് പ്രൊഫസർ

(i) ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം (എം.ഡി /എം.എസ്/ഡി.എൻ.ബി)

(ii) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

(iii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

കുറിപ്പ്: (i) KS & SSR Part I I Rule 10 (a) ii ബാധകമാണ്.

(ii) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(i)ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം

(ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ)സ്ഥിരം രജിസ്ട്രേഷൻ – എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ₹15600 – ₹39100/- with grade pay of '5,400/- ശമ്പള സ്കെയിലിൽ ലക്ചറർ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

കുറിപ്പ്:–:–(i) KS & SSR പാർട്ട് II ലെ റൂൾ 10 10 (a) ii ബാധകമാണ്.

### കാറ്റഗറി നമ്പർ: 277/2016
### അസിസ്റ്റന്റ് പ്രൊഫസർ (ന്യൂറോളജി)
### മെഡിക്കൽ വിദ്യാഭ്യാസം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ (ന്യൂറോളജി)
3 **ശമ്പളം** : ₹15600 – ₹39100/- *with grade pay of* ₹7,000/-
4 **ഒഴിവുകളുടെ എണ്ണം** : 6 (ആറ്)

ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലനകാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 21–46; ഉദ്യോഗാർത്ഥികൾ 02.01.1970–നും 01.01.1995കനും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്കം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** അസിസ്റ്റന്റ് പ്രൊഫസർ

(i)ഡിഎം (ന്യൂറോളജി)/ ഡി.എൻ.ബി. (ന്യൂറോളജി)

(ii) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

(iii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്:** (i)*KS & SSR Part I I Rule 10 (a) ii* ബാധകമാണ്.

(ii) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(i)ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം

(ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ)സ്ഥിരം രജിസ്ട്രേഷൻ – – എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ `15600 – `39100/- with grade pay of `5,400/- ശമ്പള സ്കെയിലിൽ ലക്ചറർ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

കുറിപ്പ്: KS & SSR Part II Rule 10 (a)ii ബാധകമാണ്.

### കാറ്റഗറി നമ്പർ: 278/2016
### ലക്ചറർ ഇൻ ബോട്ടണി
### കോളേജ് വിദ്യാഭ്യാസം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ബോട്ടണി
3 **ശമ്പളം** : യു.ജി.സി നിരക്കിൽ
4 **ഒഴിവുകളുടെ എണ്ണം** : 6 (ആറ്)

കുറിപ്പ്: 17.10.2012 ലെ G.O(P) No. 61/2012/SW പ്രകാരം ഈ തസ്തികയിലേയ്ക്കുള്ള 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി നീക്കി വെച്ചിരിക്കുന്നു.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 22 – 40, ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1994 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടുതീയതികളും ഉൾപ്പെടെ)

മറ്റു പിന്നാക്കം, പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

കുറിപ്പ് : (1) ഒ.എക്സ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ പ്രായപൂർത്തിയായ ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും പ്രായപരിധിയിൽ 5 വർഷം വരെ ഇളവ് അനുവദിക്കുന്നതാണ്.

(2) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നൽകുന്നത്.

**7 യോഗ്യതകൾ** : 1) അൻപത്തിയഞ്ച് ശതമാനം (55%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ (ബോട്ടണിയിൽ) ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യ

ത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

കുറിപ്പ്: i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

iii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

iv) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

v) KS & SSR Part II Rule 10 (a) ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ: 279/2016
## വെറ്ററിനറി സർജൻ ഗ്രേഡ് II
## മൃഗസംരക്ഷണം

**1 വകുപ്പ്** : മൃഗസംരക്ഷണം
**2 ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ് II
**3 ശമ്പളം** : ₹ 20,740–36,140/ (റിവിഷനു മുമ്പ്)
**4 ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

കുറിപ്പ്: പതിനഞ്ച് ശതമാനം ഒഴിവുകൾ റിമൗണ്ട് വെറ്ററിനറി കോറിൽ നിന്ന് പിരിച്ചുവിടപ്പെട്ടവർക്കു വേണ്ടി സംവരണം ചെയ്തിരിക്കുന്നു. മിലിട്ടറി സർവീസിൽ ചേർന്നില്ലയിരുന്നുവെങ്കിൽ സർവ്വീസിൽ നിയമിക്കപ്പെടുന്നതിന് അർഹതയുണ്ടായിരുന്നവരെയും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിന് പരിഗണിക്കുന്നതാണ്. ആവശ്യമുള്ള ശാരീരിക യോഗ്യതയുള്ളവരെ മാത്രമേ സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിയമിക്കുന്നതിന് അർഹതയുള്ളവരായി കണക്കാക്കുകയുള്ളൂ. സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിനാവശ്യമുള്ള വിമുക്ത ഭടന്മാരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളും നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്.

**കുറിപ്പ്:–** സർക്കാർ ഉത്തരവ് നമ്പർ G.O.(P) No.119/05/SWD dated, 6.08.2005, G.O.(P) 43/2009/SWD dated 13.10.2009 പ്രകാരം ഈ തസ്തികയിലേക്കുള്ള 3% (മൂന്ന് ശതമാനം) ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. അതിൻ പ്രകാരം ലോക്കോ–മോട്ടോർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി എന്നീ ഭിന്നശേഷി വിഭാഗക്കാർ മേൽ മൂന്ന് ശതമാനം (3%) സംവരണത്തിന് അർഹരാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം:** 18–39; ഉദ്യോഗാർത്ഥികൾ 02/01/1977–നും 01/01/1998–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടായിരിക്കും

(വയസ്സിളവിനെ സംബന്ധിച്ച നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ 2കാം ഖണ്ഡിക നോക്കുക)

**കുറിപ്പ്:** വിമുക്ത ഭടന്മാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുവാൻ അർഹതയുള്ളവരുടെ പ്രതിരോധ സേനയിലെ സേവന കാലവും ഡിസ്ചാർജ് ചെയ്തതിനു ശേഷം തൊഴിലില്ലാതിരുന്ന കാലയളവിൽ പരമാവധി 3 വർഷവും ഉയർന്ന പ്രായപരിധി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

**യോഗ്യതകൾ:** 1. വെറ്ററിനറി സയൻസിൽ ബിരുദം

2. 1984–ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (സെൻട്രൽ ആക്ട് 52,1984) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം

.

3. മലയാള ഭാഷ കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

**കുറിപ്പ്:** 1) കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 പാർട്ട് 2 റൂൾസ് 10 ലെ ക്ലോസ് (എഎഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസാകണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാനത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മൂന്നാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.

2) ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതായിരിക്കും

3) KS&SSR Part II Rule 10 a (ii) ബാധകമാണ്.

**ട്രെയിനിംഗ്** : 1. വെറ്ററിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളവർക്കും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്കും ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.

3. കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി ആന്റ് എ.എച്ച് കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 280/2016
## അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
## ജലസേചനം

**1 വകുപ്പ്** : ജലസേചനം
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
**3 ശമ്പളം** : ₹ 39500–83000/– (പുതുക്കിയത്)
**4 ഒഴിവുകളുടെ എണ്ണം** : 7 (ഏഴ്)

കുറിപ്പ്:– മേൽപ്പറഞ്ഞ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പ്രതിരോധസേനയിലെ സേവനം ആവശ്യപ്പെടുന്ന സമയത്ത് അവരുടെആദ്യത്തെ 10 വർഷത്തെ സേവനത്തിനിടയിൽ 4 വർഷം (പരിശീലനകാലമുൾപ്പെടെ) പ്രതിരോധ സർവ്വിസിലോ പ്രതിരോധം സംബന്ധിച്ച ജോലിയിലോ ഇന്ത്യയിലെവിടെ ങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. ഈ നിർബന്ധിത സൈനിക സേവനം 40 വയസ്സ് കഴിഞ്ഞവർക്ക് സാധാരണ ഗതിയിൽ ബാധകമല്ല.

ഡിപ്പാർട്ട്മെന്റിൽ കാട്ടു ഒഴികെയുള്ള തസ്തികയ്ക്ക് 06.08. 2005–ലെ G.O(P)No.119/05/SWD, 13.10.2009ലെ G.O(P)No.43/2009/SWD സർക്കാർ ഉത്തരവുകൾ പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട (Category: Locomotor disability/Cerebral Palsy, Low Vision, Hearing impairment) ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : നേരിട്ടുള്ള നിയമനം: 20–40; ഉദ്യോഗാർത്ഥികൾ 02/01/1976–നും 01/01/1996–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

7. യോഗ്യതകൾ: 1) കേരള സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ബി.എസ്.സി ബിരുദ?? തത്തുല്യ യോഗ്യതയോ.

അല്ലെങ്കിൽ

2) മദ്രാസ് സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ബി. ഇ.ബിരുദമോ തത്തുല്യ യോഗ്യതയോ.

അല്ലെങ്കിൽ

3) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സിന്റെ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ.

അല്ലെങ്കിൽ

4) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സിന്റെ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷ?ന്റെ എ– യും ബി –യും സെക്ഷനുകൾപാസ്സായിരിക്കണം.

അല്ലെങ്കിൽ

5) കേരള സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ബി.എസ്.സി ബിരുദത്തിനു തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത.

കുറിപ്പ്: KS & SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 281/2016
## സീനിയർ സയന്റിഫിക് അസിസ്റ്റന്റ്
## ഫിസിയോളജി വിഭാഗം
## മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : സീനിയർ സയന്റിഫിക് അസിസ്റ്റന്റ്– ഫിസിയോളജി വിഭാഗം
**3 ശമ്പളം** : ₹ 19,240–34,500/–
**4 ഒഴിവുകളുടെ എണ്ണം**: 1 (ഒന്ന്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–37 ഉദ്യോഗാർത്ഥികൾ 02/01/1979–നും 01/01/1998–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** സുവോളജി വിഷയത്തിൽ ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം

കുറിപ്പ്: KS & SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 282/2016
## അസിസ്റ്റന്റ് മാനേജർ
## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് മാനേജർ
**3 ശമ്പളം** : ₹8000–13725/
**4 ഒഴിവുകളുടെ എണ്ണം:** 3 (മൂന്ന്)

കുറിപ്പ്:1) അസിസ്റ്റന്റ് മാനേജരായി നേരിട്ട് നിയമനം ലഭിയ്ക്കുന്നവർക്ക് രണ്ട് വർഷത്തെ ട്രെയിനിംഗ് ഉണ്ടായിരിക്കും. ഈ കാലയളവിൽ അടിസ്ഥാന ശമ്പളം മാത്രമേ ലഭിയ്ക്കുകയുള്ളൂ. രണ്ട് വർഷത്തെ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്ന പക്ഷം മുഴുവൻ ശമ്പളത്തോടും മറ്റ് ആനുകൂല്യങ്ങളോടുംകൂടി ജോലിയിൽ സ്ഥിരപ്പെടുത്തുന്നതായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ളനിയമനം

**6 പ്രായപരിധി** : 18 – 36. ഉദ്യോഗാർത്ഥികൾ02.01.1980നും01.01.1998നുംഇടയിൽജനിച്ചവരായിരിക്കണം. (രണ്ട്തീയതികളുംഉൾപ്പെടെ).പട്ടികജാതി / പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ ഇളവനുവദിക്കുന്നതാണ്.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

**7 യോഗ്യതകൾ:** 1. സി.എ / ഐ.സി.ഡബ്ല്യൂ.എ / എം.ബി.എ (ഫിനാൻസ്) / എം.എ (എക്കണോമിക്സ് ക്ലാസ്സ് / എം.കോം (ഫസ്റ്റ് ക്ലാസ്സ്)

2. കമ്പ്യൂട്ടർ സയൻസിലോ കമ്പ്യൂട്ടർ ആപ്ലിക്കേഷനിലോ ഗവൺമെന്റ് അംഗീകൃത ഡിഗ്രി / ഡിപ്ലോമ.

3. പരിചയം: ഇൻഡസ്ട്രിയൽ ഫിനാൻസിംഗ് രംഗത്ത് കുറഞ്ഞത് അഞ്ചു വർഷത്തെ പരിചയം അഭിലഷണീയം.

കുറിപ്പ്: കെ.എസ് &എസ്.എസ്.ആർ പാർട്ട് IIറൂൾ 10എ ശശബാധകമാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക**

സ്ഥാപനത്തിന്റെ പേര്
(കമ്പനി/കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ) :
രജിസ്ട്രേഷൻ നമ്പർ
(ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :
രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ/ശ്രീമതി........................................................................................ ........................... (അപേക്ഷകന്റെ പേരും മേൽ വിലാസവും) ഈ സ്ഥാപനത്തിൽ ..................................... ........................... (സ്ഥാപനത്തിന്റെ പേര്) ...................... മുതൽ ..................... വരെ (കാലയളവ് വ്യക്തമാക്കണം) ................................ (ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര്) ആയി പ്രതിമാസം .............................രൂപ ശമ്പള നിരക്കിൽ /പ്രതിദിനം ..................... രൂപ ശമ്പള നിരക്കിൽ ജോലി ചെയ്തിട്ടുണ്ട് /ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്,
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്

സ്ഥലം:
തീയതി: (ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി ............................................. (അതിൽ പറയുന്ന കാലയളവിൽ) ടി സ്ഥാപനത്തിൽ .......................... ആയി (ജോലിയുടെ പേര്) ജോലി ചെയ്തതായി/ചെയ്യുന്നതായി ................................. നിയമപ്രകാരം/ചട്ടപ്രകാരം സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ ............................... (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

ഞാൻ കേരള / കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ............................ എന്ന ചട്ടപ്രകാരം/നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം /നിയമപ്രകാരം സ്ഥാപനത്തിലെ
ജീവനക്കാരുടെ സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്താൻ അധികാരപ്പെട്ട
ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള ഒപ്പ്,
പേര്, ഉദ്യോഗപ്പേര്, ആഫീസ്

സ്ഥലം :
തീയതി: (ഓഫീസ് സീൽ)

**കുറിപ്പ്** : പരിചയ സർട്ടിഫിക്കറ്റ് സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11 (a) പൊതുവ്യവസ്ഥകളിലെ 2ാംഖണ്ഡികകളിലെ V, VIII, IX, X, XI, XIII എന്നീ ഉപഖണ്ഡികകളും 5, 5(a), 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 283/2016
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്) (തസ്തികമാറ്റം വഴിയുള്ള നിയമനം) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ്

1 വകുപ്പ് : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ്
2 ഉദ്യോഗപ്പേര് : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്) (തസ്തികമാറ്റം വഴിയുള്ള നിയമനം)
3 ശമ്പളം : 10800–21040 (PR)
4 ഒഴിവുകളുടെ എണ്ണം : 2 (രണ്ട്)

കുറിപ്പ്: (i) ബോർഡിലെ സർവ്വീസ് personnel ന് മാത്രമായി മെറിറ്റ് അടിസ്ഥാനത്തിൽ ഒരു പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കി സംവരണതത്വം പാലിക്കാതെ തന്നെ നേരിട്ടുള്ള നിയമനത്തോടൊപ്പം 19: 1 എന്ന അനുപാതത്തിൽ നൽകുന്നതാണ്.
(ii) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് വേണ്ടിയുള്ള പരീക്ഷയിൽ നാൽപത് ശതമാനത്തിൽ കുറയാതെ മാ4ക്ക് നേടുന്ന ഉദ്യോഗാ4ത്ഥികൾ മാത്രം ഈ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ അർഹത നേടുന്നതാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽനിന്നും, റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ മുഴുവൻ പേരെയും നിയമനശിപാ4ശ ചെയ്യപ്പെടാതെ വരുന്നപക്ഷം, തസ്തികമാറ്റത്തിനുവേണ്ടി ടി തസ്തികയ്ക്ക് അടുത്ത് തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ ടി ഉദ്യോഗാർത്ഥികളെ അതേ ക്രമത്തിൽ ഉൾപ്പെടുത്തുകയും അപ്രകാരം നിയമന ശിപാർശ നൽകുന്നതുമാണ്.

**5 നീയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം (കേരള പബ്ലിക്ക് സ4വ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ വരുന്ന കെ.എസ്.ഇ,ബി യിലെ മിനിസ്റ്റിരിയൽ വിഭാഗത്തിലെ താഴ്ന്ന തസ്തികകളിലുള്ളവരിൽ നിന്നും 5% ക്വാട്ടയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം.)

**കുറിപ്പ്** : കെ.എസ്.ഇ.ബി യിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ Rs.10,800- 21040(PR) ൽ താഴെ ശമ്പളനിരക്കുള്ള തസ്തികകളിൽ ജോലിയിലിരിക്കുന്ന ജീവനക്കാർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ബോർഡിലെ ഒരു സ്ഥിരം ജീവനക്കാരനോ, പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കണം. ഉദ്യോഗാർത്ഥി സർവ്വീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

**6 പ്രായം** : 18 – 50 ഉദ്യോഗാർത്ഥികൾ 02.01.1966 നും 01.01. 1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിൽ പറയുന്ന വ്യവസ്ഥകൾ ഈ തെരഞ്ഞടുപ്പിന് ബാധകമല്ല.

**7.യോഗ്യതകൾ** : 1.എസ്. എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.
2.ടൈപ്പ്റൈറ്റിങ്ങ് (ഇംഗ്ലീഷ്) ഹയർ (കെ.ജി.റ്റി.ഇ), എം.ജി.റ്റി.ഇ അല്ലെങ്കിൽ തത്തുല്യ യോഗ്യത) പാസായിരിക്കണം.
3.ടൈപ്പ്റൈറ്റിങ്ങ് (മലയാളം) ലോവർ (കെ.ജി.റ്റി.ഇ), അല്ലെങ്കിൽ തത്തുല്യ യോഗ്യത പാസായിരിക്കണം

**കുറിപ്പ് :** ജനുവരി 2002 ന് മുൻപ് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിങ്ങ് പാസായിട്ടുള്ളതാണെങ്കിൽ കമ്പ്യൂട്ടർ വേർഡ് പ്രോസസിങ്ങ് അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്ന പ്രത്യേക സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 284/2016
## റഫ്രിജറേഷൻ മെക്കാനിക് മെഡിക്കൽ വിദ്യാഭ്യാസം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : റഫ്രിജറേഷൻ മെക്കാനിക്
3 **ശമ്പളം** : ₹ 10,480 – 18,300 (PR)
4 **ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02/01/1980–നും 01/01/1998–നും ഇടയിൽ ജനിച്ചവർ (രണ്ട് തീയതികളും ഉൾപ്പെടെ) ആയിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ണ്ഡിക നോക്കുക)

7. യോഗ്യതകൾ: I (i) എസ്.എസ്.എൽ.സി–യോ തത്തുല്യമായ)പരീക്ഷയോ പാസായിരിക്കണം.
(ii) മെക്കാനിക് (റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്) ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നേടിയിരിക്കണം.
കുറിപ്പ്: KS & SSR Part II Rule 10 (a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 285/2016
## സി.എസ്.ആർ ടെക്നീഷ്യൻ ഗ്രേഡ് II മെഡിക്കൽ വിദ്യാഭ്യാസ സർവീസ്

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
2 **ഉദ്യോഗപ്പേര്** : സി.എസ്.ആർ ടെക്നീഷ്യൻ ഗ്രേഡ് II
3 **ശമ്പളം** : ₹ 9940 - 16580 **(PR)**
4 **ഒഴിവുകളുടെ എണ്ണം**: 2 (രണ്ട്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02/01/1980–നും 01/01/1998–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ണ്ഡിക നോക്കുക)

**7. യോഗ്യതകൾ**: I(1) എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം.
(2) ഇൻസ്ട്രുമെന്റ് മെക്കാനിക്കിലോ മെഡിക്കൽ ഇലക്ട്രോണിക് ടെക്നോളജിയിലോ നേടിയ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.
(3) ഗവണ്മെന്റ് നടത്തുന്നതോ ഗവണ്മെന്റ് അംഗീകരിച്ചതോ ആയ സ്ഥാപനങ്ങളിൽ സി.എസ്.ആർ ടെക്നോളജിയിലുള്ള ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ്.
കുറിപ്പ്:– കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 10(എ)ii ബാധകമാണ്.

# ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ: 286/2016
## ഫാർമസിസ്റ്റ് ഗ്രേഡ് II(ഹോമിയോ) ഹോമിയോപ്പതി

1. വകുപ്പ് : ഹോമിയോപ്പതി
2. ഉദ്യോഗപ്പേര് : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
3. ശമ്പളം : ₹ 20,000 – 45,800/
4. ഒഴിവുകളുടെ എണ്ണം : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം – പ്രതീക്ഷിത ഒഴിവുകൾ
എറണാകുളം – 02 (രണ്ട്)

പ്രസ്തുത തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ 3 % ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി (ചലന വൈകല്യം/സെറിബ്രൽ പാൾസി) സംവരണം ചെയ്തിരിക്കുന്നു. (G.O (P) No. 1/99/P & ARD dtd. 1.1.1999 & G O (P) No. 1/13/SJD dtd. 3.1.2013)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18 – 36. ഉദ്യോഗാർത്ഥികൾ 02.01. 1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസ്യതമായ വയസ്സിളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് )വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ നോക്കുക.

**7. യോഗ്യതകൾ :** (i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത.
(ii) കേരള ഗവൺമെന്റ് നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അഥവാ തത്തുല്യമായ യോഗ്യത.

**കുറിപ്പ്:** KS&SSR Part II Rule 10 (a) (ii) യിലെ വ്യവസ്ഥകൾ ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 287/2016
## ഇലക്ട്രീഷ്യൻ മൃഗസംരക്ഷണം

**1. വകുപ്പ്** : മൃഗസംരക്ഷണം
**2. ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ
**3. ശമ്പളം** : ₹ 18,000 – 41,500/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
കണ്ണൂർ – 01 (ഒന്ന്)

ടി തസ്തികയുടെ 3 % ഒഴിവുകൾ Locomotor Disabiltiy/ Cerbral Pasly, Hearing impairment, Low vision എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013 se GO (P) No. 1/13/SJD പ്രകാരം നീക്കിവച്ചിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 18 – 36. ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01. 1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**
1) ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) പാസ്സായിരിക്കണം.
2) ഇലക്ട്രീഷ്യൻ/വയർമാൻ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
3) വയർമാൻ ലൈസൻസ് ഉണ്ടായിരിക്കണം.
കുറിപ്പ്: KS & SSR Part II Rule 10 a (ii) ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാധകമാണ്.

## കാറ്റഗറി നമ്പർ: 288/2016
## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് റവന്യൂ

1. വകുപ്പ് : റവന്യൂ
2. ഉദ്യോഗപ്പേര് : വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്
3. ശമ്പളം : ₹ 17,500 – 37,500/
4. ഒഴിവുകളുടെ എണ്ണം : ജില്ലാടിസ്ഥാനത്തിൽ

തിരുവനന്തപുരം
കൊല്ലം
പത്തനംതിട്ട
ആലപ്പുഴ
കോട്ടയം
ഇടുക്കി
എറണാകുളം
തൃശ്ശൂർ
പാലക്കാട്
മലപ്പുറം
കോഴിക്കോട്
വയനാട്
കണ്ണൂർ
കാസറഗോഡ്
} പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** 3.1.2013 ലെ ജി.ഒ.(പി) നമ്പർ 1/13/SJD പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിട്ടുണ്ട്. [Locomotor Disabiltiy / Cerebral Pasly, Hearing Impairment, Low Vision].

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18 – 36. ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസ്യതമായ വയസ്സിളവുണ്ടായിരിക്കും.

കുറിപ്പ് : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് )വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്2 ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ :** (i) ഏഴാം സ്റ്റാൻഡേർഡോ, തേർഡ് ഫോറമോ പാസ്സായിരിക്കണം
(ii) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

കുറിപ്പ്:1. 05.06.2006 ലെ WP(C) No. 8945/06(M) നമ്പർ റിട്ട് പെറ്റീഷനിലെ ബഹു: ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ത്രീ ഉദ്യോഗാർത്ഥികളും ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരാണ്.
2. KS&SSR Part II Rule 10 (a) (ii) യിലെ വ്യവസ്ഥകൾ ഈ

തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 289/2016
## ഹൗസ് കീപ്പർ (ഫീമെയിൽ)
## ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ഹൗസ് കീപ്പർ (ഫീമെയിൽ)
**3. ശമ്പളം** : ₹ 17,000 – 39,500/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കാസർഗോഡ് 01 (ഒന്ന്)
ആലപ്പുഴ 02 (രണ്ട്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 35–46. ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.1981നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : എസ്.എസ്.എൽ.സി ജയിച്ചിരിക്കണം

അഭിലഷണീയം: i) ഹോസ്റ്റലിലോ മറ്റേതെങ്കിലും സ്ഥാപനത്തിലോ വനിതാ ഹൗസ്കീപ്പറായോ വനിതാ അസിസ്റ്റന്റ് ഹൗസ്കീപ്പറായോ ജോലി ചെയ്തുള്ള പരിചയം
ii) കണക്കുകൾ കൈകാര്യം ചെയ്യാനുള്ള അറിവ്
iii) ഹോസ്പിറ്റൽ ഹൗസ്കീപ്പിംഗിലുള്ള ഐടിഐ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്

**കുറിപ്പ്: 1.** നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ നിയമിക്കപ്പെടുന്ന ഹോസ്റ്റലിലോ സ്ഥാപനത്തിലോ താമസിക്കുവാൻ സന്നദ്ധയായിരിക്കണം

**2.** ടി തസ്തികയുടെ 3 % ഒഴിവുകൾ Locomotor Disabiltiy/ Cerbral Pasly, Hearing impairment, Low vision എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013 ലെ GO (P) No. 1/13/SJD പ്രകാരം നീക്കിവച്ചിരിക്കുന്നു.

3. KS&SSR Part II Rule 10 a (ii) ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാധകമാണ്.

4. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് (കമ്പനി/കോർപ്പറേഷൻ/ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് /സഹകരണ സ്ഥാപനങ്ങൾ മുതലായവ) : :
രജിസ്ട്രേഷൻ നമ്പർ :
(ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :
രജിസ്റ്റർ ചെയ്ത തീയതിയും :
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ/ശ്രീമതി ........................................................................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ........................................ ..............................................(തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ............... രൂപ മാസശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ ................ മുതൽ ............ വരെ ............ വർഷം............. മാസം ...... ദിവസം ജോലിനോക്കിയിട്ടുണ്ട്/ജോലി നോക്കിവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
പേര്, ഒപ്പ് (തീയതി സഹിതം)
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്.

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

......................................... എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട ............... .. രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരൻ ഇതിൽ പ്പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ........................... ആയി ജോലി ചെയ്തിരുന്നു/ ജോലി ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ............................................ എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം
സ്ഥാപനത്തിലെ ജീവനക്കാരുടെ
സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്തുവാൻ
അധികാരപ്പെടുത്തിയ
ഉദ്യോഗസ്ഥന്റെ തീയതി സഹിതം ഉള്ള ഒപ്പ്
പേര്, ഉദ്യോഗപ്പേര്,
ഓഫീസ്

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

കുറിപ്പ്: (i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിച്ചിരിക്കണം.

(ii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

## കാറ്റഗറി നമ്പർ: 290/2016
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ബോട്ടണി
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
## കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ
**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ബോട്ടണി (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
**3 ശമ്പളം** : ₹16,980–31360/ (PR)
**4 ഒഴിവുകളുടെഎണ്ണം** : 1 (ഒന്ന്).
**5 നിയമനരീതി** : നേരിട്ടുള്ളനിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽനിന്നുമാത്രം)

കുറിപ്പ്: പട്ടികവർഗ്ഗത്തിൽപ്പെടാത്തഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ളഅറിയിപ്പ്പ്രത്യേകമായിനൽകുന്നതല്ല.

**6 പ്രായം** : 20 – 45 (ഉദ്യോഗാർത്ഥികൾ02.01.1971നും01.01.1996നുമിടയിൽജനിച്ചവരായിരിക്കണം. (രണ്ട്തീയതികളുംഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

കുറിപ്പ്: നിശ്ചിതപ്രായപരിധിയിലുള്ളയോഗ്യരായഉദ്യോഗാർത്ഥികളുടെ അഭാവത്തിൽഉയർന്നപ്രായപരിധിയിൽ50വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽയാതൊരുകാരണവശാലും50 വയസ്സ് കവിയാൻപാടില്ല.

7 യോഗ്യതകൾ : I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗികരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യത.

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ B.Ed. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statues of any of the Universities in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1ഉം 2ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനത്തിൽ (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ്. പാസ്സായിരിക്കണം.

III. കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**കുറിപ്പ്:** (1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) യോഗ്യത സംബന്ധിച്ച KS &SSR Part II-se Rule 10 (a)ii ഈ തസ്തികയിലേയ്ക്ക് ബാധകമാണ്.

**പ്രത്യേക ഇളവുകൾ** 1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**കുറിപ്പ്:** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി) 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങപിൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി),17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 291/2016
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) സുവോളജി
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
## കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ
**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) സുവോളജി
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
**3 ശമ്പളം** : ₹ 16,980 – 31360/ (PR)
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽനിന്നുമാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷനിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 20–45
(ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻപാടില്ല.

**7 യോഗ്യതകൾ** : I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗികരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യത.

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേ

ടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ B.Ed. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statues of any of the Universities in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1ഉം 2ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനത്തിൽ (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ്. പാസ്സായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**കുറിപ്പ്:** (1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) യോഗ്യത സംബന്ധിച്ച KS &SSR Part II- ലെ Rule 10 (a)ii ഈ തസ്തികയിലേയ്ക്ക് ബാധകമാണ്.

**പ്രത്യേക ഇളവുകൾ**

1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽനിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**കുറിപ്പ് :** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതു കൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C)വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി) 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി),17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 292/2016
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ജ്യോഗ്രഫി
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
## കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ജ്യോഗ്രഫി

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**3 ശമ്പളം** : ₹16,980 – 31360/ (PR)

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷനിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായിനൽകുന്നതല്ല.

**6 പ്രായം** : 20– 45

(ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**

I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യത.

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ B.Ed. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statues of any of the Universities in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1ഉം 2ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനത്തിൽ (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ്. പാസ്സായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**കുറിപ്പ്** (1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) യോഗ്യത സംബന്ധിച്ച KS &SSR Part II- ലെ Rule 10 (a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

**പ്രത്യേക ഇളവുകൾ**

1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**കുറിപ്പ് :** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതു കൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി) 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി),17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 293/2016
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഹിന്ദി
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
## കേരള ഹയർസെക്കന്ററി എഡ്യുക്കേഷൻ

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഹിന്ദി

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**3 ശമ്പളം** : ₹16,980 – 31,360/-(PR)

**4 ഒഴിവുകളുടെ എണ്ണം** : 6 (ആറ്)

**5 നിയമനരീതി** : നേരിട്ടുള്ളനിയമനം

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽനിന്നുമാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 20–45

(ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട്തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universtiy in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1ഉം 2 ഉം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**കുറിപ്പ്** (1) മേൽപ്പറഞ്ഞ ബി.എഡ്. ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാ

നന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ. ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

(2) ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(4) യോഗ്യത സംബന്ധിച്ച KS &SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്)പാസായിരിക്കണം.

**പ്രത്യേക ഇളവുകൾ**

1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്)ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽനിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കുറിപ്പ് :** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)എന്നതു കൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17/01/1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി),17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 294/2016
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## കേരള വാട്ടർ അതോറിറ്റി

1 **വകുപ്പ്** : കേരള വാട്ടർ അതോറിറ്റി

2 **ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

3 **ശമ്പളം** : ₹ 5300–9110/– (PR)

4 **ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

5 **നിയമനരീതി** : നേരിട്ടുള്ളനിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷനിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18 – 41

ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ** : i)ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം.

ii) ടൈപ്പ് റൈറ്റിംഗ് (ഇംഗ്ലീഷ്) കേരള ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (ലോവർ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

iii) ടൈപ്പ് റൈറ്റിംഗ് (മലയാളം) കേരള ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (ലോവർ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(iv) ലാൽ ബഹദൂർ ശാസ്ത്രിസെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി (എൽ.ബി.എസ്) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി) അല്ലെങ്കിൽ അതുപോലുള്ള/തത്തുല്യമായ ഗവൺമെന്റ് അംഗീകൃത സ്ഥാപനം നൽകുന്ന കുറഞ്ഞത് മൂന്ന് മാസക്കാലയളവിലുള്ള (120 മണിക്കൂർ) ഡാറ്റാ എൻട്രി ആന്റ് ആഫീസ് ഓട്ടോമേഷനിലുള്ള സർട്ടിഫിക്കറ്റ്.

**കുറിപ്പ് :** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ(25ാംഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാംഭാഗത്തുള്ള 3(സി) വകുപ്പിനെസംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേകസംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ: 295/2016
## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
## ആരോഗ്യ വകുപ്പ്

1 **വകുപ്പ്** : ആരോഗ്യ വകുപ്പ്

2 **ഉദ്യോഗപ്പേര്** : ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

3 **ശമ്പളം** : ₹ 22200–48000/–

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | (പട്ടികവർഗ്ഗം 1) |
| കൊല്ലം | (പട്ടികവർഗ്ഗം 1) |
| പത്തനംതിട്ട | (പട്ടികവർഗ്ഗം 1) |
| കോട്ടയം | (പട്ടികവർഗ്ഗം 1) |
| ഇടുക്കി | (പട്ടികവർഗ്ഗം 1) |
| എറണാകുളം | (പട്ടികവർഗ്ഗം 1) |
| തൃശ്ശൂർ | (പട്ടികവർഗ്ഗം 1) |
| പാലക്കാട് | (പട്ടികവർഗ്ഗം 1) |
| മലപ്പുറം | (പട്ടികവർഗ്ഗം 1) |
| കോഴിക്കോട് | (പട്ടികവർഗ്ഗം 1) |
| വയനാട് | (പട്ടികവർഗ്ഗം 1) |
| കണ്ണൂർ | (പട്ടികവർഗ്ഗം 1) |
| കാസർഗോഡ് | (പട്ടികവർഗ്ഗം 1) |

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽറിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18–41

ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ** :

**എ) ജനറൽ**

സയൻസ് വിഷയത്തിലുള്ള പ്രീഡിഗ്രി അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

ആംഡ് ഫോഴ്സിൽ പതിനഞ്ചു വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ളവരും, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ അസിസ്റ്റന്റ് ടെസ്റ്റ് ക്ലാസ്സ് I പാസ്സായിട്ടുള്ളവരും ആയ വിമുക്ത ഭടൻമാർക്ക് എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത മതിയാകുന്നതാണ്.

**ബി) ടെക്നിക്കൽ**

കേരളത്തിലെ മെഡിക്കൽ കോളേജുകളോ, തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയോ നടത്തുന്ന ഒരു വർഷത്തെ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻസ് ട്രെയിനിംഗ് കോഴ്സ് വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ്** : യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെജി.ഒ.(പി) നമ്പർ21/76/പി.ഡി., 22.01.1994 ലെജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേകചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 296/2016
## ബീറ്റ് ഫോറസ്റ്റ് ഓഫീസർ
## വനം

1 **വകുപ്പ്** : വനം

2 **ഉദ്യോഗപ്പേര്** : ബീറ്റ് ഫോറസ്റ്റ് ഓഫീസർ

***(കുറിപ്പ്: ഭിന്നശേഷിയുള്ളവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.)***

3 **ശമ്പളം** : ₹ 10480–18300/– (PR)

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
എറണാകുളം (പട്ടികവർഗ്ഗം 1)

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

(പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നും സ്പെഷ്യൽറിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 19–35, ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1997നും ഇടയിൽജനിച്ചവരായിരിക്കണം. (രണ്ട്തീയതികളുംഉൾപ്പെടെ). വയസ് ഇളവിനെ സംബന്ധിച്ച് മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

7 **യോഗ്യതകൾ** : **1) വിദ്യാഭ്യാസ യോഗ്യതകൾ:**

കേരള സർക്കാരിന്റെ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്ലസ്ടു (+2) പരീക്ഷ വിജയിച്ചിരിക്കണം അല്ലെങ്കിൽ കേരള സർക്കാർ/ഭാരത സർക്കാർ അംഗീകരിച്ച തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം.

**കുറിപ്പ്:** കെ.എസ് & എസ്.എസ്.ആർ ലെ റൂൾ 10 (a) ii ബാധകമാണ്.

2) പുരുഷ/വനിത ഉദ്യോഗാർത്ഥികളെ സംബന്ധിച്ച മറ്റ് യോഗ്യതകൾ താഴെ പറയുന്നു.

**(a) പുരുഷ ഉദ്യോഗാർത്ഥികൾ:**

**ശാരീരിക യോഗ്യതകൾ:** ഉയരം കുറഞ്ഞത് 160സെ.മീ, നെഞ്ചളവ് കുറഞ്ഞത് 76 സെ.മീ ഉം പൂർണ്ണ ഉഛ്വാസത്തിൽ കുറഞ്ഞത് 5 സെ.മീ വികാസവും.

**കായികക്ഷമതാ പരീക്ഷ** : എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നം. | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 cm |
| 3 | ലോഗ് ജമ്പ് | 457.20 cm |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 cm |

| | | |
|---|---|---|
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 cm |
| 6 | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cm |
| 7 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test)**

എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും രണ്ടു കിലോമീറ്റർ ദൂരം 13(പതിമൂന്ന്)മിനിട്ടുകൊണ്ട് ഓടി വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**(b)വനിതാ ഉദ്യോഗാർത്ഥികൾ**

**(i) ശാരീരിക യോഗ്യതകൾ:** ഉയരം കുറഞ്ഞത് 150 സെ.മീ.

**(ii)കായികക്ഷമതാ പരീക്ഷ**: എല്ലാ വനിതാ ഉദ്യോഗാർത്ഥികളും വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള താഴെ പറയുന്ന 9 (ഒൻപത്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നം. | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 106 cm |
| 3 | ലോംഗ് ജമ്പ് | 305 cm |
| 4 | പുട്ടിംഗ് ദ് ഷോട്ട് (4000 ഗ്രാം) | 400 cm |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബോൾ | 1400 cm |
| 7 | ഷട്ടിൽ റെയ്സ് (2500 cm X 400 CM) | 26 സെക്കന്റ് |
| 8 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8തവണ |
| 9 | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 തവണ |

(iii) **എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test)**

എല്ലാ വനിതാ ഉദ്യോഗാർത്ഥികളും രണ്ടു കിലോമീറ്റർ ദൂരം 15 (പതിനഞ്ച്) മിനിട്ടുകൊണ്ട് ഓടി വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ശാരീരിക അളവെടുപ്പ് നടത്തുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിലോ എൻഡ്യൂറൻസ് ടെസ്റ്റിലോ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയിൽ പങ്കെടുക്കാൻ വീണ്ടും അവസരം നൽകുന്നതല്ല.

**3) മെഡിക്കൽ നിലവാരം:** എല്ലാ പുരുഷ/ വനിതാ ഉദ്യോഗാർത്ഥികൾക്കും താഴെ പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.

ചെവി : നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.

കണ്ണ് : കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | 0/5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (c)കളർ വിഷൻ | സാധാരണ | സാധാരണ |
| (d)നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

പേശികളും സന്ധികളും : തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

നാഡീവ്യൂഹം : പൂർണ്ണക്ഷമതയുള്ളതും പകർച്ചവ്യാധികളിൽ നിന്നും വിമുക്തവുമായിരിക്കണം.

**കുറിപ്പ്:** ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽനിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധനാ സമയത്ത് അവരവരുടെ പ്രൊഫൈലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

**FORM OF MEDICAL CERTIFICATE**

I have this day, medically examined Sri/Smt/Kum .......................................... and found that his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervouss ystem is perfectly normal and free from any infectious diseases which would render him/her unsuitable for Government Services. His / her age accroding to his/her own statement is ...................... and by appearance is ........................ and his /her standards of vision is as follows:

Standard of vision without glass

| | Right Eye | Left Eye |
|---|---|---|
| 1) Distant Vision | ..................... Snellen | ................ Snellen |
| 2) Near Vision | ..................... Snellen | ................ Snellen |
| 3) Field of Vision | .......................... | .......................... |
| 4) Colour Vision | ......................... | .......................... |
| 5) Night Blindness | ......................... | .......................... |

(Specify whether field of vision is full or not. Etnries such as normal, good etc are inappropriate)

He/She is physically fit for the post of Beat Forest Officer in the Forest Department.

Signature

Name &Designation of Medical Officer

Place:

Date: (Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

8 തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷം ഏതെങ്കിലും ഫോറസ്റ്റ് ട്രെയിനിംഗ് സ്ക്കൂളിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്.

9 നേരിട്ടുള്ള നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10 എൻ.സി.സി യുടെ 'എ' , 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%'എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതാണ്.

15 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാംഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

16 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 297/2016
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി / പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## വിവിധ വകുപ്പുകൾ

1 **വകുപ്പ്** : വിവിധ വകുപ്പുകൾ

2 **ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി / പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

3 **ശമ്പളം** : ₹ 16500–35700/–

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| പത്തനംതിട്ട | 1 (പട്ടികജാതി/പട്ടികവർഗ്ഗം) |
| കണ്ണൂർ | 1 (പട്ടികജാതി/പട്ടികവർഗ്ഗം) |

**കുറിപ്പ്:** (i) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. അപ്രകാരം നിയമിതരാകുന്നവർക്ക് 28.09.2013ലെ G.O(P)No.27/2013/ഉ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.

5 **നിയമനരീതി** : നേരിട്ടുള്ളനിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽറിക്രൂട്ട്മെന്റ്)

**കുറിപ്പ്:**പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18 – 41

ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട്തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** : നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ:** ഏഴാം ക്ലാസ്സ് ജയിച്ചിരിക്കുകയും എന്നാൽ ബിരുദധാരിയാകാൻ പാടുള്ളതുമല്ല.

**കുറിപ്പ്:** 1) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ചർ, മാർക്കർ (മെഡിക്കൽ കോളേജുകളും, കോളീജിയറ്റ് എഡ്യൂക്കേഷണൽ വകുപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും), റഗുലർ മാർക്കർ (മൃഗസംരക്ഷണ വകുപ്പ്), ചെയിൻമാൻ (ലാന്റ് റവന്യൂ ആന്റ് ടൗൺ പ്ളാനിംഗ്), ലാസ്കർ ഗ്രേഡ് II/ ഗേറ്റ് കീപ്പർ ഗ്രേഡ് II (പ്രിന്റിംഗ് വകുപ്പ്) എന്നീ ഉദ്യോഗങ്ങൾക്ക് വികലാംഗർ അർഹരല്ല.

***2) താഴെ പറയുന്ന ഉദ്യോഗങ്ങൾക്ക് സ്ത്രീകൾ അർഹരല്ല.***

a) വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്), വാച്ചർ, ചൗക്കീദാർ

b) ക്ളീനർ കം കണ്ടക്ടർ

c) ക്ലീനർ (ബോട്ട് ക്ളീനർ, ട്രാക്ടർ ക്ളീനർ, വാൻ ക്ളീനർ, ആംബുലൻസ് ക്ളീനർ, ലോറി ക്ളീനർ)

d) ഫിഷർമാൻ

e) ഫിഷർമാൻ കം വാച്ച്മാൻ

f) ബോട്ട്മാൻ

g) ലാസ്കർ

h) ബുൾ അറ്റൻഡന്റ്

i) ബുൾ കീപ്പർ

j) ചെയിൻമാൻ

k) ലാസ്കർ ഗ്രേഡ് II /ഗേറ്റ് കീപ്പർ ഗ്രേഡ് II (അച്ചടി വകുപ്പ്)

3) ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പിലെ തസ്തികകളിൽ ഹിന്ദുമത വിശ്വാസികളെ മാത്രമേ നിയമിക്കുകയുള്ളൂ.

4) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള എല്ലാ തസ്റ്റികകൾക്കും വേണ്ടി പൊതുവായ ഒരു റാങ്ക് ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

5) വാച്ച് വുമൺ തസ്തികയിലേയ്ക്ക് സ്ത്രീകളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

6) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ജി.എസ് തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.

7)ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം സമ്മതപത്രം നൽകുന്ന ഉദ്യോഗാർത്ഥികളെ (വനിതകളും ഭിന്നശേഷിക്കാരും ഒഴികെ) ഗവൺമെന്റ് പ്രസിലെ ലാസ്കർ ഗ്രേഡ് 2/ഗേറ്റ് കീപ്പർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാംഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെജി.ഒ.(പി) നമ്പർ21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/ 94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

## കാറ്റഗറി നമ്പർ: 298/2016
## വെറ്ററിനറി സർജൻ ഗ്രേഡ് II
## മൃഗസംരക്ഷണം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

1 **വകുപ്പ്** : മൃഗസംരക്ഷണം

**2 ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ് II

**3 ശമ്പളം** : ₹ 20,740–36140/– (പരിഷ്ക്കരണത്തിനുമുമ്പ്)

**4 ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 1 (ഒന്ന്).

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം ഹിന്ദു നാടാർ വിഭാഗത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 12.08.2015–ാം തീയതി നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (ഗസറ്റ് തീയതി 16.07.2012, കാറ്റഗറി നം.348/2012) കാലയളവിൽ ഹിന്ദു നാടാർ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (ഹിന്ദു നാടാർ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ്:–** ഈ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–42; ഉദ്യോഗാർത്ഥികൾ 02.01.1974–നും 01.01.1998–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ).(വയസ്സിളവിനെ സംബന്ധിച്ച് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക(i) ഉൾപ്പെടെ) വയസ്സിളവിനെ സംബന്ധിച്ച് മറ്റ് വ്യവസ്ഥകൾക്ക്പൊതു വ്യവസ്ഥകളിലെ പാർട്ട് രണ്ട് നോക്കുക (ഖണ്ഡിക 2(i) ഒഴികെ))

**7. യോഗ്യതകൾ:** 1 വെറ്ററിനറി സയൻസിൽ ബിരുദം

2 1984–ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (സെൻട്രൽ ആക്ട് 52,1984) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

3 മലയാള ഭാഷ കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

**കുറിപ്പ്:–** 1) കേരളസ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്,1958 പാർട്ട് 2 റൂൾ 10ലെ ക്ലോസ് (എ എ എ എ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ സംസ്ഥാനത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് 3–ാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.

2) ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിൽ ഉള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതായിരിക്കും.

3) KS&SSR Part II Rule 10 (a) (ii) ബാധകമാണ്

**ട്രെയിനിംഗ്:–** 1 വെറ്ററിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

2 മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളവർക്കും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്കും ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.

3 കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി ആന്റ് എ.എച്ച് കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 299/2016 – 300/2016
## അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I/സൂപ്രണ്ട്, സബ്ജയിൽ/സൂപ്പർ വൈസർ, ഓപ്പൺ പ്രിസൺ/സൂപ്പർ വൈസർ ബോർസ്റ്റൽ സ്കൂൾ/ആർമറർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ ലക്ചറർ/ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ/ട്രെയിനിംഗ് ആഫീസർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ/സ്റ്റോർ കീപ്പർ, ഓപ്പൺ പ്രിസൺ
## ജയിൽ
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ജയിൽ

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I/സൂപ്രണ്ട്, സബ്ജയിൽ/സൂപ്പർ വൈസർ, ഓപ്പൺ പ്രിസൺ/സൂപ്പർ വൈസർ ബോർസ്റ്റൽ സ്കൂൾ/ആർമറർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ ലക്ചറർ/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ/ട്രെയിനിംഗ് ആഫീസർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ/സ്റ്റോർ കീപ്പർ, ഓപ്പൺ പ്രിസൺ

**3. ശമ്പളം** : ₹ 30700 – 65400/–

**4. ഒഴിവുകളുടെ എണ്ണം**

| കാറ്റഗറി നമ്പർ | സമുദായം | ഒഴിവുകളുടെഎണ്ണം |
|---|---|---|
| 299/2016 | പട്ടികജാതി | 1 (ഒന്ന്) |
| 300/2016 | പട്ടികവർഗ്ഗം | 1 (ഒന്ന്) |

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേക്ക് 26.05.2015–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 474/2012) കാലയളവിൽ മുകളിൽ പരാർമർശിച്ച പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി,പട്ടികവർഗ്ഗ സമുദായങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.)

ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18 – 41; ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം.

(KS & SSR Part II, Rule 10(a) (ii) ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2. ശാരീരിക യോഗ്യതകൾ – ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് ചുവടെ ചേർത്തിരിക്കുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

160 സെ.മീ ഉയരവും, 81.3 സെ.മീ നെഞ്ചളവും കുറഞ്ഞത് 5 സെ.മീ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (1) ഓരോ ഉദ്യോഗാർത്ഥിയേയും കായികക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതയ്ക്ക് മുന്നോടിയായി എയ്യുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

(2) സ്പോർട്സ്, മിലിട്ടറി ട്രെയിനിംഗ്, എൻ.സി.സി യിലുള്ള അംഗത്വം എന്നിവ അഭികാമ്യയോഗ്യതയായി പരിഗണിക്കുന്നതാണ്.

***(3) വനിതകൾക്കും ഭിന്നശേഷി ഉള്ളവർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.***

3.കാഴ്ച ശക്തി:– ഉദ്യോഗാർത്ഥികൾക്ക് കണ്ണടവയ്ക്കാതെ താഴെ പറയുന്ന കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | |
|---|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(സി) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി (ഫീൽഡ് ഓഫ് വിഷൻ) ഉണ്ടായിരിക്കണം.കളർ ബ്ലൈൻഡ്നസ്, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ ഏതെങ്കിലും തരത്തിലുള്ള രോഗാവസ്ഥ ഇവ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

(ഡി) മുട്ടുതട്ട്, പരന്നപാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള ഫാറത്തിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ കായിക ക്ഷമതാ പരീക്ഷാ സമയത്ത് ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു.

### MEDICAL CERTIFICATE

I have, this day, medically examined shri ........................................ (address) and found that he has no disease or infirmity which would render him unsuitable for Government Service. His age according to his own statement, is ...................... and by appearance, is ...................... years. His standards of vision (without glasses) are as follows.

Standards of Vision

| | Right Eye | Left eye |
|---|---|---|
| i)Distant Vision | ................ Snellen | ............... Snellen |
| ii)Near Vision | .................Snellen | ................ Snellen |
| iii) Field of vision | ......... ............... | |

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv) Colour Blindness .......................

v) Squint ........................

vi) Any morbid condition of the eyes or Lids of Either eye ......................................

vii) He is Physically fit for the post of Assistant Jailor Grade I in the Jails Department.

Place :

Date : Signature

Name and Designation of the Medical Officer

(Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

4. കായികക്ഷമതാ പരീക്ഷ

ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| | |
|---|---|
| 1. 100 മീറ്റർ ഓട്ടം | : 14 സെക്കന്റ് |
| 2. ഹൈജമ്പ് | : 132.20 സെ.മീ (4"6") |
| 3. ലോംഗ് ജമ്പ് | : 457.20 സെ.മീ (15') |
| 4.) പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | : 609.60 cms (20') |
| 5. ക്രിക്കറ്റ് ബാൾ ത്രോയിംഗ് | : 6096 cms (200") |
| 6. വടത്തിൽ കയറ്റം (കൈമാത്രം ഉപയോഗിച്ച്) | : 365.80 സെ.മീ (12') |
| 7. പുൾ അപ് അഥവാ ചിന്നിംഗ് | : 8 തവണ |
| 8. 1500 മീറ്റർ ഓട്ടം | : 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ്:**കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**8. പ്രോബേഷൻ** : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I തസ്തികയിൽ നിയമിതനാകുന്ന ആൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 (മൂന്ന്) വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

**9. ട്രെയിനിംഗ്** : നേരിട്ടുള്ള നിയമന രീതി വഴി അസിസ്റ്റന്റ് ജയിലറായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ വകുപ്പ് തലവൻ നിർദ്ദേശിക്കുന്ന പ്രകാരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ അല്ലെങ്കിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിൽ ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

## കാറ്റഗറി നമ്പർ: 301/2016
## ഇൻസ്ട്രുമെന്റ് മെക്കാനിക്ക്
## മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
### നാലാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്

**2 ഉദ്യോഗപ്പേര്** : ഇൻസ്ട്രുമെന്റ് മെക്കാനിക്ക്

**3 ശമ്പളം** : ₹ 7,480–11,910/– (PR)

**4 ഒഴിവുകളുടെ എണ്ണം** : പട്ടിക ജാതി : 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 02.03.2009ൽ നിലവിൽ വന്ന റാങ്ക്ലിസ്റ്റിന്റെ കാലയളവിൽ പട്ടിക ജാതി സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 30.12.2009ലെ ഗസറ്റിൽ കാറ്റഗറി നമ്പർ: 480/2009 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരവും 15.07.2011ലെ ഗസറ്റിൽ കാറ്റഗറി നമ്പർ: 200/2011 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപന പ്രകാരവും 29.06.2013കലെ ഗസറ്റിൽ കാറ്റഗറി നമ്പർ: 177/13 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപന പ്രകാരവും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നതിലാണ് നാലാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടിക ജാതി ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**കുറിപ്പ്:**1. പട്ടിക ജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടിക വർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.

2.പട്ടിക ജാതി, പട്ടിക വർഗം എന്നീ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02/01/1975–നും 01/01/1998നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2((i) ഒഴികെ)

**7. യോഗ്യതകൾ:**

**എ) ജനറൽ**

എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

**ബി) സ്പെഷ്യൽ**

മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമയും സയന്റിഫിക് എകിപ്മെന്റ്സ് നിർമിക്കുന്നതിലും സർവീസ് ചെയ്യുന്നതിലുമുള്ള ഒരു വർഷത്തെ പരിചയവും.

അല്ലെങ്കിൽ

ഇൻസ്ട്രുമെന്റ് മെക്കാനിക്ക് ട്രേഡിലുള്ള ഐ.റ്റി.ഐ സർട്ടിഫിക്കറ്റും ഒപ്റ്റിക്കൽ ഇൻസ്ട്രുമെന്റ്സ്, ഇലക്ട്രോ മെഡിക്കൽ എകിപ്മെന്റ്സ് മുതലായവ നിർമിക്കുന്നതിലും സർവീസ് ചെയ്യുന്നതിലും മൂന്ന് വർഷത്തിൽ കുറയാതെയുള്ള പരിചയവും.

**കുറിപ്പ്–** KS&SSR Part II Rule 10 (a) (ii) ബാധകമാണ്

**8. പരിചയ സർട്ടിഫിക്കറ്റ്:**

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം. സ്ഥാപനത്തിന്റെ പേര്, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം. സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തി തസ്തികയുടെ പേര്, ജോലിയുടെ സ്വാഭാവം എന്നിവ രേഖപ്പെടുത്തിയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :
രജിസ്റ്റർ നമ്പർ :
രജിസ്റ്റർ ചെയ്ത തീയതി :

ശ്രീ/ശ്രീമതി...............................................................
.......(ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും)ഈ സ്ഥാപനത്തിൽ.......................................................................................................................................(തസ്തികയുടെ പേരും ജോലിയുടെ സ്വഭാവവും അതായത് കാഷ്വൽ തൊഴിലാളി, ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി തുടങ്ങിയവ) ആയി ...............................രൂപ മാസ/ദിവസ ശമ്പളത്തിൽ ................ തീയതി മുതൽ..........................തീയതി വരെ...............വർഷം.................മാസം.............. ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ടിയാന് ഈ സ്ഥാപനത്തിൽസയന്റിഫിക് എകിപ്മെന്റ്സ് നിർമ്മിക്കുന്നതിലും സർവ്വീസ് ചെയ്യുന്നതിലും/ഒപ്റ്റിക്കൽ ഇൻസ്ട്രുമെന്റ്സ്, ഇലക്ട്രോ മെഡിക്കൽ എകിപ്മെന്റ്സ് മുതലായവ നിർമ്മിക്കുന്നതിലും സർവ്വീസ് ചെയ്യുന്നതിലും ........... വർഷം .......... മാസം ................. ദിവസം പരിചയമുണ്ട്.

സ്ഥലം: സർട്ടിഫിക്കറ്റ് നൽകുന്ന
തീയതി: വ്യക്തിയുടെ ഒപ്പ്, പേര്,
(ഓഫീസ് സീൽ) ഔദ്യോഗിക പദവി

**സാക്ഷ്യപത്രം**

...................................എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സ്ഥാപനമുടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട ................................................................................... രജിസ്റ്റർ (രജിസ്റ്ററിന്റെ പേര്) ശ്രീ/ശ്രീമതി...........................................................................................ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ.......................................................................ആയി ജോലി ചെയ്തിരുന്നു/ജോലി ചെയ്തു വരുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള......................................... ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

സ്ഥലം: സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ തീ
യതി തീയതി സഹിതമുള്ള ഒപ്പ്,
ഉദ്യോഗപ്പേര്, ഓഫീസ്
(ഓഫീസ് സീൽ)

**കുറിപ്പ്:–** 1) സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമപ്രകാരം/ ചട്ടപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ/വേതന സംരക്ഷണം ഉറപ്പാക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താവുന്നതാണ്. സർക്കാരിലേയും സർക്കാർ നിയന്ത്രണമുള്ള പൊതുമേഖലയിലേയും ആശുപത്രികളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം ആശുപത്രി മേലധികാരിക്ക് തന്നെ സക്ഷ്യപ്പെടുത്താവുന്നതാണ്.

2) പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥിയുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 302/2016
## ബ്രാഞ്ച് മാനേജർ
## ജില്ലാ സഹകരണ ബാങ്ക്
### ഒന്നാം എൻ.സി.എ വിജ്ഞാപനം
### വിഭാഗം 1 (നേരിട്ടുള്ള നിയമനം)

1. **സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
2. **ഉദ്യോഗപ്പേര്** : ബ്രാഞ്ച് മാനേജർ
3. **ശമ്പളം** : ₹ 9,725– 26,900/ (P.R)
4. **ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ
എൽ.സി/എ.ഐ പത്തനംതിട്ട 01 (ഒന്ന്)

**കുറിപ്പ്:** (iii) ഈ വിജ്ഞാപന പ്രകാരം പത്തനംതിട്ട ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ വിഭാഗത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പത്തനംതിട്ട | 08.12.2014 | 433/2009 |

**5. നിയമന രീതി** : യോഗ്യരായ എൽ.സി/എ.ഐ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ).

**കുറിപ്പ്:** (i) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക. [ഖണ്ഡിക 2(i) ഒഴികെ]

09.03.1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന ഇരുപത്തിയൊൻപത് സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ളപക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചുവർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചുകഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പളനിരക്ക്, വകുപ്പ് /സ്ഥാപനം ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ലഭിച്ച ബിരുദവും ഹയർ ഡിപ്ലോമ ഇൻ കോഓപ്പറേഷനും ധകേരള സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും ലഭിച്ച എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി ആന്റ് ബി.എം അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോഓപ്പറേഷനിൽ നിന്നും ലഭിച്ച എച്ച്.ഡി.സി.യും എച്ച്.ഡി.സി.എംഉം അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയ സബോർഡിനേറ്റ് (ജൂനിയർ) പെഴ്സണൽ കോഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ്, (ജൂനിയർ) ഡിപ്ലോമ ഇൻ കോഓപ്പറേഷൻ).

അല്ലെങ്കിൽ

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും കോർപ്പറേഷൻ ആന്റ് ബാങ്കിംഗിൽ ലഭിച്ച ബി.എസ്.സി ബിരുദം.

ii) എം.ബി.എ/സി.എ/എം.കോം/കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കോഓപ്പറേഷൻ ആന്റ് ബാങ്കിംഗിലുള്ള എം.എസ്.സി എന്നിവയിൽ ഏതെങ്കിലും ഒരു യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ് (Preferential qualification).

## കാറ്റഗറി നമ്പർ: 303/2016 – 306/2016
## ബ്രാഞ്ച് മാനേജർ
## ജില്ലാ സഹകരണ ബാങ്ക്
### ഒന്നാം എൻ.സി.എ വിജ്ഞാപനം
### വിഭാഗം 2

1. **സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
2. **ഉദ്യോഗപ്പേര്** : ബ്രാഞ്ച് മാനേജർ
3. **ശമ്പളം** : ₹ 9,725 – 26,900/ (P.R)
4. **ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സംവരണ സ്വഭാവം | ജില്ലയുടെ പേര് | ഒഴിവുകൾ |
|---|---|---|---|
| 303/2016 | ഈഴവ | തിരുവനന്തപുരം | 1 |
| | | പത്തനംതിട്ട | 1 |
| | | കോട്ടയം | 1 |
| | | എറണാകുളം | 1 |
| | | മലപ്പുറം | 1 |
| 304/2016 | മുസ്ലീം | തിരുവനന്തപുരം | 1 |
| | | കോട്ടയം | 1 |
| 305/2016 | പട്ടിക ജാതി | പത്തനംതിട്ട | 1 |
| | | ആലപ്പുഴ | 1 |
| | | കോട്ടയം | 1 |
| | | ഇടുക്കി | 1 |
| 306/2016 | എൽ.സി/എ.ഐ | തിരുവനന്തപുരം | 1 |

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ അഭാവത്തിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 27.03.2015 | 434/2009 |
| പത്തനംതിട്ട | 08.12.2014 | 434/2009 |
| ആലപ്പുഴ | 17.11.2014 | 434/2009 |
| കോട്ടയം | 29.12.2014 | 434/2009 |
| ഇടുക്കി | 13.01.2015 | 434/2009 |
| എറണാകുളം | 07.01.2015 | 434/2009 |
| മലപ്പുറം | 11.12.2014 | 434/2009 |

**5. നിയമന രീതി** : മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റി/പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരും നിർദ്ദിഷ്ട സംവരണ സമുദായങ്ങളിൽപ്പെട്ടവരുമായ ജീവനക്കാരിൽ നിന്ന് നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1966നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

**7. യോഗ്യതകൾ:** i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ലഭിച്ച ബിരുദവും ഹയർ ഡിപ്ലോമ ഇൻ കോഓപ്പറേഷനും [കേരള സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും ലഭിച്ച എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി ആന്റ് ബി.എം അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോഓപ്പറേഷനിൽ നിന്നും ലഭിച്ച എച്ച്.ഡി.സി.യും എച്ച്.ഡി.സി.എംഉം അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയ സബോർഡിനേറ്റ് (ജൂനിയർ) പെഴ്സണൽ കോഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ്, (ജൂനിയർ) ഡിപ്ലോമ ഇൻ കോഓപ്പറേഷൻ).

അല്ലെങ്കിൽ

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ലഭിച്ച കോഓപ്പറേഷൻ ആന്റ് ബാങ്കിംഗിൽ ലഭിച്ച ബി.എസ്.സി ബിരുദം.

ii) എം.ബി.എ/സി.എ/എം.കോം/കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കോഓപ്പറേഷൻ ആന്റ് ബാങ്കിംഗിലുള്ള എം.എസ്.സി എന്നിവയിൽ ഏതെങ്കിലും ഒരു യോഗ്യതയുള്ള

വർക്ക് മുൻഗണന നൽകുന്നതാണ് (Preferential qualification).

iii) ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റി/പ്രാഥമിക സഹകരണ സംഘത്തിൽ ഏതെങ്കിലും തസ്തികയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സർവ്വീസുള്ള (സർവ്വീസിൽ തുടരുന്നവരുമായ) സ്ഥിരം ജീവനക്കാരായിരിക്കണം. ജീവനക്കാരൻ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം.

**കുറിപ്പ്:** i) ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപന പ്രകാരമുള്ള തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/ അംഗസംഘത്തിന്റെ സേവനത്തിലായിരിക്കണമെന്ന നിബന്ധന അവർക്ക് ബാധകമാകുന്നതല്ല.

ii) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

**സർവ്വീസ് സർട്ടിഫിക്കറ്റ്**

1 ഉദ്യോഗാർത്ഥിയുടെ പേര് :

2 ഉദ്യോഗപ്പേര്, ശമ്പളനിരക്ക് (ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും, ശമ്പളവും ഓരോ തസ്തികയിലും സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും) :

3 ടിയാൻ ജോലി ചെയ്യുന്ന സഹകരണ സംഘത്തിന്റെ പേരും സഹകരണ സംഘം ........................ ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റു ചെയ്ത തീയതിയും :

4 ടി സംഘത്തിൽ സ്ഥിരസേവനം ആരഭിച്ച തീയതിയും തസ്തികയും :

മേൽപ്പറഞ്ഞ മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘത്തിലെ സ്ഥിരം ജീവനക്കാരനായ ശ്രീ/ശ്രീമതി .............. ......... യെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥിയുടെ സർവ്വീസ് സംബന്ധമായ വിവരങ്ങളുമായി ഒത്തുനോക്കിയതിൽ ആയവ സത്യമാണെന്ന് എനിക്ക് ബോദ്ധ്യമായിട്ടുള്ളതായി ഞാൻ സക്ഷ്യപ്പെടുത്തുന്നു.

ഒപ്പും പേരും
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സ്ഥലം : താലൂക്ക്, സഹകരണ വകുപ്പ്
തീയതി : (ആഫീസ് മുദ്ര)

**കുറിപ്പ്:** സർവ്വീസ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപത്തിന്റെ രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

മെമ്പർ സൊസൈറ്റികളിൽ/പ്രാഥമിക സഹകരണ സംഘങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ തങ്ങൾ ജോലി ചെയ്യുന്ന സംഘം അംഗമായിട്ടുള്ളതും അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിലേക്ക് അപേക്ഷിക്കുമ്പോൾ അപേക്ഷ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിക്കുന്നതിനുമുമ്പായി നിയമനാധികാരിയിൽ നിന്ന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു രസീതോ (സമ്മതപത്രം) രസീതിന്റെ അഭാവത്തിൽ ഒരു സർട്ടിഫിക്കറ്റോ വാങ്ങിയിരിക്കേണ്ടതും ആയവ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**നിയമനാധികാരിയിൽ നിന്നും വാങ്ങിയിരിക്കേണ്ട രസീതിന്റെ മാതൃക**

FORM OF RECEIPT

(To be obtained from the Head of Office)

Certified that a copy of application/print out page of the online application selection to the post of ........... on Rs .......... in the ........ (here enter the name of Department/Corporation/Company/Local Authortiy/Co-operative Institution) notified in the gazette dated ..... has been received in this office on.................... ie, on or before the last date fixed for the receipt of application for the post from Sri/ Smt...................(here enter the name and designation of the applicant) and that objections if any to the entertainment of the applications will be communicated to the Head Office/Regional Office/Ditsrict Office of the Kerala Public Service Commission within one month from the last date fixed for receipt of applications.

Signature
Place : Name & Designation of
Date : (Office Seal) the Head of Office

**CERTIFICATE**

(To be obtained from the Head of Office, in lieu of the Receipt)

Certified that a copy of request for receipt, in the form given in the General Conditions of the Gazette notification inviting application for the post, dated ..... has been received in this office on ............ie, on or before the last date fixed for receipt of application for the post, from Sri/Smt....... (here enter the name and designation of the applicant) applying for selection to the post of ........ on Rs ...... in the .................. Dept/Corporation/Company/Local Authortiy/Co-operative Institution notified in the gazette dated ............

Signature
Place : Name & Designation of
Date : (Office Seal) the Head of Office

11. പൊതുവ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 307/2016 – 309/2016
## സിവിൽ എക്സൈസ് ഓഫീസർ
### (സ്ത്രീകളും ഭിന്നശേഷിയുള്ളവരും ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.)
## എക്സൈസ്
### ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **വകുപ്പ്** : എക്സൈസ്
2. **ഉദ്യോഗപ്പേര്** : സിവിൽ എക്സൈസ് ഓഫീസർ

***(സ്ത്രീകളും ഭിന്നശേഷിയുള്ളവരും ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.)***

3. **ശമ്പളം** : ₹ 20,000 – 45,800/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 307/2017 | ഒ.ബി.സി. | പത്തനംതിട്ട | 1 (ഒന്ന്) |
| 308/2017 | ഒ.എക്സ് | കോഴിക്കോട് | 1 (ഒന്ന്) |
| 309/2017 | ഹിന്ദു നാടാർ | കോഴിക്കോട് | 1 (ഒന്ന്) |

**കുറിപ്പ്:** (i) മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ചറാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|---|
| പത്തനംതിട്ട | 341/15/DOH dated 03.08.2015 | 534/2013 |
| കോഴിക്കോട് | 349/15/DOD dated 03.08.2015 | 534/2013 |

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം.

(ഒ.ബി.സി., ഒ.എക്സ്, ഹിന്ദു നാടാർ എന്നീ സംവരണ സമുദായത്തിൽപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6. **പ്രായം** : 19 – 34; ഒ.ബി.സി., ഒ.എക്സ്, ഹിന്ദു നാടാർ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ)

19 – 36: പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1980–നും 01.01.1997–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)

III ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II–ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (2(i) ഒഴികെ) നോക്കുക.

7. **യോഗ്യതകൾ** :I പ്ലസ് ടു യോഗ്യതയോ തത്തുല്യപരീക്ഷയോ പാസ്സായിരിക്കണം

**കുറിപ്പ്:** ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10(a) ii ബാധകമാണ്.

II 165 സെ. മീറ്ററിൽ കുറയാതെ ഉയരവും കുറഞ്ഞത് 81 സെ. മീറ്റർ നെഞ്ചളവും. 5 സെ.മീറ്ററിൽ കുറയാതെ പൂർണ്ണവികാസവും ഉണ്ടായിരിക്കണം.

III ഔട്ട് ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും ശാരീരിക യോഗ്യതയും, കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**കുറിപ്പ്:** (i) മറ്റു വ്യവസ്ഥകൾക്കു വിധേയമായി വിമുക്തഭടന്മാർക്ക് മുൻഗണന നൽകുന്നതാണ്.

(ii) നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിലെ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും. അവർ ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തിദിനമെങ്കിലും) അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനകാലം പ്രൊബേഷനും വാർഷികവേതന വർദ്ധനവിനും പരിഗണിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതുമല്ല.

(iii) ട്രെയിനിംഗിന് അയയ്ക്കപ്പെടുന്നവർ ട്രെയിനിംഗ് പൂർത്തിയാക്കാമെന്നും ട്രെയിനിംഗിനുശേഷം എക്സൈസ് കമ്മീഷണർ നിർദ്ദേശിക്കുന്ന രീതിയിലുള്ള കുറഞ്ഞ കാലത്തേക്ക് ഗവൺമെന്റിനെ സേവിച്ചുകൊള്ളാമെന്നുള്ള ഒരു ബോണ്ട് ഹാജരാക്കേണ്ടതാണ്.അല്ലാത്തപക്ഷം ട്രെയിനിംഗിന് ചെലവായ തുകയും നഷ്ടപരിഹാരവും നൽകാൻ ബാദ്ധ്യസ്ഥരായിരിക്കും.

(iv) പൊതു വ്യവസ്ഥകൾ 2–ാം ഖണ്ഡികയിലെ ർണ്ടണ്ടകാംക ഉപഖണ്ഡികയും 5–ാം ഖണ്ഡികയും ഈ തസ്തികയ്ക്ക് ബാധകമല്ല.

(vi) എൻ.സി.സി. ‘എ’, ‘ബി’, ‘സി’ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

(vii) ഓരോ ഉദ്യോഗാർത്ഥിയും നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നം. | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| (i) | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| (ii) | ഹൈ ജംപ് | 132.20 സെ.മീ. |
| (iii) | ലോംഗ് ജംപ് | 457.20 സെ.മീ. |
| (iv) | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.6 സെ.മീ. |
| (v) | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീ. |
| (vi) | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ. |
| (vii) | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| (viii) | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

## കാറ്റഗറി നമ്പർ: 310/2016 – 314/2016
## വനിതാ സിവിൽ എക്സൈസ് ഓഫീസർ
## എക്സൈസ്
### ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **വകുപ്പ്** : എക്സൈസ്
2. **ഉദ്യോഗപ്പേര്** : വനിതാ സിവിൽ എക്സൈസ് ഓഫീസർ
3. **ശമ്പളം** : ₹ 20,000 – 45,800/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാ അടിസ്ഥാനത്തിൽ

***കുറിപ്പ്:– ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും പുരുഷ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.***

| കാറ്റഗറി നം. | സമുദായം | ജില്ലയുടെ പേര് | ഒഴിവുകൾ |
|---|---|---|---|
| 310/2016 | മുസ്ലീം | കൊല്ലം – | 3 (മൂന്ന്) |
| | | കോട്ടയം – | 1 (ഒന്ന്) |
| | | തൃശൂർ – | 2 (രണ്ട്) |
| | | കണ്ണൂർ – | 1 (ഒന്ന്) |
| 311/2016 | പട്ടികജാതി | ആലപ്പുഴ – | 1 (ഒന്ന്) |
| 312/2016 | വിശ്വകർമ്മ | മലപ്പുറം – | 1 (ഒന്ന്) |
| 313/2016 | എസ്.ഐ.യു.സി. | കണ്ണൂർ – | 1 (ഒന്ന്) |
| | നാടാർ | എറണാകുളം – | 1 (ഒന്ന്) |
| 314/2016 | ധീവര | എറണാകുളം – | 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം NCA ഒഴിവുകൾ

നിലവിലുള്ള ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്.ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയും നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 149/2015/DOA 04/05/2015 | 261/2014 |
| കൊല്ലം | 148/2015/DOQ 04/05/2015 | |
| കോട്ടയം | 152/2015DOK 04.05.2015 | |
| എറണാകുളം | 153/15/DOE 04.05.2015 | |
| തൃശൂർ | 154/2015/DOR 04.05.2015 | |
| മലപ്പുറം | 155/15/DOM 04.05.2015 | |
| കണ്ണൂർ | 158/15/DOC 04.05.2015 | |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

(മേൽ സൂചിപ്പിച്ച സംവരണ വിഭാഗങ്ങളിൽ നിന്നുള്ള വനിതകൾക്കുമാത്രം) (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കുന്നതാണ്.)

**6. പ്രായം** : മുസ്ലീം, വിശ്വകർമ്മ, എസ്.ഐ.യു.സി. നാടാർ, ധീവര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 19–34 അവർ 02.01.1982 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്: 19–36. അവർ 02.01.1980 നും 01.01.1997നും ഇടയിൽജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ)

വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക (2) നോക്കുക

**7. യോഗ്യതകൾ** :

(1). പ്ലസ് 2 പരീക്ഷയോ തത്തുല്യ പരിക്ഷയോ പാസ്സായിരിക്കണം.

**കുറിപ്പ്–** KS&SSR Part II Rule 10 (a) (ii) ബാധകമാണ്

(2)കുറഞ്ഞത് 152 സെ.മീ ഉയരം ഉണ്ടായിരിക്കണം. പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീ. ഉയരം ഉണ്ടായിരിക്കണം.

(3) കാഴ്ച ശക്തി

താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| (എ)ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നെസ്സ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ സമയത്ത് ഗസറ്റ് വിജ്ഞാപനത്തിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് പ്രൊഫൈലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്. മാതൃക ഇതോടൊപ്പം ചേർക്കുന്നു.

**FORM OF MEDICAL CERTIFICATE**

I have this day medically examined Smt....................................... ................ (address) and found that she has no disease or infirmtiy, which would render her unsuitable for Government Service. Her age according to her own statement is .................................. and by appearance is ............................ and her standards of vision is as follows.

Standards of Vision (without glasses)

| | Right Eye | Left Eye |
|---|---|---|
| Distant Vision | …..........Snellen | ........... Snellen |
| Near Vision | …..........Snellen | ........... Snellen |
| Field of Vision | .................... | |

(Specify whether field of vision is full or not. Etnries such as Normal, Good etc are inappropriate here)

Colour Blindness ...............................

Squint ...............................

Any morbid condition of the eyes or lids of either eye

…………..........

She is Physically fit for the post of Women Civil Excise Officer in the Excise Department.

Place: Signature

Date : Name and Designation of the Medical Officer

(Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുളള വിധത്തിലല്ലെങ്കിലും കണ്ണിന് നല്ല കാഴ്ചശക്തിയുടെയോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(4). മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള പ്രത്യേകമായ ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതായിരിക്കും.

(5) ഉദ്യോഗാർത്ഥികൾ എഴുത്തുപരീക്ഷയും കായികക്ഷമതാ പരീക്ഷയും പാസ്സായിരിക്കണം. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ 'വൺ സ്റ്റാർ" നിലവാരത്തിലുള്ള താഴെപ്പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) ഇനങ്ങളിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നം. | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2. | ഹൈ ജമ്പ് | 1.06 മീറ്റർ |
| 3. | ലോംഗ് ജമ്പ് | 3.05 മീറ്റർ |
| 4. | പുട്ടിംഗ് ദ ഷോട്ട് (4കി.ഗ്രാം) | 4.88 മീറ്റർ |
| 5. | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദി ത്രോ ബോൾ | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (4റ25 മീറ്റർ) | 26 സെക്കന്റ് |
| 8. | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 പ്രാവശ്യം |

ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് തുടർന്ന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**കുറിപ്പ്:** 'എ', 'ബി', 'സി' സർട്ടിഫിക്കറ്റുകദ നേടിയിട്ടുള്ള എൻ.സി.സി കേഡറ്റുമാർക്ക് യഥാക്രമം 2%,3%,5% അധികമാർക്ക് നൽകുന്നതാണ്. (21.08.2007 ലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.എഡ്യൂ. അനുസരിച്ച്).

## കാറ്റഗറി നമ്പർ: 315/2016 – 321/2016
## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദം) ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്/ ആയൂർവേദ കോളേജുകൾ

### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്/ ആയൂർവേദ കോളേജുകൾ

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദം)

**3. ശമ്പളം** : ₹ 20,000 – 45800/–

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 315/2016 | എസ്.റ്റി | കോട്ടയം 1 (ഒന്ന്)<br>പാലക്കാട് 1 (ഒന്ന്) |
| 316/2016 | മുസ്ലീം | പത്തനംതിട്ട 1 (ഒന്ന്)<br>കോട്ടയം 2 (രണ്ട്)<br>ഇടുക്കി 2 (രണ്ട്)<br>എറണാകുളം 1 (ഒന്ന്)<br>പാലക്കാട് 1 (ഒന്ന്)<br>വയനാട് 1 (ഒന്ന്) |
| 317/2016 | എൽ.സി/എ.ഐ | ഇടുക്കി 1 (ഒന്ന്)<br>മലപ്പുറം 1 (ഒന്ന്) |
| 318/2016 | എസ്.ഐ.യു.സി നാടാർ | കോട്ടയം 1 (ഒന്ന്)<br>ഇടുക്കി 1 (ഒന്ന്) |
| 319/2016 | ഒ. എക്സ് | പത്തനംതിട്ട 1 (ഒന്ന്) |
| 320/2016 | ധീവര | പത്തനംതിട്ട 1 (ഒന്ന്) |
| 321/2016 | ഹിന്ദു നാടാർ | എറണാകുളം 1 (ഒന്ന്) |

**കുറിപ്പ്:** i) ഈ വിജ്ഞാപനപ്രകാരം മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരംതയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പത്തനംതിട്ട | 23.07.2015 | 336/2013 |
| കോട്ടയം | 23.07.2015 | 336/2013 |
| ഇടുക്കി | 19.08.2015 | 336/2013 |
| എറണാകുളം | 30.06.2015 | 336/2013 |
| പാലക്കാട് | 03.08.2015 | 336/2013 |
| മലപ്പുറം | 20.07.2015 | 336/2013 |
| വയനാട് | 13.07.2015 | 336/2013 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗം, മുസ്ലീം, എൽ.സി/എ.ഐ, എസ്.ഐ.യു.സി നാടാർ, ഒ.എക്സ്, ധീവര, ഹിന്ദു നാടാർ എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം**

**1 ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്**

**i) പട്ടികവർഗ്ഗം:** 18–41. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**ii) മുസ്ലീം, എൽ.സി/എ.ഐ, എസ്.ഐ.യു.സി നാടാർ, ധീവര, ഹിന്ദു നാടാർ :** 18–39 ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**iii) ഒ.എക്സ് :** 18–41. പ്രായപൂർത്തി ആയതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**2 ആയുർവേദ കോളേജുകൾ**

**i) പട്ടികവർഗ്ഗം:** 19–41. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (1) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**ii) മുസ്ലീം, എൽ.സി/എ.ഐ, എസ്.ഐ.യു.സി നാടാർ, ധീവര, ഹിന്ദു നാടാർ :** 19–39. ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (1) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**iii) ഒ.എക്സ് :** 19–41. പ്രായപൂർത്തി ആയതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (1) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ആയുർവേദ കോളേജുകൾ

(i) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

(ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവേദ ഫാർമസിസ്റ്റ്

കോഴ്സ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ.
2. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഗവൺമെന്റ് അംഗീകൃത ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

**കുറിപ്പ്:** ഈ തസ്തികയ്ക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 322/2016
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 322/2016 | പട്ടികജാതി | പത്തനംതിട്ട 1 (ഒന്ന്) |
| | പട്ടികജാതി | മലപ്പുറം 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം പത്തനംതിട്ട, മലപ്പുറം ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പത്തനംതിട്ട | 19.03.2011 | 18/2009 |
| മലപ്പുറം | 25.09.2009 | 337/2008 |

(II) കാറ്റഗറി നമ്പർ 196/13, 202/13 എന്നിവ പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷം പട്ടിക ജാതി സമുദായത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)പ്രകാരമുള്ള ഇളവ് ഉൾപ്പെടെ.]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** : (i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
(ii) കേരള ഗവൺമെന്റ് നടത്തുന്ന നേഴ്സ് കം‌ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ: 323/2016 – 328/2016
## പാർട്ട് ടൈം ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
## വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
**3. ശമ്പളം** : ₹ 9,940 –16,580/ (PR)
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 323/2016 | ഈഴവ/ബില്ലവ/തിയ്യ | കൊല്ലം 1 (ഒന്ന്) |
| | ഈഴവ/ബില്ലവ/തിയ്യ | വയനാട് 1 (ഒന്ന്) |
| | ഈഴവ/ബില്ലവ/തിയ്യ | കണ്ണൂർ 2 (രണ്ട്) |
| | ഈഴവ/ബില്ലവ/തിയ്യ | എറണാകുളം 1 (ഒന്ന്) |
| 324/2016 | എൽ.സി/എ.ഐ | കൊല്ലം 1 (ഒന്ന്) |
| 325/2016 | ഒ.ബി.സി | കൊല്ലം 1 (ഒന്ന്) |
| | ഒ.ബി.സി | കണ്ണൂർ 1 (ഒന്ന്) |
| 326/2016 | പട്ടികജാതി | കണ്ണൂർ 2 (രണ്ട്) |
| 327/2016 | മറ്റ് ക്രിസ്ത്യാനികൾ | കണ്ണൂർ 1 (ഒന്ന്) |
| 328/2016 | ധീവര | കണ്ണൂർ 1 (ഒന്ന്) |

**കുറിപ്പ് :** 26.11.2015 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 466/2015 മുതൽ 471/2015 വരെ വിജ്ഞാപനം ചെയ്ത തസ്തികയുടെ പുന: വിജ്ഞാപനം.
(iii) ഈ വിജ്ഞാപനപ്രകാരം കൊല്ലം, വയനാട്, കണ്ണൂർ, എറണാകുളം ജില്ലകളിലേക്ക് ഓരോ വിഭാഗത്തിനും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 27.9.2013 | 340/09 |
| വയനാട് | 27.1.2014 | 340/09 |
| കണ്ണൂർ | 27.9.2013 | 340/09 |
| കണ്ണൂർ | 31.08.2005 ( ഒ.ബി.സി) | 46/03 |
| എറണാകുളം | 12.02.2014 | 340/09 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ/ബില്ലവ/തിയ്യ,ഒ.ബി.സി, പട്ടികജാതി, മറ്റ് ക്രിസ്ത്യാനികൾ, എൽ.സി/എ.ഐ, ധീവര സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായം** 1. 18 – 43. ഈഴവ/ബില്ലവ/തിയ്യ, ഒ.ബി.സി, എൽ.സി/എ.ഐ, ഒ.എക്സ്, ധീവര ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.
2. 18–45. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പ്രായപൂർത്തിയായതിനുശേഷം പട്ടിക ജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക്, പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഒരത വിഭാഗക്കാരായ ഉദ്യോഗാർത്ഥികളും 02.01.1971നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**നോട്ട്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ** : (i) അറബിഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛികവിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/ എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
(ii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.
NB: ഈ തസ്തികയിലേയുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) ii ബാധകമാണ്.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**
(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യു. തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യു. തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യു. തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
(ii) ഫസ്റ്റ് ക്ളാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/എഡ്യു. തീയതി 27/05/1975] ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.
(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യു തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞതോ താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്.

## കാറ്റഗറി നമ്പർ: 329/2016
## പ്രോസസ് സർവർ
## ജുഡീഷ്യൽ
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : ജുഡീഷ്യൽ
**2 ഉദ്യോഗപ്പേര്** : പ്രോസസ് സർവർ
**3 ശമ്പളം** : ₹ 17,500–39,500/ –
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 329/2016 | എൽ.സി | ഇടുക്കി 01 (ഒന്ന്) |

**കുറിപ്പ്** : (i) ഈ വിജ്ഞാപന പ്രകാരം ഇടുക്കി ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ വിഭാഗത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 23.07.2003 | 171/98 |

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (എൽ.സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(1) ഉൾപ്പെടെ.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കക ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (1) ഒഴികെ).

**7. യോഗ്യതകൾ** : 1. പത്താം സ്റ്റാൻഡേർഡ് വരെ പഠിച്ചിരിക്കണം.
2. ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന പുരുഷന്മാർ സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് ബാധകമാണ്.

## കേരള ചരിത്രവും വർഷങ്ങളും–13

# മുല്ലപ്പെരിയാറിൽ അണക്കെട്ട്; അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ



**തിരുവിതാംകൂറിൽ മരച്ചീനി കൃഷി**

1880 – തിരുവിതാംകൂറിൽ വിശാഖം തിരുനാൾ രാജാവായി. രാജ്യത്ത് മരച്ചീനി കൃഷി പ്രോൽസാഹിപ്പിച്ചു.

- ഹോളി ഏഞ്ചൽസ് കോൺവെൻറ് തിരുവനന്തപുരത്ത് ഒരു ഇംഗ്ളീഷ് ഗേൾസ് ഹൈസ്കൂൾ ആരംഭിച്ചു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇംഗ്ലീഷ് ഗേൾസ് ഹൈസ്കൂൾ.

**വിദ്യാവിനോദിനി**

1881 – സാഹിത്യ മാസികയായ 'വിദ്യാവിനോദിനി' 1881ൽ തിരുവനന്തപുരം കേരളോദയം പ്രസിൽ അച്ചടിച്ചു പ്രസിദ്ധീകരണമാരംഭിച്ചു. വിദ്യാവിനോദിനി എന്ന പേരിൽ കൊല്ലത്തുനിന്ന് 1897–ൽ വിളയത്തു കൃഷ്ണനാശാന്റെ പത്രാധിപത്യത്തിലും 1902–ൽ കരുവാ കൃഷ്ണനാശാന്റെ ഉടമസ്ഥതയിലും പ്രസിദ്ധീകരണങ്ങൾ തുടങ്ങിയിരുന്നു.

- കേരളത്തിലെ ആദ്യത്തെ വൃത്താന്തപത്രമായി കണക്കാക്കപ്പെടുന്ന 'കേരളമിത്രം' കൊച്ചിയിൽനിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു. വാരികപത്രമായിരുന്ന ഇത് ആരംഭിച്ചത് ഗുജറാത്തുകാരനായ ദേവ്ജി ഭീംജിയാണ്. ആദ്യത്തെ പത്രാധിപർ കണ്ടത്തിൽ വറുഗീസ് മാപ്പിളയായിരുന്നു.
- മലബാറിലെ മാപ്പിള ലഹളയെക്കുറിച്ച് അന്വേഷിക്കാൻ വില്യം ലോഗൻ നിയമിതനായി.
- കേരളത്തിലെ ആദ്യത്തെ തുണി മിൽ കൊല്ലത്ത് ആരംഭിച്ചു.
- മലയാളത്തിലെ ആദ്യത്തെ സാഹിത്യ ചരിത്രമായ 'മലയാള ഭാഷാ ചരിത്രം' പി.ഗോവിന്ദപ്പിള്ള (തിരുവിതാംകൂർ സർവാധികാര്യക്കാർ) രചിച്ചു.

**കൊച്ചിയിൽ സുപ്രീം കോടതി**

1882 – കൊച്ചിയിൽ രാജാവിന്റെ കോടതി എന്ന പേരിൽ സുപ്രീം കോടതി സ്ഥാപിക്കപ്പെട്ടു. ഗോവിന്ദമേനോനായിരുന്നു ദിവാൻ. 1884–ലെ ഒന്നും രണ്ടും റെഗുലേഷനുകൾ പ്രകാരം ബ്രിട്ടീഷ് ഇന്ത്യയിലേതിനു തുല്യമായ ഒരു പീനൽക്കോഡും ക്രിമിനൽ പ്രൊസീജിയർ കോഡും ഇവിടെ നടപ്പായി.

- തിരുവിതാംകൂറിൽ അഞ്ചൽ പ്രത്യേക വകുപ്പാക്കി.

1883 – തിരുവിതാംകൂറിൽ ഭൂ സർവേ വിളംബരം

1884 – മലയാളത്തിലെ ആദ്യത്തെ പ്രഹസനമായ 'ചന്ദ്രമുഖീവിലാസം' സി വി രാമൻപിള്ള എഴുതി. (ഇത് അച്ചടിച്ചില്ല).

- ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ 'കേരളപത്രിക' സ്ഥാപിച്ചു.
- 1884–ലെ മദ്രാസ് ലോക്കൽ ബോഡീസ് ആക്ടനുസരിച്ച് ഡിസ്ട്രിക്ട് ബോർഡുകളും താലൂക്ക് ബോർഡുകളും നിലവിൽവന്നു. മലബാർ പ്രദേശം മുഴുവൻ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെയും കാസർകോട് താലൂക്കിലുള്ളവ തെക്കൻ കാനറ ഡിസ്ട്രിക്ട് ബോർഡിന്റെയും കീഴിലായിരുന്നു. 1930–ൽ എല്ലാ ഗ്രാമസംവിധാനങ്ങളും മദ്രാസ് ലോക്കൽ ബോഡീസ് ആക്ടിന്റെ പരിധിയിലാക്കി. ഈ ബോർഡിന്റെ അധികാരപരിധിയിൽപ്പെടാത്ത പ്രദേശങ്ങളിൽ 1951–ലെ മദിരാശി ഗ്രാമപഞ്ചായത്ത് നിയമപ്രകാരം പഞ്ചായത്തുകൾ രൂപവത്കരിച്ചു.

**ശ്രീ മൂലം തിരുനാൾ തിരുവിതാംകൂറിൽ രാജാവ്**

1885 – ശ്രീ മൂലം തിരുനാൾ തിരുവിതാംകൂറിൽ രാജാവായി. ധർമരാജാവ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാലം തിരുവിതാംകൂർ ഭരിച്ചത് ഇദ്ദേഹമാണ്. (1885–1924).

**തിരുവിതാംകൂറിൽ ശ്രീമൂലം തിരുനാൾ രാജാവായി. ദീപികയുടെയും മനോരമയുടെയും പ്രസിദ്ധീകരണം ആരംഭിച്ചു. തിരുവിതാംകൂറിൽ ലെജിസ്‌ലേറ്റീവ് കൗൺസിൽ സ്ഥാപിതമായി. കേരള നവോത്ഥാനചരിത്രത്തിൽ വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് നാരായണഗുരു അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തി. കേരളചരിത്രത്തിൽ പുരോഗമനാത്മകമായ രാഷ്ട്രീയ–സാമൂഹിക പരിഷ്കരണങ്ങളുടെ തുടക്കം കുറിച്ച പുതുയുഗത്തിലൂടെ......**

**ആദ്യ യാത്രാവിവരണം**

- മലയാളത്തിൽ ആദ്യമായി ഒരു യാത്രാവിവരണം അച്ചടിക്കപ്പെട്ടു –പരുമലത്തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണം. 18–ാം നൂറ്റാണ്ടിൽ പാറേമ്മാക്കൽ തോമാക്കത്തനാർ 'വർത്തമാനപുസ്തകം' അഥവാ 'റോമായാത്ര' എന്നൊരു യാത്രാവിവരണം രചിച്ചെങ്കിലും അത് അച്ചടിച്ചത് 1936ലാണ്. കേരളത്തിലെ ക്രൈസ്തവസഭയുടെ ആവശ്യങ്ങൾ റോമിലെ മാർപ്പാപ്പയെ അറിയിക്കാനാണ് തോമാക്കത്തനാരും കരിയാറ്റിൽ ഔസേപ്പ് മല്പാനും കൂടി യൂറോപ്പ് സന്ദർശിച്ചത്.
- ആത്മവിദ്യാസംഘത്തിൻെറ സ്ഥാപകനായ (1917) വാഗ്ഭടാനന്ദൻ (പൂർവാശ്രമത്തിൽ കുഞ്ഞിക്കണ്ണൻ, കുറെക്കാലം വി. കെ. ഗുരുക്കൾ എന്ന പേരിലറിയപ്പെട്ടു) മലബാറിലെ പാട്യം ഗ്രാമത്തിൽ ജനിച്ചു. ആലത്തൂർ ശിവാനന്ദയോഗിയുടെ ശിഷ്യനായിരുന്നു അദ്ദേഹം.

**മുല്ലപ്പെരിയാർ പാട്ടക്കരാർ**

- മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച പാട്ടക്കരാർ നിലവിൽവന്നു. 999 വർഷത്തെ കാലാവധി നിശ്ചയിച്ച് തിരുവിതാംകൂർ മഹാരാജാവും ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റേറ്റ് സെക്രട്ടറിയും തമ്മിൽ ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു ഡാം നിർമാണം. 1895–ലാണ് അണക്കെട്ട് കമ്മീഷൻ ചെയ്തത്.



**കേരള സുഗുണബോധിനി**

1886 – കേരളത്തിലെ ആദ്യത്തെ വനിതാമാസികയായ കേരള സുഗുണബോധിനി തിരുവനന്തപുരത്ത്നിന്ന് പ്രസിദ്ധീകരണമാരംഭിച്ചു.

- മലയാളത്തിലെ ആദ്യത്തെ പ്രമുഖ പ്രസിദ്ധീകരണശാലയായ 'വിദ്യാഭിവർധിനി' എസ്.ടി.റെഡ്ഡ്യാർ സ്ഥാപിച്ചു.
- ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഗേൾസ് ഹൈസ്കൂൾ ആയ ഹോളി ഏഞ്ചൽസ് ഗേൾസ് ഹൈസ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചു.
- തിരുവനന്തപുരത്ത് മലയാളി സഭ എന്ന സംഘടന സ്ഥാപിക്കപ്പെട്ടു. സി.കൃഷ്ണപിള്ള മലയാളി സഭയുടെ മുഖപത്രമായി 'മലയാളി' എന്ന പത്രം ആരംഭിച്ചു. തുടക്കത്തിൽ പേട്ടയിൽ രാമൻപിള്ള ആശാനായിരുന്നു പത്രാധിപർ.

**മലബാർ മാന്വൽ**

1887 – കേരളചരിത്ര രചനയിൽ ഏറെ സ്വാധീനം ചെലുത്തിയ വില്യം ലോഗന്റെ 'മലബാർ മാന്വൽ' പ്രസിദ്ധീകരിച്ചു.

**ദീപികയുടെ പ്രസിദ്ധീകരണം**

- കോട്ടയത്തിനടുത്ത് മാന്നാനത്തുനിന്ന് 'ദീപിക' വാരികയായി പ്രസിദ്ധീകരണമാരംഭിച്ചു (ഏപ്രിൽ 15). 'നസ്രാണി സാഹിത്യപ്രകാശിക'എന്ന പേരിൽ തുടങ്ങാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. ഫാദർ ജെരാർദായിരുന്നു പ്രസാധകൻ. ആദ്യത്തെ പത്രാധിപർ പുളിക്കമ്പറമ്പിൽ കുര്യൻ മാസ്റ്റർ ആയിരുന്നു. ഇന്ന്, മലയാളത്തിലെ ഏറ്റവും പഴക്കമുള്ള ദിനപത്രമാണിത്. 1927–ൽ ദിനപ്പത്രമായെങ്കിലും മൂന്നു വർഷങ്ങൾക്കുശേഷം വീണ്ടും വാരികയായി നടത്തിപ്പോന്നു. 1938–ൽ പ്രസിദ്ധീകരണം കോട്ടയത്തേക്കുമാറ്റിയതോടെ നസ്രാണിദീപികയെന്നത് 'ദീപിക'യാക്കുകയും വാരികയെന്നത് ദിനപ്പത്രമായി ഉയർത്തുകയും ചെയ്തു.
- അപ്പുനെടുങ്ങാടിയുടെ നോവൽ 'കുന്ദലത' ഒക്ടോബറിൽ പ്രസിദ്ധീകരിച്ചു.
- പൂവാടൻ രാമൻ വക്കീൽ 'കേരള സഞ്ചാരി' എന്ന വാരിക ആരംഭിച്ചു. കോഴിക്കോട് സ്പെക്ടേറ്റർ പ്രസിൽനിന്ന് അച്ചടിച്ചിറക്കിയ ഇതിന്റെ പ്രഥമ പത്രാധിപർ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ആയിരുന്നു.
- ട്രാവൻകൂർ ഫോറസ്റ്റ് ആക്ട് നിലവിൽ വന്നു.

**മലയാള മനോരമ**

1888 – മലയാള മനോരമ കമ്പനി സ്ഥാപിതമായി.

**തിരുവിതാംകൂറിൽ ലജിസ്ലേറ്റീവ് കൗൺസിൽ**

- തിരുവിതാംകൂറിൽ ലജിസ്ലേറ്റീവ് കൗൺസിൽ നിലവിൽവന്നു . ദിവാന്റെ ഓഫീസിൽ ആഗസ്ത് 23–ന് ചേർന്ന കൗൺസിലിൻെറ ആദ്യയോഗത്തിൽ ദിവാൻ രാമറാവു അധ്യക്ഷത വഹിച്ചു. തുടക്കത്തിൽ മൂന്ന് അനൗദ്യോഗികാംഗങ്ങൾ ഉൾപ്പെടെ എട്ട് അംഗങ്ങളാണുണ്ടായിരുന്നത്. 1898ൽ അംഗസംഖ്യ 15 ആക്കി ഉയർത്തി.
- ശ്രീനാരായണഗുരു അരുവിപ്പുറത്ത് നെയ്യാറിൻെറ തീരത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തി. ബ്രാഹ്മണർ ചെയ്തിരുന്ന പ്രതിഷ്ഠാകർമം ഒരു ഈഴവസമുദായാംഗം ചെയ്തതിനെ യാഥാസ്ഥിതികർ ചോദ്യം ചെയ്തു. 'നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാണ്' എന്നായിരുന്നു നാരായണഗുരുവിൻെറ മറുപടി. 'അരുവിപ്പുറം വിപ്ലവ'മെന്നും ഈ സംഭവം വിശേഷിപ്പിക്കപ്പെട്ടു.
- തിരുവിതാംകൂറിലെ ആദ്യത്തെ റിസർവ് വനമായി കോന്നി പ്രഖ്യാപിക്കപ്പെട്ടു (ഒക്ടോബർ 9).




# ഭാരതരത്നവും പദ്മപുരസ്കാരങ്ങളും

**വീടും നാടും ദേശവും കഴിഞ്ഞ് രാഷ്ട്രമൊട്ടാകെ ഉറ്റുനോക്കുന്ന തരത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ ഒരു പൗരൻ വളർന്നു പന്തലിക്കുമ്പോൾ ആ സാർഥകജന്മത്തിന് അംഗീകാരമെന്ന നിലയിൽ പരമോന്നത ആദരമുദ്ര ചാർത്താൻ ഭരണകൂടം ബാധ്യസ്ഥമായി ത്തീരുന്നു-അത്തരത്തിലൊന്നാണ് ഭാരതരത്നം. ആ നിയോഗത്തിന് അർഹരാകുന്നവരുടെ എണ്ണം വളരെ പരിമിതമാണ് എന്നതുതന്നെ ആ ബഹുമതിയുടെ ഔന്നത്യം വിളിച്ചോതുന്നു. ഭാരത രത്നം സംബന്ധമായ ചില പ്രധാന വിവരങ്ങൾ ഇവിടെ പരിചയപ്പെടാം.**

**ആർ.സി.സുരേഷ്കുമാർ** rcsk1234@gmail.com

* ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയാണ് ഭാരതരത്നം. രാഷ്ട്രത്തിനുവേണ്ടി സമർപ്പിച്ച അതിവിശിഷ്ട സേവനത്തെ ആദരിക്കാൻ 1954-ൽ ആണ് പുരസ്കാരം ഏർപ്പെടുത്തിയത്.
* ഭാരതരത്ന ജേതാക്കൾക്ക് പ്രത്യേക 'ടൈറ്റിൽ' ഉപയോഗിക്കാൻ വ്യവസ്ഥയില്ലെങ്കിലും ഇന്ത്യയിലെ ടേബിൾ ഓഫ് പ്രിസീഡൻസിൽ (ഔദ്യോഗിക പദവികളുടെ മുൻഗണനാക്രമം) അവർക്ക് സ്ഥാനം നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം 7എ ആണ് ഭാരതരത്ന ജേതാവിന്റെ ക്രമനമ്പർ.
* പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നിവയ്ക്കൊപ്പം 1954 ജനുവരി രണ്ടിനു നിലവിൽ വന്ന ഭാരതരത്ന ആദ്യമായി നൽകിയത് അതേവർഷം സ്വാതന്ത്ര്യദിനത്തിലാണ്. 1977 ജൂലൈ 13 മുതൽ 1980 ജനുവരി 26 വരെ ഭാരതരത്നം സസ്പെൻഡ് ചെയ്തിരുന്നു.
* ആലിലയുടെ ആകൃതിയിലുള്ള സ്വർണമെഡലിൽ സൂര്യന്റെ ചിത്രവും അതിനുതാഴെ ഹിന്ദിയിൽ ദേവനാഗരി ലിപിയിൽ 'ഭാരതരത്ന' എന്ന ആലേഖനവും അടങ്ങുന്നതാണ് പുരസ്കാരം. മറുവശത്ത് ദേശീയചിഹ്നവും 'സത്യമേവജയതേ' എന്ന ആപ്തവാക്യവുമുണ്ട്.

## ജേതാക്കൾ: ഒരു അവലോകനം

* കല, ശാസ്ത്രം, സാഹിത്യം, പൊതുസേവനം എന്നീ രംഗങ്ങളിൽ മഹത്തായ സംഭാവനനൽകിയ അതിപ്രഗല്ഭരെ ആദരിക്കുകയാണ് പുരസ്കാരത്തിന്റെ ലക്ഷ്യമെങ്കിലും രാഷ്ട്രീയ പരിഗണനകൾക്കതീതമല്ല പലപ്പോഴും പുരസ്കാരനിർണയം എന്നാണ് അതിന്റെ ചരിത്രം പരിശോധിക്കുമ്പോൾ കാണുന്നത്.
* ജേതാക്കളിൽ മുൻതൂക്കം രാഷ്ട്രീയരംഗത്തുനിന്നുള്ളവർക്കാണ്. ബി.ആർ അംബേദ്കർ, സർദാർപട്ടേൽ, മൗലാനാ ആസാദ്, ജയപ്രകാശ് നാരായൺ, മദൻ മോഹൻ മാളവ്യ തുടങ്ങിയ നേതാക്കൾക്ക് വൈകിയവേളയിൽ മരണാനന്തര ബഹുമതിയായി പുരസ്കാരം പ്രഖ്യാപിച്ചത് പുരസ്കാരത്തിന്റെ ചരിത്രത്തിലെ വൈരുധ്യമാണ്. 1992-ൽ നേതാജി സുഭാഷ് ചന്ദ്രബോസിന് മരണാനന്തര ബഹുമതിയായി പുരസ്കാരം പ്രഖ്യാപിച്ചപ്പോൾ, അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിക്കുന്ന ആരാധകർ പ്രകോപിതരായി രംഗത്തെത്തിയതോടെ ഗവൺമെന്റ് പുരസ്കാരം പിൻവലിച്ച് മുഖം രക്ഷിച്ചു.
* 1991-ൽ പുരസ്കാരം ലഭിച്ച മൊറാർജി ദേശായി അനാരോഗ്യംമൂലം അത് നേരിട്ടു സ്വീകരിക്കാത്തതിനാൽ ആഭ്യന്തരവകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റെ കൈവശം മുംബൈയിലേക്ക് സർട്ടിഫിക്കറ്റ് കൊടുത്തയച്ച നടപടി കോലാഹലം സൃഷ്ടിച്ചതിനെതുടർന്ന് പ്രധാനമന്ത്രി നരസിംഹറാവു ദേശായിയുടെ വീട്ടിലെത്തി പ്രശ്നം ലഘൂകരിച്ചു.
* അതിപ്രഗല്ഭരായ പലർക്കും ഈ പുരസ്കാരം നൽകേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞുവെന്ന അഭിപ്രായം വിവിധ കോണുകളിൽനിന്ന് ഉയർന്നിട്ടുണ്ട്. വിക്രംസാരാഭായ്, അമിതാഭ്ബച്ചൻ, ദലൈലാമ, എം.എഫ്.ഹുസൈൻ, ബാബാ ആംതെ അങ്ങനെ പാകുന്നു ആ പട്ടിക. ഇന്ത്യയുടെ അഭിമാനമായിരുന്ന മേജർ ധ്യാൻചന്ദിനെപ്പോലെയുള്ള അതിപ്രഗല്ഭകായികതാരങ്ങൾക്കുപോലും ഈ ബഹുമതി അപ്രാപ്യമായിപ്പോയി എന്നത് സ്പോർട്സ്ലോകത്തുള്ളവരെ നിരാശരാക്കുന്നു. 2011-ൽ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയതിനാൽ ഈ ബഹുമതി സ്പോർട്സ് താരങ്ങൾക്കും ലഭിക്കാൻ അവസരമുണ്ട്. സച്ചിൻ ടെൻഡുൽക്കറാണ് ഭാരതരത്നം നേടിയ ആദ്യ സ്പോർട്സ് താരം. ജേതാക്കളിൽ ഏറ്റവും പ്രായം കുറഞ്ഞയാളും സച്ചിനാണ്. മരണാനന്തര ബഹുമതിയായി ഭാരതരത്നം പ്രഖ്യാപിക്കപ്പെട്ടവരിൽ ഏറ്റവും കുറച്ചുകാലം ജീവിച്ചിരുന്നത് രാജീവ് ഗാന്ധിയാണ്. വനിതാ ജേതാക്കളിൽ ഏറ്റവും കുറഞ്ഞപ്രായത്തിൽ ബഹുമതി നേടിയത് ഇന്ദിരാഗാന്ധിയാണ്. ജീവിച്ചിരിക്കെ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഭാരത രത്ന നേടിയ രാഷ്ട്രീയ നേതാവ്, ഭരണകർത്താവ് എന്നീ വിശേഷണങ്ങളും അവർക്ക് സ്വന്തമാണ്.



* കേരളത്തിൽനിന്ന് ആരും ഇതുവരെ ഭാരതരത്നം നേടിയിട്ടില്ല. കേരള ഗവർണറായിരുന്ന മുൻ രാഷ്ട്രപതി വി.വി. ഗിരി മാത്രമാണ് കേരളവുമായി ഔദ്യോഗിക ബന്ധമുള്ള ഏക ഭാരതരത്ന ജേതാവ്.
* ഇതുവരെയുള്ള ജേതാക്കളിൽ രണ്ടുപേർ അഭാരതീയരും (ഖാൻ അബ്ദുൾ ഗാഫർ ഖാൻ, നെൽസൺ മണ്ടേല) ഒരാൾ ആർജിത ഇന്ത്യൻ പൗരത്വമുള്ള (മദർതെരേസ) വ്യക്തിയുമാണ്. ദക്ഷിണാഫ്രിക്കക്കാരനായ മണ്ടേലയ്ക്ക് ഇന്ത്യൻ ഉപഭൂഖണ്ഡത്തിനുവെളിയിൽ പൗരത്വമുള്ള ഏക ഭാരതരത്ന ജേതാവ് എന്ന ബഹുമതിയും സ്വന്തമാണ്.
* ഇന്ത്യൻ പൗരത്വമുണ്ടെങ്കിലും ജനനസ്ഥലം ഇന്ത്യക്ക് വെളിയിലാണെന്ന് പറയാവുന്ന ഭാരതരത്ന ജേതാക്കളാണ് എം.ജി. രാമചന്ദ്രൻ (ശ്രീലങ്കയിലെ കാൻഡി), മൗലാനാ ആസാദ് (സൗദിയിലെ മെക്ക), ജെ.ആർ.ഡി.ടാറ്റ (പാരീസ്) എന്നിവർ.
* ആദ്യത്തെ പുരസ്കാരത്തിനർഹരായ സി. രാജഗോപാലാചാരി, ഡോ. എസ് രാധാകൃഷ്ണൻ, സി.വി. രാമൻ എന്നിവർ മുൻ മദ്രാസ് സംസ്ഥാനക്കാരായിരുന്നു. അങ്ങനെ നോക്കുമ്പോൾ ഉത്തരേന്ത്യയിൽനിന്നും ആദ്യമായി ഭാരതരത്ന നേടിയവർ തത്ത്വചി

## രാഷ്ട്രപതിമാർ



രാഷ്ട്രപതിസ്ഥാനം വഹിച്ചിട്ടുള്ള അഞ്ചുപേരാണ് ഇതുവരെ ഭാരതരത്നത്തിന് അർഹരായത്-ഡോ. രാജേന്ദ്രപ്രസാദ്, ഡോ. എസ്. രാധാകൃഷ്ണൻ, സക്കീർ ഹുസൈൻ, വി.വി. ഗിരി, എ.പി.ജെ. അബ്ദുൾകലാം എന്നിവർ. ഇതിൽ ആരും ആ പദവിയിലിരിക്കെയല്ല ബഹുമതിക്ക് അർഹരായത്. ഡോ.രാധാകൃഷ്ണനും സക്കീർഹുസൈനും ഡോ. കലാമും പദവിയിലെത്തും മുമ്പും രാജേന്ദ്രപ്രസാദും വി.വി. ഗിരിയും പദവി വഹിച്ചുകഴിഞ്ഞതിനുശേഷവുമാണ് ഭാരതരത്നയ്ക്ക് അർഹരായത്.

# പ്രധാനമന്ത്രിമാർ









ജവാഹർലാൽ നെഹ്റു, ഗുൽസാരിലാൽ നന്ദ (ആക്ടിങ് പ്രധാനമന്ത്രി), ഇന്ദിരാഗാന്ധി, മൊറാർജി ദേശായി, രാജീവ്ഗാന്ധി, അടൽ ബിഹാരി വാജ്പേയി എന്നിവരാണ് ഭാരതരത്നം നേടിയ ഇന്ത്യൻ പ്രധാനമന്ത്രിമാർ. നെഹ്റുവും ഇന്ദിരാഗാന്ധിയും പദവിയിലിരിക്കെ പുരസ്കാരം നേടിയവരാണ്. ലാൽ ബഹാദൂർശാസ്ത്രിക്കാണ് ഭാരതരത്നം ആദ്യമായി മരണാനന്തര ബഹുമതിയായി ലഭിച്ചത് (1966). രാജീവ്ഗാന്ധിക്കും മരണാനന്തര ബഹുമതിയാണ് ലഭിച്ചത്. ഈ പുരസ്കാരത്തിന് ഒരേ കുടുംബത്തിൽനിന്ന് അർഹരായ മൂന്നു തലമുറയിൽപ്പെട്ടവരാണ് നെഹ്റുവും ഇന്ദിരാഗാന്ധിയും രാജീവ്ഗാന്ധിയും.

ന്തകനും സ്വാതന്ത്ര്യസമര സേനാനിയുമായ ഭഗവാൻദാസും ജവഹർലാൽ നെഹ്റുവുമാണ് (1955).

* വടക്കുകിഴക്കൻ ഇന്ത്യയിൽനിന്നുള്ള ആദ്യ ഭാരതരത്നമാണ് ഗോപിനാഥ് ബോർദോലോയ് (1999). നോബേൽ സമ്മാനം നേടിയശേഷം രാജ്യത്തിൻെറ പരമോന്നത ബഹുമതി നേടിയവരാണ് സി.വി. രാമൻ (1954) മദർ തെരേസ (1980), അമർത്യാസെൻ (1999) എന്നിവർ. ഭാരതരത്നം നേടിയശേഷം (1990) നൊബേലിനർഹനായ (1993) ഏക വ്യക്തി നെൽസൺ മണ്ടേലയാണ്.
* ഈ പുരസ്കാരത്തിലൂടെ ആദരിക്കപ്പെട്ട ശാസ്ത്രജ്ഞൻമാരാണ് സി. വി. രാമനും (1954) എ.പി.ജെ അബ്ദുൾകലാമും (1997) സി.എൻ.ആർ.റാവുവും (2014). ഇവർ മൂവരും ദക്ഷിണേന്ത്യക്കാരാണ് എന്ന പ്രത്യേകതയും ഉണ്ട്. മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയെയും ഭാരതരത്ന നേടിയ ആദ്യ വ്യവസായിയായ ജെ.ആർ.ഡി ടാറ്റയേയും ഭാരതരത്ന നേടിയ വൈമാനികർ എന്നും വിശേഷിപ്പിക്കാം.

## കലാ–സാംസ്കാരിക രംഗം

* എം.ജി. രാമചന്ദ്രനും (1988) സത്യജിത്റേയും (1992) സിനിമാരംഗവുമായി ബന്ധപ്പെട്ടാണ് പ്രശസ്തരായതെങ്കിലും എം.ജി ആറിനെ മരണാനന്തര ബഹുമതിക്ക് അർഹനാക്കിയത് ശ്രീലങ്കൻ അഭയാർഥിപ്രശ്നം കൈകാര്യം ചെയ്തതിലൂടെ പ്രകടിപ്പിച്ച ഭരണപ്രാഗല്ഭ്യമാണ്. അതിനാൽ കലാ–സാംസ്കാരിക രംഗത്തെ മികവിന്റെ അടിസ്ഥാനത്തിൽ ആദ്യമായി ഭാരതരത്ന ലഭിച്ച വ്യക്തി സത്യജിത് റേ ആണെന്നു പറയാം.
* സംഗീതലോകത്തുനിന്നും ഭാരതരത്നം ആദ്യമായി നേടിയത് കർണാടക സംഗീതവിദൂഷിയായ എം. എസ് സുബ്ബലക്ഷ്മിയാണ് (1998). പണ്ഡിറ്റ് രവിശങ്കറാണ് (1999) ഭാരതരത്നത്തിനർഹനായ ആദ്യ ഉപകരണ സംഗീത വിദഗ്ധൻ. ലതാമങ്കേഷ്കർ, ഉസ്താദ് ബിസ്മില്ലാഖാൻ (2001), ഭീംസെൻ ജോഷി (2008) എന്നിവരും സംഗീതലോകത്തെ ഭാരതരത്നങ്ങളാണ് .
* ഇന്ത്യയിലെ ഉന്നത ബഹുമതികളായ പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, ഭാരതരത്ന എന്നിവ ലഭിച്ച ആദ്യ വ്യക്തിയാണ് സത്യജിത് റേ (1922–1992). ദാദാസാഹേബ് ഫാൽക്കെ അവാർഡും ഓണററി ഓസ്കാറും ഈ പ്രതിഭാധനനെത്തേടി എത്തിയിരുന്നു. ഫാൽക്കേ അവാർഡും ഭാരതരത്നവും നേടിയ ഏക വനിത ലതാമങ്കേഷ്കറാണ്.

## മറ്റു ചില പ്രധാന വസ്തുതകൾ

* ഭാരതരത്ന നേടിയ ആദ്യ ഉപരാഷ്ട്രപതി, ഭരണഘടനാപരമായ പദവി വഹിക്കുമ്പോൾ ഭാരതരത്നം നേടിയ ആദ്യത്തെയാൾ എന്നീ വിശേഷണങ്ങൾ ഡോ. എസ് രാധാകൃഷ്ണനു സ്വന്തമാകുമ്പോൾ ഒപ്പം പുരസ്കാരം നേടിയ സി. രാജഗോപാലാചാരിയാണ് ഈ പുരസ്കാരം ആദ്യ സ്വാതന്ത്ര്യസമര സേനാനി.
* അരുണ ആസഫ് അലി മരണാനന്തര ബഹുമതിയായി ഭാരതരത്ന ലഭിച്ച ആദ്യ വനിതയും, ഭാരതരത്ന ജേതാക്കളിലെ കമ്യൂണിസ്റ്റ് ചായ്വുണ്ടായിരുന്ന ഏക നേതാവുമാണ്.
* ജന്മശതാബ്ദി വർഷത്തിൽ (1958) ഭാരതരത്നത്തിലൂടെ ആദരിക്കപ്പെട്ട ധോണ്ഡോ കേശവ കാർവെ (1858–1962) എന്ന സാമൂഹിക പരിഷ്കർത്താവാണ് ഏറ്റവും കൂടിയ പ്രായത്തിൽ ഭാരതരത്നയ്ക്ക് അർഹനായത്. 104 വയസ്സുവരെ ജീവിച്ചിരുന്ന അദ്ദേഹം ഏറ്റവും കൂടുതൽകാലം ജീവിച്ചിരുന്ന ഭാരതരത്നം ജേതാവും ഭാരതരത്ന ജേതാക്കളിൽ ആദ്യം ജനിച്ച വ്യക്തിയുമാണ്.
* 99–ാം വയസ്സിൽ ഭാരതരത്നം ലഭിച്ച ഗുൽസാരിലാൽ നന്ദയാണ് ഏറ്റവും കൂടിയ പ്രായത്തിൽ ഭാരതരത്നം നേടിയ ഭരണകർത്താവ്. ഭാരതരത്നം ലഭിച്ചവരിൽ ഏറ്റവും കുറച്ചുകാലം ജീവിച്ചിരുന്ന വ്യക്തി രാജീവ്ഗാന്ധിയാണ് (1944–1991). അദ്ദേഹവും മാതാവ് ഇന്ദിരാഗാന്ധിയുമാണ് (1917–1984) ഭാരതരത്നങ്ങളിൽ കൊല്ലപ്പെട്ട വ്യക്തികൾ.
* ഭാരതരത്നത്തിന് അർഹയായ ആദ്യ വനിത ഇന്ദിരാഗാന്ധി (1971)യാണ്. രണ്ടാമത്തേത് മദർതെരേസയും (1980). ഇതുവരെ ഭാരതരത്നം ലഭിച്ചിട്ടുള്ളവരിൽ രണ്ടുപേരാണ് ബഹുമതി നിലവിൽവരുംമുമ്പ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞിരുന്നത്–ഭാരതരത്നം പ്രഖ്യാപിക്കപ്പെട്ട സർദാർ പട്ടേലും (1875–1950) മദൻ മോഹൻ മാളവ്യയും (1861–1946). സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞവരിൽ ഭാരതരത്ന നേടിയ ഏക വ്യക്തിയാണ് മാളവ്യ.
* മഗ്സസേ അവാർഡും(1962) ഭാരതരത്നവും (1980) നേടിയ ആദ്യ വ്യക്തി മദർ തെരേസയാണ്. ലോകത്തിന്റെയും (നൊബേൽ) ഏഷ്യയുടെയും (മഗ്സസേ) ഇന്ത്യയുടെയും ഉന്നത പുരസ്കാരം നേടിയ ഏക വ്യക്തിയാണവർ. ഭാരത രത്ന ജേതാക്കളുടെ കൂട്ടത്തിൽ വിശുദ്ധപദവി ലഭിച്ച (2016) ഏക വ്യക്തിയാണവർ. ഇന്ത്യയിൽനിന്ന് ആദ്യമായി മഗ്സസേ അവാർഡിനർഹനായ (1958) വിനോബാ ഭാവെയും പിന്നീട് ഭാരത രത്നയിലൂടെ ആദരിക്കപ്പെട്ടു (1983).
* കോൺഗ്രസിതര സർക്കാരിൻെറ കാലത്ത് ഭാരതരത്നം പ്രഖ്യാപിക്കപ്പെട്ട ആദ്യ വ്യക്തി ഡോ. അംബേദ്കറാണ്.
* ലോകത്തേറ്റവും കൂടുതൽ ഗാനങ്ങൾ റെക്കോർഡു ചെയ്തവരുടെ കൂട്ടത്തിൽ ഗിന്നസ്ബുക്കിലിടംപിടിച്ച ലതാമങ്കേഷ്കർ, ഗിന്നസിൽ പേരുവന്ന ഏക ഭാരതരത്നമാണ്.
* ഇന്ത്യയുടെയും പാകിസ്താൻെറയും പരമോന്നത ബഹുമതി (നിഷാൻ–ഇ–പാകിസ്താൻ) നേടിയ വ്യക്തികളാണ് മൊറാർജി ദേശായി, നെൽസൺ മണ്ടേല എന്നിവർ.
* ഏറ്റവും കൂടുതൽ പേർക്ക് (4) ഭാരതരത്ന പ്രഖ്യാപിച്ച വർഷമാണ് 1999.

## ഭാരതരത്ന ജേതാക്കളും ദിനങ്ങളും

* ഭാരതരത്ന ജേതാവ് ഡോ. ബി.സി.റോയി (1961)യുടെ ജന്മദിനം (ജൂലൈ ഒന്ന്) ഇന്ത്യയിൽ ഡോക്ടേഴ്സ് ദിനമായും എം വിശേശ്വരയ്യയുടെ ജന്മദിനം (സെപ്തംബർ 16) എഞ്ചിനിയേഴ്സ് ദിനമായും

## 'ഭാരതരത്ന'യ്ക്ക് അർഹരായവർ

| | | |
|---|---|---|
| 1. | സി. രാജഗോപാലാചാരി (1878–1972) | –1954 |
| 2. | ഡോ. എസ്. രാധാകൃഷ്ണൻ (1888–1975) | –1954 |
| 3. | ഡോ. സി.വി. രാമൻ (1888–1970) –1954 | |
| 4. | ഡോ. ഭഗവാൻ ദാസ് (1869–1958) –1955 | |
| 5. | ഡോ. എം. വിശ്വേശ്വരയ്യ (1861–1962) | –1955 |
| 6. | ജവഹർലാൽ നെഹ്റു (1889–1964) | –1955 |
| 7. | ഗോവിന്ദ വല്ലഭ് പന്ത് (1887–1961) –1957 | |
| 8. | ഡോ. ധോണ്ഡോ കേശവ് കാർവെ (1858–1962) | –1958 |
| 9. | ഡോ. ബിധാൻ ചന്ദ്ര റോയ് (1882–1962) | –1961 |
| 10. | പുരുഷോത്തം ദാസ് ടണ്ഠൻ (1882–1962) | –1961 |
| 11. | ഡോ. രാജേന്ദ്രപ്രസാദ് (1884–1963) | –1962 |
| 12. | ഡോ. സക്കീർ ഹുസൈൻ (1897–1969) | –1963 |
| 13. | ഡോ. പാണ്ഡുരംഗ് വാമന കാനേ (1880–1972) | –1963 |
| 14. | ലാൽ ബഹാദൂർ ശാസ്ത്രി (മരണാനന്തരം) (1904–1966) | –1966 |
| 15. | ഇന്ദിരാഗാന്ധി (1917–1984) | –1971 |
| 16. | വി.വി. ഗിരി (1884–1980) –1975 | |
| 17. | കെ. കാമരാജ് (മരണാനന്തരം) (1903–1975) | –1976 |
| 18. | മദർ തെരേസ (1910–1997) | –1980 |
| 19. | ആചാര്യ വിനോബാഭാവെ (മരണാനന്തരം) (1895–1982) | –1983 |
| 20. | ഖാൻ അബ്ദുൾ ഗാഫർഖാൻ (1890–1988) | –1987 |
| 21. | എം.ജി. രാമചന്ദ്രൻ (മരണാനന്തരം)(1917–1987) | –1988 |
| 22. | ഡോ. ബി.ആർ. അംബേദ്കർ (മരണാനന്തരം) (1891–1956) | –1990 |
| 23. | ഡോ. നെൽസൺ മണ്ടേല (1918–2013) | –1990 |
| 24. | രാജീവ് ഗാന്ധി (മരണാനന്തരം) (1944–1991) | –1991 |
| 25. | സർദാർ വല്ലഭ്ഭായി പട്ടേൽ (മരണാനന്തരം) (1875–1950) | –1991 |
| 26. | മൊറാർജി ദേശായി (1896–1995) | –1991 |
| 27. | മൗലാനാ അബുൾ കലാം ആസാദ് (മരണാനന്തരം) (1888–1958) | –1992 |
| 28. | ജെ.ആർ.ഡി ടാറ്റ (1904–1993) | –1992 |
| 29. | സത്യജിത് റേ (മരണാനന്തരം) (1922–1992) | –1992 |
| 30. | അരുണ അസഫ് അലി (മരണാനന്തരം) (1909–1996) | –1997 |
| 31. | ഗുൽസാരി ലാൽ നന്ദ (മരണാനന്തരം) (1898–1997) –1997 | |
| 32. | ഡോ. എ.പി.ജെ. അബ്ദുൾകലാം (1931–2015) | –1997 |
| 33. | എം.എസ്. സുബ്ബലക്ഷ്മി (1916–2004) | –1998 |
| 34. | സി. സുബ്രഹ്മണ്യം (1910–2000) | –1998 |
| 35. | ജയപ്രകാശ് നാരായൺ (മരണാനന്തരം) (1902–1979) –1999 | |
| 36. | പ്രൊഫ. അമർത്യസെൻ (ജ. 1933) | –1999 |
| 37. | ഗോപിനാഥ് ബോർദോലോയ് (മരണാനന്തരം) (1890–1950) | –1999 |
| 38. | പണ്ഡിറ്റ് രവിശങ്കർ (1920–2012) | –1999 |
| 39. | ലതാ മങ്കേഷ്കർ (ജ. 1929) | –2001 |
| 40. | ഉസ്താദ് ബിസ്മില്ലാ ഖാൻ (1916–2006) | –2001 |
| 41. | ഭീംസെൻ ജോഷി (1922–2010) | –2008 |
| 42. | സി.എൻ.ആർ.റാവു (1934–) | –2014 |
| 43. | സച്ചിൻ ടെൻഡുൽക്കർ (1973–) | –2014 |
| 44. | മദൻ മോഹൻ മാളവ്യ (മരണാനന്തരം)(1861–1946) | –2015 |
| 45. | അടൽ ബിഹാരി വാജ്പേയ് (1924–) | –2015 |

ആചരിക്കുന്നു.

* ഡോ. എസ് രാധാകൃഷ്ണൻെറ ജന്മദിനം (സെപ്തംബർ 5) അധ്യാപകദിനമായും ജവാഹർലാൽ നെഹ്റുവിൻെറ ജന്മദിനം (നവംബർ 14) ശിശുദിനമായും ആചരിക്കുന്നു.
* ഇന്ദിരാഗാന്ധിയുടെ ജന്മദിനം (നവംബർ 19) ദേശീയോദ്ഗ്രഥന ദിനമായും ചരമദിനം (ഒക്ടോബർ 31) ദേശീയ പുനരർപ്പണദിനമായും ആചരിക്കുന്നു.
* സദ്ഭാവനാദിനമായി ആചരിക്കുന്നത് രാജീവ്ഗാന്ധിയുടെ ജന്മദിനമാണ് (ഓഗസ്റ്റ് 20). അദ്ദേഹത്തിൻെറ ചരമദിനം (മെയ് 21) ഭീകര പ്രവർത്തന വിരുദ്ധദിനമായി ആചരിക്കുന്നു.
* സി.വി രാമൻ രാമൻ ഇഫക്ട് സംബന്ധിച്ച പ്രഖ്യാപനം നടത്തിയ ഫെബ്രുവരി 28 ദേശീയ ശാസ്ത്രദിനമായി ആചരിച്ചുപോരുന്നു. മൗലാനാ ആസാദിന്റെ ജന്മദിനമായ നവംബർ 11 ആണ് ദേശീയ വിദ്യാഭ്യാസ ദിനം.

## ഓമനപ്പേരുകൾ

* സ്നേഹത്തിൻെറയും ആദരവിൻെറയുമൊക്കെ കൈയൊപ്പുകളാണല്ലോ ഓമനപ്പേരുകളും അപരനാമങ്ങളും. ഭാരതരത്ന ജേതാക്കളുടെ പട്ടികയും ഇവയാൽ സമ്പന്നമാണ്.
* ഗാന്ധിജിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരൻ, രാജാജി, തെക്കുനിന്നുള്ള യോദ്ധാവ് എന്നീ അപരനാമങ്ങൾ സി. രാജഗോപാലാചാരിയുടേതാണ്. 'തത്വചിന്തകനായ പ്രസിഡൻറാ'ണ് ഭാരതരത്നം ലഭിച്ച ആദ്യ ചിന്തകൻ കൂടിയായ ഡോ. രാധാകൃഷ്ണൻ.
* ചാച്ചാജി, രാഷ്ട്രശില്പി എന്നിങ്ങനെ അറിയപ്പെട്ടത് ജവാഹർലാൽ നെഹ്റുവാണ്.
* ആധുനിക മൈസൂറിൻെറ ശില്പിയാണ് എം വിശ്വേശ്വരയ്യ. വിദ്യാഭ്യാസ വിചക്ഷണനായ ഡി.കെ കാർവേ 'മഹർഷി' എന്നറിയപ്പെട്ടപ്പോൾ 'രാജർഷി' എന്നറിയപ്പെട്ട ഭാരതരത്നമാണ് പുരുഷോത്തരദാസ് ഠണ്ഡൻ.
* 'ബീഹാർ ഗാന്ധി' യെന്നറിയപ്പെട്ടത് ഡോ. രാജേന്ദ്രപ്രസാദാണ്.
* 'സമാധാനത്തിൻെറ ആൾരൂപമായിരുന്നു ഇരുപതാം നൂറ്റാണ്ടിൽ ജനിച്ചവരിൽ ഭാരതരത്നത്തിന് അർഹനായ ആദ്യ വ്യക്തികൂടിയാണ് ലാൽ ബഹാദൂർശാസ്ത്രി. എന്നാൽ, ഇരുപതാം നൂറ്റാണ്ടിൽ ജനിക്കുകയും ജീവിച്ചിരിക്കെ ഭാരതരത്നം നേടുകയും ചെയ്ത ആദ്യ വ്യക്തിയായ ഇന്ദിരാഗാന്ധി അറിയപ്പെട്ടത് ഇന്ത്യയുടെ 'ഉരുക്കുവനിത' എന്നാണ്. ഈ രണ്ടു വ്യക്തികളെയും പ്രധാനമന്ത്രി സ്ഥാനത്ത് അവരോധിക്കുന്നതിൽ നിർണായക പങ്കുവഹിച്ച കെ കാമരാജ് 'കിങ്മേക്കർ' എന്നാണറിയപ്പെട്ടത്. ഭാരത രത്ന മരണാനന്തര ബഹുമതിയായി നൽകപ്പെട്ട ആദ്യത്തെ ദക്ഷിണേന്ത്യക്കാരൻ കാമരാജാണ്.
* 'സെയിൻറ് ഓഫ് ഗട്ടേഴ്സ്', 'അഗതികളുടെ അമ്മ' എന്നീ അപരനാമങ്ങൾ മദർതെരേസയ്ക്കു സ്വന്തം.
* 'മഹാത്മജിയുടെ ആത്മീയ പിൻഗാമി'യായ വിനോബാഭാവെ 'പൗനാറിലെ സന്യാസി' എന്നറിയപ്പെട്ടു.
* ഗാന്ധിയൻ തത്ത്വങ്ങളിലുള്ള അടിയുറച്ച വിശ്വാസമാണ് 'ബാദ്ഷാഖാൻ' എന്നറിയപ്പെട്ട ഖാൻ അബ്ദുൾ ഗാഫർഖാനെ' അതിർത്തിഗാന്ധി' എന്നും വിളിക്കാൻ കാരണം.
* എം.ജി. ആർ. അറിയപ്പെട്ട മറ്റൊരു പേരാണ് 'പുരൈട്ചി തലൈവർ'.
* ഹിന്ദു കോഡ് ബില്ലിനു രൂപം നൽകിയ ഡോ. അംബേദ്കറാണ് 'ആധുനിക മനു' എന്നറിയപ്പെട്ടത്. 'ഇന്ത്യൻ ഭരണഘടനയുടെ പിതാവും' 'അഭിനവ ബുദ്ധനും'അദ്ദേഹമാണ്.
* മണ്ടേലയുടെ അപരനാമമാണ് 'മാഡിബ'. പ്രഥമ കേന്ദ്ര ആഭ്യന്തരമന്ത്രിയും ഉപപ്രധാനമന്ത്രിയുമായ സർദാർ പട്ടേലിന് ഗാന്ധിജിയാണ് 'സർദാർ' എന്ന് പേരിട്ടത്. നാട്ടുരാജ്യങ്ങളുടെ വിജയകരമായ സംയോജനം അദ്ദേഹത്തെ 'ഇന്ത്യയുടെ ഉരുക്കുമനുഷ്യനാ'ക്കി.
* ഇന്ത്യൻ പ്രസിഡൻറുപദത്തിലെത്തിയ ആദ്യത്തെ ശാസ്ത്രജ്ഞനായ എ.പി.ജെ. അബ്ദുൾ കലാം അറിയപ്പെടുന്നത് 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്നാണ്.
* 'ക്വിറ്റിന്ത്യാ സമരത്തിൻെറ റാണി'യാണ് അരുണ അസഫ് അലി.
* 'കർണാടക സംഗീതത്തിൻെറ വാനമ്പാടി'യായ എം.എസ് സുബ്ബലക്ഷ്മിയെ 'സ്വരലക്ഷ്മി' എന്നു വിളിച്ചത് ലതാമങ്കേഷ്കറാണ്.
* രബീന്ദ്രനാഥ് ടാഗോറാണ് അമർത്യാസെന്നിന് ആ പേരിട്ടത്.
* മഹാമന, യാചകരുടെ രാജകുമാരൻ എന്നീ അപരനാമങ്ങളിൽ അറിയപ്പെട്ടത് മദൻ മോഹൻ മാളവ്യ യാണ്.
* ബോംബെ ബോംബർ എന്നറിയപ്പെടുന്നത് സച്ചിൻ ടെൻഡുൽക്കറാണ്.

## വേറിട്ട വസ്തുതകൾ

* ഭാരതരത്ന പുരസ്കാര സമർപ്പണം സാധാരണമായി നടത്തുന്നത് ന്യൂഡൽഹിയിൽ രാഷ്ട്രപതി ഭവനിൽവച്ചാണ്. എന്നാൽ, 1958–ൽ ഡി.കെ.കാർവേയുടെ ജന്മശതാബ്ദി പ്രമാണിച്ച് മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിൽ നടത്തി.
* 1960–ൽ എം.ജി.ആറിന് പദ്മശ്രീ ലഭിച്ചെങ്കിലും ക്ഷണക്കത്ത് ദേവനാഗരി ലിപിയിൽ ആയതിനാൽ അദ്ദേഹം ബഹുമതി നിരസിച്ചു.
* ഇന്ത്യയുടെ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ ഭാരതരത്നയ്ക്കുള്ള പരിഗണന നിരസിച്ച നേതാവാണ് മൗലാനാ അബുൾ കലാം ആസാദ്. സെലക്ഷൻ കമ്മിറ്റി അംഗങ്ങൾതന്നെ പുരസ്കാരജേതാവാകുന്നതിലെ അനൗചിത്യം കാണിച്ചാണ് അദ്ദേഹം നിരസിച്ചത്.
* രാഷ്ട്രീയവത്കരിക്കപ്പെട്ടതും മൂല്യമില്ലാത്തതുമായ പുരസ്കാരം എന്ന കാരണത്താൽ ഭാരതരത്ന നിർത്തലാക്കിയ ഇന്ത്യൻ പ്രധാനമന്ത്രിയാണ് മൊറാർജി ദേശായി.

## പദ്മ അവാർഡുകൾ

പദ്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നിവയാണ് പദ്മ അവാർഡുകൾ എന്നറിയപ്പെടുന്നത്. റിപ്പബ്ലിക് ദിനത്തിന്റെ തലേന്നാണ് ഇവ പ്രഖ്യാപിക്കുന്നത്.

## പദ്മവിഭൂഷൺ

ഇന്ത്യാ ഗവൺമെന്റിന്റെ ഏറ്റവും ഉന്നതമായ രണ്ടാമത്തെ സിവിലിയൻ ബഹുമതിയാണ് പദ്മവിഭൂഷൺ. 1954 ജനുവരി രണ്ടിന് സ്ഥാപിതമായ അവാർഡ് ഏതെങ്കിലും മേഖലയിൽ രാഷ്ട്രത്തിനായി അർപ്പിച്ച സ്തുത്യർഹമായ സേവനത്തെ അംഗീകരിക്കുന്നതിനാണ് നൽകുന്നത്.

* പദ്മവിഭൂഷൺ ബഹുമതിക്ക് അർഹനായ ആദ്യത്തെ കേരളീയൻ വി.കെ. കൃഷ്ണമേനോനാണ്(1954). 1977–80, 1992–98 കാലയളവിൽ ഈ പുരസ്കാരം ആർക്കും നൽകുകയുണ്ടായില്ല.
* പദ്മവിഭൂഷൺ ലഭിച്ച രണ്ടാമത്തെ കേരളീയൻ ജോൺ മത്തായിയാണ് (1959). കേന്ദ്ര റെയിൽവേ മന്ത്രി, ധനമന്ത്രി എന്നീ പദവികൾ വഹിച്ച അദ്ദേഹമായിരുന്നു കേരള സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ .
* കാർട്ടൂണിസ്റ്റ് ശങ്കർ, കെ.ആർ.രാമനാഥൻ, എംജികെ മേനോൻ, വിആർ കൃഷ്ണയ്യർ, കെഎൻരാജ്, അടൂർ ഗോപാലകൃഷ്ണൻ, ഒ.എൻ.വി.കുറുപ്പ് എന്നിവരും ഈ ബഹുമതി ലഭിച്ച കേരളീയരാണ്.
* 1956–ൽ പദ്മവിഭൂഷണിന് അർഹയായ ജാനകീദേവി ബജാജ് (1893–1979) ആണ് ഈ ബഹുമതി നേടിയ ആദ്യ വനിത. സാമൂഹിക സേവന രംഗത്തെ മികവാണ് അവരെ അംഗീകാരത്തിനർഹയാക്കിയത്.
* ഭൂട്ടാൻ രാജാവ് ജിഗ്മെ ദോർജി വാംഗ്ചുക് ആണ് ഈ ബഹുമതിക്കർഹനായ ആദ്യത്തെ വിദേശി (1954).
* വിലായത്ത് ഖാൻ, സ്വാമി രംഗനാഥാനന്ദ, എം.ചലപതി റാവു മുതലായവർ പദ്മവിഭൂഷൺ നിരസിച്ച പ്രമുഖരാണ്. 1986–ൽ ലഭിച്ച ബഹുമതി 1991–ൽ മടക്കിനൽകിയ വ്യക്തിയാണ് ബാബ ആംതെ.

## പദ്മഭൂഷൺ

* സിവിലിയൻ ബഹുമതികളിൽ മൂന്നാം സ്ഥാനമുള്ള പദ്മഭൂഷൺ 1954 ജനുവരി രണ്ടിന് സ്ഥാപിതമായി. കേരളത്തിൽനിന്ന് ആദ്യമായി ഈ ബഹുമതി നേടിയത് വള്ളത്തോൾ നാരായണമേനോനാണ് (1954) .
* 1957 ൽ പദ്മഭൂഷൺ നേടിയ ലക്ഷ്മി എൻ മേനോനാണ് പദ്മ അവാർഡിനർഹയായ ആദ്യ കേരളീയ വനിത.

## പദ്മശ്രീ

* ഭാരതരത്ന, പദ്മവിഭൂഷൺ, പദ്മഭൂഷൺ എന്നിവ കഴിഞ്ഞാൽ അടുത്ത സ്ഥാനമുള്ള സിവിലിയൻ ബഹുമതിയാണ് പദ്മഭൂഷൺ. ഡോ. പ്രകാശ് വർഗീസ് ബഞ്ചമിനാണ് ഈ ബഹുമതി നേടിയ ആദ്യ മലയാളി (1955).

## പരമവീരചക്രം

* ഇന്ത്യയുടെ പരമോന്നത സൈനിക ബഹുമതിയാണ് പരമവീരചക്രം. ബ്രിട്ടന്റെ വിക്ടോറിയ ക്രോസ്, അമേരിക്കൻ ഐക്യനാടുകളുടെ മെഡൽ ഓഫ് ഓണർ, റഷ്യയുടെ ക്രോസ് ഓഫ് സെന്റ് ജോർജ് എന്നിവയ്ക്ക് സമാനമായ ഈ ബഹുമതി ശത്രുവിന്റെ സാന്നിധ്യത്തിൽ കാഴ്ചവച്ച അത്യുന്നത ധീരതയെയോ ആത്മബലിയെയോ അംഗീകരിക്കാനാണ് നൽകുന്നത്.
* 1950 ജനുവരി 26ന് ഏർപ്പെടുത്തിയ ഈ ബഹുമതിക്ക് 1947 ഓഗസ്റ്റ് 15 മുതൽ പ്രാബല്യം നൽകിയിരുന്നു.
* ഭാരതരത്നം കഴിഞ്ഞാൽ ഇന്ത്യാ ഗവൺമെന്റിന്റെ ഏറ്റവും ഉയർന്ന ബഹുമതിയായി കണക്കാക്കുന്നത് പരമവീര ചക്രത്തെയാണ്. ഇന്ത്യൻ സൈന്യത്തിന്റെ വിവിധ വിഭാഗങ്ങളിൽനിന്നുള്ള ധീരൻമാരെ ഈ അംഗീകാരത്തിന്പരിഗണിച്ചു പോരുന്നു. കരസേനാംഗങ്ങളാണ് ഏറ്റവും കൂടുതൽ പരമവീരചക്രത്തിന് അർഹരായിട്ടുള്ളത്.
* പരമവീരചക്രത്തിന്റെ പതക്കം രൂപകല്പനചെയ്തത് സാവിത്രി ഖനോൽക്കറാണ്. വൃത്താകൃതിയിൽ വെങ്കലത്തിൽ നിർമിച്ചിരിക്കുന്ന പതക്കത്തിന്റെ മധ്യത്തിൽ ദേശീയ ചിഹ്നവും ചുറ്റിലുമായി നാലിടത്ത് ഇന്ദ്രന്റെ വജ്രായുധവും ചിത്രീകരിച്ചിരിക്കുന്നു.
* മേജർ സോംനാഥ് ശർമ (മരണാനന്തരം)യാണ് ആദ്യ പരമവീര ചക്ര ജേതാവ്. ഹിമാചൽ പ്രദേശുകാരനായിരുന്നു അദ്ദേഹം. കശ്മീർ ഓപ്പറേഷനിൽ കാണിച്ച ധീരതയാണ് അദ്ദേഹത്തെ ബഹുമതിക്കർഹനാക്കിയത്. സാവിത്രി ഖനോൽക്കറുടെ മരുമകനായിരുന്നു സോംനാഥ് ശർമ.
* പരമവീര ചക്രത്തിനു സമാനമായി സമാധാനകാലത്തെ ധീരതയ്ക്ക് രാഷ്ട്രം നൽകുന്ന ബഹുമതിയാണ് അശോക ചക്രം.
* പരമവീര ചക്രത്തിന് സമാനമായ അമേരിക്കൻ ഐക്യനാടുകളിലെ ബഹുമതിയാണ് മെഡൽ ഓഫ് ഓണർ. യുണൈറ്റഡ് കിങ്ഡത്തിലേത് വിക്ടോറിയ ക്രോസ്. ഫ്രാൻസിലെ ഏറ്റവും ഉയർന്ന മിലിട്ടറി/ സിവിൽ ബഹുമതിയാണ് ദ ലീജിയൻ ഓഫ് ഓണർ. ധീരതയ്ക്ക് റഷ്യയിലെ പരമോന്നത ബഹുമതിയാണ് ഓർഡർ ഓഫ് സെന്റ് ജോർജ്. സമാനമായ ചൈനീസ് അംഗീകാരമാണ് ഓർഡർ ഓഫ് ഹീറോയിക് എക്സംപ്ലർ (Order of Heroic Exemplar).
* പാകിസ്താന്റെ പരമോന്നത സൈനിക ബഹുമതിയാണ് നിഷാൻ–ഇ–ഹൈദർ. പരമോന്നത സിവിലിയൻ ബഹുമതി നിഷാൻ–ഇ–പാകിസ്താൻ.

## അശോക ചക്രം

* പരമവീരചക്രം കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന ബഹുമതി അശോക ചക്രമാണ്. അതിനുശേഷം പദ്മവിഭൂഷൺ.
* ഹൈദരാബാദ് പൊലീസ് ആക്ഷനിൽ പ്രകടിപ്പിച്ച ധീരതയ്ക്ക് (1948) മരണാനന്തര ബഹുമതിയായി അശോകചക്രയ്ക്ക് അർഹനായ ബചിന്ദർ സിങ്ങാണ് ആദ്യമായി ആദ്യമായി ഈ ബഹുമതിക്ക് അർഹനായത് (1952).
* നർ ബഹാദൂർ ഥാപ്പയാണ് ജീവിച്ചിരിക്കെ ആദ്യമായി അശോകചക്രത്തിന് അർഹനായത് (1952).

## മഹാ വീരചക്രം

* ഇന്ത്യയുടെ രണ്ടാമത്തെ ഉന്നതമായ സൈനിക ബഹുമതിയാണ് മഹാവീരചക്രം. 1950 ജനുവരി 26ന് ഏർപ്പെടുത്തി. വെള്ളിയിലാണ് പതക്കം നിർമിച്ചിരിക്കുന്നത്.
* മഹാവീര ചക്രത്തിനു സമാനമായ, സമാധാന കാലത്തെ ബഹുമതിയാണ് കീർത്തിചക്ര.

## വീരചക്രം

* ഇന്ത്യയുടെ മൂന്നാമത്തെ യുദ്ധകാല സൈനിക ബഹുമതിയാണ് വീരചക്രം. ഇതിന്റ പതക്കവും വെള്ളിയിലാണ് നിർമിക്കുന്നത്.
* വീര ചക്രത്തിനു സമാനമായ, സമാധാനകാലത്തെ ബഹുമതിയാണ് ശൗര്യചക്ര.

# മഹാത്മാഗാന്ധി

**മത്സരപ്പരീക്ഷകളിൽ ഗാന്ധിജിയെ സംബന്ധി ക്കുന്ന ചോദ്യങ്ങൾ പതിവാണ്. ഒരു ഗാന്ധി ജയന്തികൂടി കടന്നുപോകുന്ന വേളയിൽ മഹാത്മാ ഗാന്ധിയെ സംബന്ധിച്ച ചോദ്യ ങ്ങളെ പരിചയപ്പെട്ടുകൊണ്ട് സ്മരണ പുതു ക്കാം.**



1. മഹാത്മാ ഗാന്ധിയുടെ ജന്മഗൃഹം ഇപ്പോൾ ഏത് പേരി ലാണ് അറിയപ്പെടുന്നത്?
(എ) കീർത്തി മന്ദിർ (ബി) ഗാന്ധിസദൻ
(സി) ഗാന്ധി മെമ്മോറിയൽ (ഡി) ഗാന്ധി ഗ്രാം
2. തന്റെ സ്പിരിചൽ റഫറൻസ് ബുക്ക് ആയി ഗാന്ധിജി വിശേഷിപ്പിച്ചത്?
(എ) മഹാഭാരതം (ബി) രാമായണം
(സി) ഭഗവത്ഗീത (ഡി) മനുസ്മൃതി
3. ആരോടൊപ്പമാണ് ഗാന്ധിജി ഇംഗ്ലണ്ടിലേക്ക് 1888–ൽ ക പ്പൽ കയറിയത്?
(എ) മാവ്ജി ദവേ (ബി) ത്രയംബക റായ് മജുംദാർ
(സി) പാർച്ചുറേ ശാസ്ത്രി (ഡി) ജോഷിജി
4. വർണവിവേചനത്തിനെതിരെ പോരാടാൻ മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ 1894–ൽ സ്ഥാപിച്ച സംഘടന?
(എ) വെജിറ്റേറിയൻ സൊസൈറ്റി
(ബി) ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്
(സി) നേറ്റാൾ ഇന്ത്യൻ കോൺഗ്രസ്
(ഡി) ഇതൊന്നുമല്ല
5. പോർബന്ദർ കൂടാതെ എവിടെയാണ് ഗാന്ധിജി പ്രാഥമി ക വിദ്യാഭ്യാസം നേടിയത്?
(എ) വാങ്കനർ (ബി) വാർധ
(സി) രാജ്കോട്ട് (ഡി) അഹമ്മദാബാദ്
6. വർണവിവേചനത്തിനെതിരെ ജനങ്ങളെ ഒരുമിപ്പിക്കാൻ ഗാന്ധിജിയുടെ പ്രേരണയാൽ ദക്ഷിണാഫ്രിക്കയിൽ ആ രംഭിച്ച ക്ലബ്ബുകൾക്ക് പൊതുവേ പറയുന്ന പേരാണ് പാ സീവ് റെസിസ്റ്റേഴ്സ്. ഇത് ഏത് കായിക വിനോദവുമാ യി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ക്രിക്കറ്റ് (ബി) ഹോക്കി
(സി) ഫുട്ബോൾ (ഡി) ടെന്നീസ്
7. ദക്ഷിണാഫ്രിക്കയിൽവച്ച് അൺടു ദിസ് ലാസ്റ്റ് എന്ന പുസ് തകം ഗാന്ധിജിക്ക് വായിക്കാൻ കൊടുത്തത് ആരാണ് ?
(എ) ഹെൻറി പോളക് (ബി) മൻസുഖലാൽ നാസർ
(സി) ദാദാ അബ്ദുള്ള (ഡി) ജനറൽ സ്മട്സ്
8. ഗോകുൽദാസ് മക്കൻജിക്ക് ഗാന്ധിജിയുമായുള്ള ബന്ധം എന്തായിരുന്നു?
(എ) മുത്തച്ഛൻ (ബി) ഭാര്യാപിതാവ്
(സി) ഇളയച്ഛൻ (ഡി) ജ്യേഷ്ഠൻ
9. ദക്ഷിണാഫ്രിക്കയിൽവച്ച് ഗാന്ധിജി തീവണ്ടിയിൽനിന്ന് പുറത്താക്കപ്പെട്ട സ്റ്റേഷൻ ഏതായിരുന്നു?
(എ) പീറ്റർമാരിറ്റ്സ്ബർഗ് (ബി) ദർബൻ
(സി) നേറ്റാൾ (ഡി) പ്രിട്ടോറിയ
10. ഗാന്ധിജി പഠിച്ചിരുന്ന സമൽദാസ് കോളേജ് എവിടെയാ യിരുന്നു?
(എ) രാജ്കോട്ട് (ബി) പോർബന്ദർ
(സി) അഹമ്മദാബാദ് (ഡി) ഭാവ്നഗർ
11. ഗാന്ധിജി ദർബനിൽ ഫീനിക്സ് സെറ്റിൽമെന്റ് സ്ഥാപി ച്ച വർഷം?
(എ) 1903 (ബി) 1904 (സി) 1905 (ഡി) 1906
12. വിദേശയാത്ര നടത്തി എന്ന കാരണത്താൽ ഗാന്ധിജിക്ക് ഭ്രഷ്ട് കൽപിച്ചിരുന്ന സമുദായ നേതാക്കളെ പ്രീണിപ്പി ക്കുന്നതിന് ജ്യേഷ്ഠൻ ഗാന്ധിജിയെ പുണ്യസ്നാനം ചെ യ്യിച്ചത് എവിടെയാണ്?
(എ) വാരാണസി (ബി) ദണ്ഡി
(സി) ദ്വാരക (ഡി) നാസിക്
13. നേറ്റാൾ ഇന്ത്യൻ കോൺഗ്രസുമായി ബന്ധപ്പെട്ട് ദക്ഷി ണാഫ്രിക്കയിൽ പ്രസിദ്ധീകരിച്ച പത്രമായ ഇന്ത്യൻ ഒപ്പി നിയന്റെ ആദ്യ പത്രാധിപർ ആരായിരുന്നു?
(എ) മദൻജിത് (ബി) തയ്യബ് ഹാജി ഖാൻ
(സി) ഡബ്ല്യു. ബേക്കർ (ഡി) മൻസുഖ്ലാൽ നാസർ
14. ഏത് യുദ്ധത്തിൽ ഗാന്ധിജി ബ്രിട്ടീഷുകാർക്ക് നൽകിയ സേവനങ്ങളെ മാനിച്ച് ഗാന്ധിജിക്ക് ബ്രിട്ടീഷുകാർ നൽ കിയ ബഹുമതിയാണ് കൈസർ–ഇ–ഹിന്ദ്?
(എ) ഒന്നാം ലോകമഹായുദ്ധം (ബി) റസ്സോ–ജാപ്പനീസ് യുദ്ധം
(സി) ബോവർ യുദ്ധം (ഡി) കറപ്പ് യുദ്ധം
15. പഠനത്തിനായി ഗാന്ധിജി ഇംഗ്ലണ്ടിൽപോയ വർഷമേ ത്?
(എ) 1888 (ബി) 1889 (സി) 1890 (ഡി) 1891
16. ആരുടെ സഹായത്തോടെയാണ് ഗാന്ധിജി പ്രിട്ടോറി യയിൽ അവിടുത്തെ ഇന്ത്യക്കാരുടെ യോഗം വിളിച്ചു ചേർത്തത്?
(എ) ഡബ്ല്യു. ബേക്കർ(ബി) തയ്യബ് ഹാജി ഖാൻ
(സി) ദാദാ അബ്ദുള്ള (ഡി) ജനറൽ സ്മട്സ്
17. ഏത് കോൺഗ്രസ് സമ്മേളനത്തിലാണ് ഗാന്ധിജി ആ ദ്യമായി പങ്കെടുത്തത്?
(എ) 1886–ലെ കൽക്കട്ട (ബി) 1885–ലെ മുംബൈ
(സി) 1907–ലെ സൂറത്ത് (ഡി) 1901–ലെ കൽക്കട്ട
18. നേറ്റാൾ ഇന്ത്യൻ കോൺഗ്രസിൽ ഗാന്ധിജി വഹിച്ച പ ദവിയേത്?
(എ) പ്രസിഡന്റ് (ബി) ചെയർമാൻ
(സി) ട്രഷറർ (ഡി) ഓണററി സെക്രട്ടറി
19. നിയമപഠനം പൂർത്തിയാക്കിയ ഗാന്ധിജി ഇന്ത്യയിൽ ആദ്യത്തെ കേസ് വാദിച്ചത് എവിടെയാണ്?
(എ) രാജ്കോട്ട് (ബി) അഹമ്മദാബാദ്
(സി) മുംബൈ (ഡി) ഡെൽഹി
20. ഗാന്ധിജിയെ പഠനത്തിന് ഇംഗ്ലണ്ടിലയ്ക്കണമെന്ന് നിർദ്ദേശിച്ച കുടുംബസുഹൃത്തിന്റെ പേര്?
(എ) ഗോകുൽദാസ് മക്കൻജി (ബി) മാവ്ജി ദവേ
(സി) റായ് ചന്ദ് ഭായ് (ഡി) ഷെയ്ഖ് മെഹ്താബ്
21. ഗാന്ധിജിയെ സ്വാധീനിച്ച ദൈവരാജ്യം നിങ്ങൾക്കു ള്ളിൽത്തന്നെ എന്ന പുസ്തകം രചിച്ചത്:
(എ) ജോൺ റസ്കിൻ (ബി) ടോൾസ്റ്റോയ്
(സി) പോളക് (ഡി) ഇവരാരുമല്ല
22. ഗാന്ധിജി ആദ്യ സത്യാഗ്രഹം സംഘടിപ്പിച്ചത് എന്തി നെതിരെ പ്രതിഷേധിക്കാനാണ്?
(എ) ഏഷ്യാറ്റിക് ലോ അമെൻഡ്മെന്റ് ഓർഡിനൻസ് ബില്ലിനെതിരെ
(ബി) ബോവർ യുദ്ധത്തിനെതിരെ
(സി) ഒന്നാം ലോകമഹായുദ്ധത്തിനെതിരെ
(ഡി) ഇവയൊന്നുമല്ല
23. പ്രവാസജീവിതമവസാനിപ്പിച്ച ഗാന്ധിജി മുംബൈയിൽ കപ്പലിറങ്ങിയ തീയതി:
(എ) 1915 ജനുവരി 19 (ബി) 1915 ജനുവരി 16
(സി) 1915 ജനുവരി 9 (ഡി) 1915 ജനുവരി 30
24. ബീഹാറിലെ ഭൂകമ്പത്തെ അസ്പൃശ്യതയുമായി ബന്ധ പ്പെടുത്തിയ ഗാന്ധിജിയുടെ നിലപാടിനെ വിമർശിച്ച താരാണ്?
(എ) രബീന്ദ്രനാഥ് ടാഗോർ (ബി) വിനോബാ ഭാവെ
(സി) ബാലഗംഗാധര തിലകൻ (ഡി) നേതാജി ബോസ്
25. നീലം കർഷകർക്കുവേണ്ടി ഗാന്ധിജി സംഘടിപ്പിച്ച സത്യാഗ്രഹം ഏതായിരുന്നു?
(എ) ഖെയ്റാ (ബി) ചമ്പാരൻ
(സി) അഹമ്മദാബാദ് (ഡി) ഇതൊന്നുമല്ല
26. 1915–ൽ ഗാന്ധിജി അഹമ്മദാബാദിനടുത്ത് സത്യാഗ്ര ഹ ആശ്രമം സ്ഥാപിച്ച സ്ഥലം:
(എ) കൊച്ചരബ് (ബി) വാർധ
(സി) സേവാഗ്രാം (ഡി) ഇതൊന്നുമല്ല
27. ഗാന്ധിജി ആദ്യമായി ജയിൽവാസം അനുഭവിച്ച സ്ഥ ലം ഏതാണ്?
(എ) ജൊഹന്നാസ്ബെർഗ് (ബി) ഡർബൻ
(സി) കേപ് ടൗൺ (ഡി) പ്രിട്ടോറിയ
28. ഗംഗാനദിയോട് ഗാന്ധിജി താരതമ്യപ്പെടുത്തിയ നേതാ വ് ആരാണ്?
(എ) ബാലഗംഗാധര തിലകൻ
(ബി) സുരേന്ദ്രനാഥ് ബാനർജി
(സി) ആനി ബെസന്റ്
(ഡി) ഗോപാലകൃഷ്ണ ഗോഖലെ
29. ഹിന്ദ് സ്വരാജ് എന്ന പുസ്തകം ഗാന്ധിജി എഴുതിയ ത് ഏത് ഭാഷയിലാണ്?
(എ) ഗുജറാത്തി (ബി) ഹിന്ദി
(സി) ഇംഗ്ലീഷ് (ഡി) മറാഠി
30. ടോൾസ്റ്റോയ് ഫാം തുടങ്ങാനുള്ള ഭൂമി ഗാന്ധിജിക്ക് നൽകിയത് ആരാണ്?
(എ) പോളക് (ബി) ഹെർമൻ കല്ലൻബാ ക്ക്
(സി) ദാദാ അബ്ദുള്ള (ഡി) സ്മട്സ്
31. ഗാന്ധിജി ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം പങ്കെടു ത്ത ആദ്യത്തെ പൊതുചടങ്ങ് ഏതാണ് ?
(എ) ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാ ടനം (ബി) 1916–ലെകോൺഗ്രസ് സമ്മേളനം
(സി) വിശ്വഭാരതി സർവകലാശാലയുടെ ഉദ്ഘാടനം
(ഡി) ഇതൊന്നുമല്ല
32. ദക്ഷിണാഫ്രിക്കയിലെ തന്റെ പ്രവർത്തനങ്ങൾ അവസാ നിപ്പിച്ച് മടങ്ങാൻ ഗാന്ധിജി തീരുമാനിച്ച വർഷം?
(എ) 1914 (ബി) 1915

(സി) 1916 (ഡി) 1917

33. 1918-ൽ ഗാന്ധിജി സത്യാഗ്രഹം സംഘടിപ്പിച്ച ഖെയ്റാ എന്ന സ്ഥലം ഏത് സംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) ബീഹാർ
(സി) ഉത്തർ പ്രദേശ് (ഡി) ഗുജറാത്ത്

34. ഏത് വർഷത്തെ കോൺഗ്രസ് സമ്മേളനത്തിൽവച്ചാണ് ഗാന്ധിജിയെ ജവാഹർലാൽ നെഹ്റു ആദ്യമായി കണ്ടുമുട്ടിയത്?
(എ) 1916 (ബി) 1917 (സി) 1918 (ഡി) 1919

35. ഗാന്ധിജിനെയും ടാഗോറിനെയും ബന്ധിപ്പിച്ച കണ്ണി എന്നറിയപ്പെടുന്നത് ആരാണ്?
(എ) സുഭാഷ് ചന്ദ്ര ബോസ്
(ബി) സി എഫ് ആൻഡ്രൂസ് (സി) വിനോബാ ഭാവെ
(ഡി) ഗോപാലകൃഷ്ണ ഗോഖലെ

36. ഇന്ത്യൻ രാഷ്ട്രീയത്തിലിറങ്ങുംമുമ്പ് ഇന്ത്യ മുഴുവൻ സന്ദർശിക്കുവാൻ ഗാന്ധിജിയെ ഉപദേശിച്ചത് ആരാണ്?
(എ) ആനി ബെസന്റ്
(ബി) ബാലഗംഗാധര തിലകൻ
(സി) ഗോപാലകൃഷ്ണ ഗോഖലെ
(ഡി) രബീന്ദ്രനാഥ് ടാഗോർ

37. എത്രാമത്തെ വയസ്സിലാണ് (1906) ഗാന്ധിജി ബ്രഹ്മചര്യം ജീവിതനിഷ്ഠയായി സ്വീകരിക്കാൻ തീരുമാനിച്ചത്?
(എ) 35 (ബി) 37 (സി) 39 (ഡി) 40

38. ഏത് വർഷം മുതലാണ് പ്രവാസി ഭാരതീയ ദിനം ആചരിക്കുന്നത്?
(എ) 2003 (ബി) 2004 (സി) 2005 (ഡി) 2006

39. ദക്ഷിണാഫ്രിക്കയിൽവച്ച് ജനറൽ സ്മട്സുമായി ഗാന്ധിജി ഉടമ്പടിയിലേർപ്പെട്ടതിനാൽ അദ്ദേഹത്തെ ആക്രമിച്ച ഇന്ത്യൻ തീവ്രവാദി:
(എ) ബേക്കർ (ബി) അബ്ദുള്ള
(സി) തയ്യബ് ഹാജി ഖാൻ (ഡി) മീർ ആലം ഖാൻ

40. ഏത് അസുഖം ബാധിച്ചതിനാലാണ് 1914-ൽ ലണ്ടനിൽ നിന്ന് ഇന്ത്യയിലേക്ക് കപ്പൽ കയറാൻ ഗാന്ധിജി നിർബന്ധിതനായത്?
(എ) പ്ലേഗ് (ബി) പ്ലൂറിസി
(സി) മലേറിയ (ഡി) മഞ്ഞപ്പിത്തം

41. ഗാന്ധിജി ആദ്യമായി ഇന്ത്യയിൽ അറസ്റ്റിലായ വർഷമേത്?
(എ) 1916 (ബി) 1917 (സി) 1918 (ഡി) 1919

42. അഹമ്മദാബാദ് മിൽസമരത്തിന്റെ വിജയത്തോടെ തൊഴിലാളികൾക്ക് എത്ര ശതമാനം ശമ്പള വർധനവാണുണ്ടായത്?
(എ) 35 (ബി) 50 (സി) 60 (ഡി) 25

43. ഗാന്ധിജിയുടെ ആത്മകഥ ആദ്യമായി മഷിപുരണ്ടത് ഏത് പ്രസിദ്ധീകരണത്തിലാണ്?
(എ) യങ് ഇന്ത്യ (ബി) ഹരിജൻ
(സി) നവജീവൻ (ഡി) ഇന്ത്യൻ ഒപ്പീനിയൻ

44. ഹിമാലയത്തിനു സമാനൻ എന്ന് ഗാന്ധിജി വിലയിരുത്തിയ നേതാവ്:
(എ) ബാലഗംഗാധര തിലകൻ
(ബി) ഗോപാലകൃഷ്ണ ഗോഖലെ
(സി) സുരേന്ദ്രനാഥ് ബാനർജി
(ഡി) ദാദാഭായ് നവറോജി

45. നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവമേത്?
(എ) ചൗരി-ചൗരാ സംഭവം
(ബി) ജാലിയൻവാലാബാഗ് കൂട്ടക്കൊല
(സി) വാഗൺ ട്രാജഡി (ഡി) ഇതൊന്നുമല്ല

46. മുഹമ്മദലിയോടും ഷൗക്കത്തലിയോടും ചേർന്ന് ഗാന്ധിജി നേതൃത്വം നൽകിയ പ്രസ്ഥാനമേത്?
(എ) ഉപ്പുസത്യാഗ്രഹം (ബി) ക്വിറ്റിന്ത്യാ സമരം
(സി) ഖിലാഫത്ത് പ്രസ്ഥാനം
(ഡി) ചമ്പാരൻ സത്യാഗ്രഹം

47. 1922-ൽ ഗാന്ധിജിയെ ആറുവർഷത്തെ തടവിന് ശിക്ഷിച്ച ജഡ്ജി:
(എ) ബ്രൂംഫീൽഡ് (ബി) കിങ്ഫോർഡ്
(സി) സ്റ്റാൻലി (ഡി) ഇതൊന്നുമല്ല

48. ഓൾ ഇന്ത്യ ഹോംറൂൾ ലീഗിന്റെ അധ്യക്ഷനായി ഗാന്ധിജി തിരഞ്ഞെടുക്കപ്പെട്ട വർഷം:
(എ) 1920 (ബി) 1921 (സി) 1922 (ഡി) 1924

49. ഗാന്ധിജിയുടെ അനുയായിയായ ഇംഗ്ലണ്ടുകാരിയായ മീരാ ബെഹന്റെ യഥാർഥ പേര്:
(എ) മാർഗരറ്റ് നോബിൾ (ബി) മാർഗരറ്റ് താച്ചർ
(സി) കാതറിൻ മെരി ഹെയ്ലിമാൻ
(ഡി) മെഡലിൻ സ്ലേഡ്

50. രാജ്യവ്യാപകമായി ഗാന്ധിജി നടത്തിയ ആദ്യത്തെ പ്രക്ഷോഭമേത്?
(എ) ക്വിറ്റിന്ത്യാ സമരം(ബി) നിസ്സഹകരണ പ്രസ്ഥാനം
(സി) ഉപ്പു സത്യാഗ്രഹം (ഡി) ചമ്പാരൻ സമരം

51. ഗാന്ധിജി അധ്യക്ഷത വഹിച്ച ഏക കോൺഗ്രസ് വാർഷിക സമ്മേളനം:
(എ) ബെൽഗാം (1924) (ബി) ലക്നൗ (1916)
(സി) സൂറത്ത് (1907) (ഡി) ലാഹോർ (1929)

52. സൈമൺ ഗോബാക്ക് എന്ന മുദ്രാവാക്യം ഗാന്ധിജിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത് ആരാണ്?
(എ) ലാലാ ലജ്പത് റായ് (ബി) യൂസഫ് മെഹ്റലി
(സി) മൗലാനാ ആസാദ് (ഡി) വിനോബ ഭാവെ

53. ദണ്ഡിയാത്രയിൽ എത്ര അനുയായികളാണ് ഗാന്ധിജിയെ അനുഗമിച്ചത്?
(എ) 79 (ബി) 72 (സി) 78 (ഡി) 61

54. ഒന്നുകിൽ ആവശ്യപ്പെട്ട കാര്യങ്ങൾ നിർവഹിച്ച് ഞാൻ മടങ്ങും. അല്ലെങ്കിൽ എന്റെ മൃതശരീരം അറബിക്കടലിൽ ഒഴുകുന്നതു കാണാം-ഗാന്ധിജി ഇപ്രകാരം പറഞ്ഞത് എപ്പോഴാണ്?
(എ) ദണ്ഡിയാത്രയ്ക്ക് പോകുംമുമ്പ്
(ബി) ക്വിറ്റിന്ത്യാ സമരത്തിന് മുമ്പ്
(സി) നിസ്സഹകരണ പ്രസ്ഥാനത്തിന് മുമ്പ്
(ഡി) ഇവയൊന്നുമല്ല

55. ദണ്ഡി മാർച്ചിനെ വിപ്ലവത്തിന്റെ കിന്റർഗാർട്ടൻ സ്റ്റേജ് എന്ന് വിശേഷിപ്പിച്ച ബ്രിട്ടീഷ് പത്രപ്രവർത്തകൻ:
(എ) ബ്രയിൽസ്ഫോർഡ് (ബി) കിങ്സ്ഫോർഡ്
(സി) വെബ് മില്ലർ (ഡി) ഇവരാരുമല്ല

56. ഉപ്പു സത്യാഗ്രഹത്തിന് ഗാന്ധിജി ദണ്ഡിയിലെത്തിയ തീയതി:
(എ) 1930 ഏപ്രിൽ 5 (ബി) 1930 ഏപ്രിൽ 6
(സി) 1930 ഏപ്രിൽ 7 (ഡി) 1930 ഏപ്രിൽ 8

57. ഉപ്പു സത്യാഗ്രഹസമയത്ത് ഗാന്ധിജി അറസ്റ്റിലായപ്പോൾ സമരനേതൃത്വം ഏറ്റെടുത്തത് ആരാണ്?
(എ) വിനോബാ ഭാവെ (ബി) അബ്ബാസ് തയബ്ജി
(സി) മഹാദേവ് ദേശായി
(ഡി) വിഷ്ണു ദിഗംബർ പലുസ്കർ

58. കോൺഗ്രസിന്റെ ഏക പ്രതിനിധിയായി ഗാന്ധിജി വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത വർഷം:
(എ) 1930 (ബി) 1931 (സി) 1932 (ഡി) 1933

59. സേവാഗ്രാം ആശ്രമം ഏത് സംസ്ഥാനത്താണ്?
(എ) ഗുജറാത്ത് (ബി) മഹാരാഷ്ട്ര
(സി) ഉത്തർ പ്രദേശ് (ഡി) ബീഹാർ

60. കോൺഗ്രസിൽനിന്ന് രാജിവയ്ക്കാനുള്ള തീരുമാനം ഗാന്ധിജി പ്രഖ്യാപിച്ചത് ഏത് വർഷമാണ്?
(എ) 1935 (ബി) 1936 (സി) 1937 (ഡി) 1934

61. 1939-ൽ കോൺഗ്രസ് അധ്യക്ഷസ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് നടന്നപ്പോൾ ഗാന്ധിജി പിന്തുണച്ച സ്ഥാനാർഥി ആരായിരുന്നു?
(എ) മൗലാനാ ആസാദ് (ബി) രാജേന്ദ്രപ്രസാദ്
(സി) ആചാര്യ കൃപലാനി (ഡി) പട്ടാഭി സീതാരാമയ്യ

62. ഗാന്ധിജി ആസൂത്രണം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി കോൺഗ്രസ് അംഗീകരിച്ചത് ഏത് സമ്മേളനത്തിലാണ്?
(എ) ഹരിപുര (ബി) ത്രിപുരി
(സി) രാംഗഢ് (ഡി) മുംബൈ

63. പൂനാ ഉടമ്പടി ഒപ്പുവച്ച തീയതി:
(എ) 1932 സെപ്തംബർ 24(ബി) 1932 ഒക്ടോബർ 24
(സി) 1932 ഓഗസ്റ്റ് 24 (ഡി) 1932 ജൂലൈ 24

64. കമ്യൂണൽ അവാർഡിനെത്തുടർന്ന് യർവാദ ജയിലിൽ മരണംവരെ ഉപവാസം പ്രഖ്യാപിച്ച ഗാന്ധിജി ഏത് ഉടമ്പടിയെത്തുടർന്നാണ് അത് പിൻവലിച്ചത്.?
(എ) പൂനാ ഉടമ്പടി (ബി) ലക്നൗ ഉടമ്പടി
(സി) ഡൽഹി ഉടമ്പടി (ഡി) സിംല ഉടമ്പടി

65. ദണ്ഡിയാത്രയിൽ ഗാന്ധിജിയുടെ അനുയായികൾക്ക് ആവേശം പകർന്ന ഗാനമേത്?
(എ) രഘുപതിരാഘവ രാജാറാം
(ബി) വൈഷ്ണവ ജനതോ
(സി) വരിക വരിക സഹജരേ (ഡി) ഇതൊന്നുമല്ല

66. ഗാന്ധിജി ദണ്ഡി മാർച്ചിന് തുടക്കം കുറിച്ച തീയതി:
(എ) 1930 മാർച്ച് 12 (ബി) 1930 മാർച്ച് 13
(സി) 1930 മാർച്ച് 14 (ഡി) 1930 മാർച്ച് 15

67. രണ്ടാം വട്ടമേശ സമ്മേളനത്തിൽ ഗാന്ധിജിയുടെ ഉപദേശകനായി ഒപ്പംപോയത് ആരാണ്?
(എ) ബി.ആർ.അംബേദ്കർ (ബി) എം.എം.മാളവ്യ
(സി) ജവാഹർലാൽ നെഹ്റു
(ഡി) സി.രാജഗോപാലാചാരി

68. 1928-ൽ ബർദോളിയിലെ നികുതി നിഷേധ സമരം നയിക്കാൻ ഗാന്ധിജി നിയോഗിച്ചത് ആരെയാണ്?
(എ) വിനോബ ഭാവെ (ബി) ജവാഹർലാൽ നെഹ്റു
(സി) ലജ്പത് റായി (ഡി) സർദാർ പട്ടേൽ

69. എന്റെ ഏറ്റവും വലിയ താങ്ങ് വീണുപോയി-എന്ന് ഗാന്ധിജി പറഞ്ഞത് ആരുടെ മരണവാർത്തയറിഞ്ഞാണ്?
(എ) ഗോപാലകൃഷ്ണ ഗോഖലെ
(ബി) ബാലഗംഗാധര തിലകൻ
(സി) ലാലാ ലജ്പത് റായ് (ഡി) ഇവരാരുമല്ല

70. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ചുകൊണ്ട് ഗാന്ധിജി സത്യാഗ്രഹം അനുഷ്ഠിച്ചത് എവിടെയാണ്?
(എ) ന്യൂഡൽഹി (ബി) മുംബൈ
(സി) കൊൽക്കത്ത (ഡി) ചമ്പാരൻ

71. എന്തിനെതിരെ പ്രതിഷേധിക്കാനാണ് ഗാന്ധിജി അഖിലേന്ത്യാടിസ്ഥാനത്തിൽ സത്യാഗ്രഹസമരം ആദ്യമായി പ്രയോഗിച്ചത്?
(എ) ജാലിയൻവാലാബാഗ് കൂട്ടക്കൊല
(ബി) റൗലറ്റ് നിയമം
(സി) ഉപ്പു നിയമം (ഡി) ഇതൊന്നുമല്ല

72. ഗാന്ധിജിയുടെ പത്രാധിപത്യത്തിൽ യംങ് ഇന്ത്യ പ്രസിദ്ധീകരണമാരംഭിച്ച വർഷം?
(എ) 1919 (ബി) 1920 (സി) 1921 (ഡി) 1922

73. ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന തീയതിയുടെ തൊട്ടുമുമ്പ് അന്തരിച്ച നേതാവ്?
(എ) സുരേന്ദ്രനാഥ് ബാനർജി
(ബി) ബാലഗംഗാധര തിലകൻ
(സി) ഫിറോസ് ഷാ മേത്ത (ഡി) ഇവരാരുമല്ല

74. സിവിൽ ആജ്ഞാലംഘനം എന്ന ആശയം ഗാന്ധിജിക്ക് കിട്ടിയത് ആരിൽനിന്നാണ്?
(എ) ടോൾസ്റ്റോയ് (ബി) പോളക്
(സി) ജോൺ റസ്കി (ഡി) ഹെൻറി ഡേവിഡ് തോറോ

75. ഗാന്ധി-ഇർവിൻ ഉടമ്പടി ഒപ്പുവെച്ചത് എന്നാണ്?
(എ) 1931 മാർച്ച് 5 (ബി) 1931 മാർച്ച് 6
(സി) 1931 മാർച്ച് 7 (ഡി) 1931 മാർച്ച് 8

76. ഗാന്ധിജി ഇന്ത്യയിൽ ആരംഭിച്ച ആദ്യ ജേണൽ?
(എ) ഇന്ത്യൻ ഒപ്പീനിയൻ (ബി) ഹരിജൻ
(സി) യങ് ഇന്ത്യ (ഡി) നവജീവൻ

77. 1928-ൽ കോൺഗ്രസ് സമ്മേളനത്തിൽ ഡൊമിനിയൻ പദവി ആവശ്യപ്പെട്ട് ഗാന്ധിജി പ്രമേയം അവതരിപ്പിച്ചത് എവിടെവച്ചാണ്?
(എ) കൊൽക്കത്ത (ബി) ലാഹോർ
(സി) ലക്നൗ (ഡി) സൂറത്ത്

78. ഗാന്ധിജിയുടെ ഇഷ്ട പ്രാർഥനാ ഗാനമായ വൈഷ്ണവ ജനതോ രചിച്ച പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗുജറാത്തി കവി?
(എ) ലക്ഷ്മണാചാര്യ (ബി) തുളസീദാസ്
(സി) നർസിൻഹ് മേത്ത (ഡി) ഇവരാരുമല്ല

79. ഗാന്ധിജിയുടെ ആത്മകഥയായ മൈ എക്സ്പെരിമെന്റ്സ് വിത്ത് ട്രൂത്ത് ആദ്യം പ്രസിദ്ധീകരിച്ചത് ഏത് ഭാഷയിലാണ്?
(എ) ഇംഗ്ലീഷ് (ബി) ഹിന്ദി
(സി) മറാഠി (ഡി) ഗുജറാത്തി

80. അർധ നഗ്നനായ ഫക്കീർ എന്ന് ഗാന്ധിജിയെ വിശേഷിപ്പിച്ചത് ആര്?
(എ) ക്ലമന്റ് ആറ്റ്ലി (ബി) വെബ് മില്ലർ
(സി) വിൻസ്റ്റൺ ചർച്ചിൽ (ഡി) ഇവരാരുമല്ല

81. ഏത് കപ്പലിലാണ് വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻ ഗാന്ധിജി ലണ്ടനിലേക്ക് പോയത്?
(എ) എസ്എസ് രജപുത്താന (ബി) എസ്എസ് ആങ്കൺ
(സി) എച്ച്എംഎസ് ബീഗിൾ (ഡി) സാവോ ഗബ്രിയേൽ

82. ദണ്ഡിയാത്രയെ ശ്രീരാമന്റെ ലങ്കയിലേക്കുള്ള പ്രയാണത്തോട് താരതമ്യപ്പെടുത്തിയത് ആരാണ്?
(എ) സുഭാഷ്ചന്ദ്രബോസ് (ബി) മോത്തിലാൽ നെഹ്റു
(സി) ജവാഹർലാൽ നെഹ്റു (ഡി) ആചാര്യ കൃപലാനി

83. അയിത്തോച്ചാടനം ലക്ഷ്യമിട്ട് അഖിലേന്ത്യാ ഹരിജൻ സമാജം രൂപവത്കരിച്ച വർഷം:
(എ) 1932 (ബി) 1933 (സി) 1934 (ഡി) 1935

84. ഗാന്ധിജി വിശ്വാസമർപ്പിച്ചിരുന്ന ചികിത്സാ സമ്പ്രദായമേത് ?
(എ) യുനാനി (ബി) അലോപ്പതി
(സി) ആയുർവേദം (ഡി) നാച്ചുറോപ്പതി

85. 1929-ൽ ഗാന്ധിജി സ്ഥാപിച്ച നവജീവൻ ട്രസ്റ്റിന്റെ ആസ്ഥാനം:
(എ) നാസിക് (ബി) വാർധ
(സി) അഹമ്മദാബാദ് (ഡി) ന്യൂഡൽഹി

86. ഇന്ത്യൻ വനിതകളെ വട്ടമേശ സമ്മേളനത്തിൽ പ്രതിനിധാനം ചെയ്യുന്നവരിലൊരാളായി ഗാന്ധിജിക്ക് ഒപ്പം ലണ്ടനിൽ പോയതാര്?
(എ) ഇന്ദിര ഗാന്ധി (ബി) സരോജിനി നായിഡു
(സി) അരുണ അസഫ് അലി (ഡി) കസ്തൂർബ ഗാന്ധി

87. ഏത് വർഷമാണ് ഗാന്ധിജി സേവാഗ്രാം ആശ്രമം സ്ഥാപിച്ചത്?
(എ) 1936 (ബി) 1937 (സി) 1938 (ഡി) 1939

88. സിവിൽ ആജ്ഞാലംഘന പ്രസ്ഥാനത്തിന് ഗാന്ധിജി തുടക്കം കുറിച്ച വർഷം:
(എ) 1917 (ബി) 1920 (സി) 1930 (ഡി) 1942

89. 1932-ലെ പൂനാ ഉടമ്പടിക്ക് മധ്യസ്ഥശ്രമം നടത്തിയ പ്രധാന നേതാവ് :
(എ) ആചാര്യ കൃപലാനി (ബി) സി.രാജഗോപാലാചാരി
(സി) മദൻ മോഹൻ മാളവ്യ (ഡി) വിനോബ ഭാവെ

90. ഉപ്പുനിയമം ലംഘിച്ചതിന് അറസ്റ്റുചെയ്തപ്പോൾ ഗാന്ധിജിയെ തടവിൽ പാർപ്പിച്ചത് എവിടെയുള്ള ജയിലിലാണ്?
(എ) അഹമ്മദാബാദ് (ബി) ന്യൂഡൽഹി
(സി) കൊൽക്കത്ത (ഡി) പൂണെ

91. വട്ടമേശ സമ്മേളനത്തിനു പോയപ്പോൾ ഗാന്ധിജി സന്ദർശിച്ച ബ്രിട്ടീഷ് രാജാവ് :
(എ) ജോർജ് ആറാമൻ (ബി) എഡ്വേർഡ് എട്ടാമൻ
(സി) എഡ്വേർഡ് അഞ്ചാമൻ (ഡി) ജോർജ് അഞ്ചാമൻ

92. ഗാന്ധിജിയും അബ്ബാസ് ത്യാബ്ജിയും അറസ്റ്റിലായപ്പോൾ ഉപ്പു സത്യാഗ്രഹം നയിച്ചതാര്?
(എ) സരോജിനി നായിഡു(ബി) മഹാദേവ് ദേശായി
(സി) മോത്തിലാൽ നെഹ്റു (ഡി) സി.ആർ.ദാസ്

93. രാജ്യസ്നേഹികളുടെ രാജകുമാരൻ എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെയാണ്?
(എ) സുഭാഷ്ചന്ദ്രബോസ് (ബി) ഭഗത്സിങ്
(സി) ലാലാ ലജ്പത് റായ് (ഡി) സി.ആർ.ദാസ്

94. ഞാൻ മുട്ടുകുത്തിനിന്നുകൊണ്ട് അങ്ങയോട് അപ്പം ചോദിച്ചു. എന്നാൽ, കല്ലാണ് അങ്ങ് എറിഞ്ഞുതന്നത് എന്ന് സിവിൽ ആജ്ഞാലംഘന പ്രസ്ഥാനത്തിനു മുമ്പ്ഗാന്ധിജി കത്തെഴുതിയത് ഏത് വൈസ്രോയിക്കാണ്? ?
(എ) വെല്ലിങ്ടൺ (ബി) റീഡിങ്
(സി) ഇർവിൻ (ഡി) ലിൻലിത്ഗോ

95. ഗാന്ധിജി രക്ഷാധികാരിയായി അഖിലേന്ത്യാ ഗ്രാമീണ വ്യവസായ സംഘടന രൂപംകൊണ്ട വർഷം:
(എ) 1937 (ബി) 1935 (സി) 1936 (ഡി) 1934

96. എൽബയിൽനിന്നുള്ള നെപ്പോളിയന്റെ പ്രയാണത്തോട് ഗാന്ധിജിയുടെ ദണ്ഡിയാത്രയെ ഉപമിച്ചത് ആരാണ് ?
(എ) സർദാർ പട്ടേൽ (ബി) മോത്തിലാൽ നെഹ്രു
(സി) ആനി ബെസന്റ് (ഡി) സുഭാഷ് ചന്ദ്രബോസ്

97. ഉപ്പു സത്യാഗ്രഹം റിപ്പോർട്ട് ചെയ്തതുവഴി ലോകശ്രദ്ധ ഇന്ത്യയിലേക്ക് ആകർഷിക്കുന്നതിനും ഇന്ത്യയിലെ ബ്രിട്ടിഷ് കോളനി ഭരണത്തിനെതിരെ ലോകാഭിപ്രായം രൂപപ്പെടുന്നതിനും വഴിയൊരുക്കിയ അമേരിക്കൻ പത്രപ്രവർത്തകൻ:
(എ) വെബ് മില്ലർ (ബി) ബ്രയിൽസ്ഫോർഡ്
(സി) കിങ്സ്ഫോർഡ് (ഡി) ഇവരാരുമല്ല

98. ഗാന്ധിജിക്ക് എത്ര വയസ്സുള്ളപ്പോളാണ് ദണ്ഡിയാത്ര നയിച്ചത്?
(എ) 61 (ബി) 51 (സി) 71 (ഡി) 79

99. ഗാന്ധി ശിഷ്യയായ സരളാ ബെഹന്റെ യഥാർഥ പേര്:
(എ) മെഡലിൻ സ്ലേഡ് (ബി) മാർഗരറ്റ് താച്ചർ
(സി) കാതറിൻ മെരി ഹെയ്ലിമാൻ
(ഡി) മാർഗരറ്റ് നോബിൾ

100. ഗാന്ധിജി പങ്കെടുത്ത ആദ്യ ഓൾ ഇന്ത്യ ഖിലാഫത്ത് കോൺഗ്രസ് കോൺഫറൻസ് നടന്നത് എവിടെവച്ചാണ്?
(എ) ന്യൂഡൽഹി (ബി) മുംബൈ
(സി) പൂനെ (ഡി) കൊൽക്കത്ത

101. ഗ്രേറ്റ് സെന്റിനൽ (മഹാനായ കാവൽക്കാരൻ) എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെയാണ്?
(എ) സർദാർ പട്ടേൽ (ബി) മൗണ്ട്ബാറ്റൺ പ്രഭു
(സി) ജവാഹർലാൽ നെഹ്രു(ഡി) രബീന്ദ്രനാഥ് ടാഗോർ

102. ഗാന്ധിജി ആരെയാണ് രാജർഷി എന്നു വിളിച്ചത്?
(എ) സി.രാജഗോപാലാചാരി
(ബി) ഡോ.രാജേന്ദ്രപ്രസാദ്
(സി) പുരുഷോത്തംദാസ് ഠണ്ഡൻ
(ഡി) ലാലാ ലജ്പത് റായ്

103. ഗാന്ധിജിയെ സ്വാധീനിച്ച അൺടു ദിസ് ലാസ്റ്റിന്റെ കർത്താവ്:
(എ) എഡ്വിൻ ആർനോൾഡ് (ബി) ജോൺ റസ്കിൻ
(സി) ഹെൻറി ഡേവിഡ് തോറോ (ഡി) ഇതൊന്നുമല്ല

104. ഗാന്ധിജിയുടെ ആത്മകഥ ഗുജറാത്തി ഭാഷയിൽനിന്ന് ഇംഗ്ലിഷിലേക്ക് പരിഭാഷപ്പെടുത്തിയത് ആരാണ്?
(എ) ഹുമയൂൺ കബീർ (ബി) മഹാദേവ് ദേശായി
(സി) പ്യാരേലാൽ നയ്യാർ (ഡി) സുശീല നയ്യാർ

105. വ്യക്തി സത്യാഗ്രഹത്തിനായി ഗാന്ധിജി തിരഞ്ഞെടുത്ത രണ്ടാമത്തെ ആൾ?
(എ) വിനോബ ഭാവെ (ബി) ജവാഹർലാൽ നെഹ്രു
(സി) മൗലാനാ ആസാദ് (ഡി) സി.രാജഗോപാലാചാരി

106. ഇന്ത്യാവിഭജനം ഒഴിവാക്കുന്നതിന് ആരെ പ്രധാനമന്ത്രിയാക്കാനാണ് ഗാന്ധിജി നിർദ്ദേശിച്ചത്?
(എ) ജവാഹർലാൽ നെഹ്റു (ബി) സർദാർ പട്ടേൽ
(സി) മുഹമ്മദലി ജിന്ന (ഡി) സി.രാജഗോപാലാചാരി

107. സ്വാതന്ത്ര്യദിന സന്ദേശം ആവശ്യപ്പെട്ട ഏത് പത്രത്തിന്റെ റിപ്പോർട്ടറോടാണ് തന്റെ സ്രോതസ്സുകൾ വറ്റിപ്പോയി എന്ന് ഗാന്ധിജി പറഞ്ഞത്?
(എ) ഹിന്ദുസ്ഥാൻ ടൈംസ് (ബി) ടൈംസ് ഓഫ് ഇന്ത്യ
(സി) ലക്നൗ ഹെറാൾഡ് (ഡി) ദ ഹിന്ദു

108. ഗാന്ധിജിയുടെ അവസാനത്തെ സത്യാഗ്രഹം ഏത് വർഷമായിരുന്നു?
(എ) 1945 (ബി) 1946 (സി) 1947 (ഡി) 1948

109. 1948 ജനുവരി 20–ന് ന്യൂഡൽഹിയിൽവച്ച് ഗാന്ധിജിയെ വധിക്കാൻ ശ്രമിച്ചത് ആരാണ്?
(എ) നാഥുറാം ഗോഡ്സെ (ബി) മദൻലാൽ പഹ്വ
(സി) ദത്താത്രേയ ആപ്തെ (ഡി) രഘു നായക്

110. ഗാന്ധിജിയുടെ ഘാതകനായ നാഥുറാം വിനായക് ഗോഡ്സെ ഏത് പത്രത്തിന്റെ എഡിറ്ററായിരുന്നു?
(എ) ഹിന്ദു രാഷ്ട്ര (ബി) ഹിന്ദു ദർശൻ
(സി) ഹിന്ദു ദേശ് (ഡി) ഹിന്ദു മണ്ഡൽ

111. ഗാന്ധിജിയുടെ മാതാവിന്റെ പേര്:
(എ) രംഭ (ബി) പുത്‌ലി ഭായി
(സി) ജീജാ ഭായി (ഡി) ഇതൊന്നുമല്ല

112. മരണദിവസം ഗാന്ധിജിയെ ഏറ്റവുമൊടുവിൽ സന്ദർശിച്ച പ്രമുഖ നേതാവ്:
(എ) സി.രാജഗോപാലാചാരി (ബി) ആചാര്യ കൃപലാനി
(സി) സർദാർ പട്ടേൽ (ഡി) മൗലാനാ ആസാദ്

113. ഗാന്ധി വധവുമായി ബന്ധപ്പെട്ട് അറസ്റ്റിലായെങ്കിലും തെളിവുകളുടെ അഭാവത്തിൽ ആരോപണ വിമുക്തനായ നേതാവ്?
(എ) വി.ഡി.സവർക്കർ (ബി) എസ് പി മുഖർജി
(സി) ദത്താത്രേയ ആപ്തെ (ഡി) ഇവരാരുമല്ല

114. ഏത് വിഭാഗത്തിലാണ് ഗാന്ധിജി ജനിച്ചത്?
(എ) ബ്രാഹ്മണ (ബി) ക്ഷത്രിയ
(സി) വൈശ്യ (ഡി) ശൂദ്ര

115. സ്വതന്ത്ര ഇന്ത്യയിൽ എത്ര ദിവസമാണ് ഗാന്ധിജി ജീവിച്ചിരുന്നത്?
(എ) 168 (ബി) 158 (സി) 148 ഡി) 138

116. ഏത് പുരാണ കഥാപാത്രം ജനിച്ച സ്ഥലമാണ് ഗാന്ധിജി ജനിച്ച പോർബന്ദർ?
(എ) ശ്രീകൃഷ്ണൻ (ബി) നാരദൻ
(സി) കുചേലൻ (ഡി) ഭരതൻ

117. മഹാദേവ് ദേശായിയുടെ നിര്യാണശേഷം ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയായത് ആരാണ്?
(എ) സുശീല നയ്യാർ (ബി) യൂസഫ് മെഹ്റലി
(സി) പ്യാരേലാൽ നയ്യാർ (ഡി) ഹുമയൂൺ കബീർ

118. ബാല്യകാലത്ത് ഗാന്ധിജിയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഇതിഹാസ കഥാപാത്രം:
(എ) ശിബി (ബി) രന്തിദേവൻ
(സി) കുചേലൻ (ഡി) ഹരിശ്ചന്ദ്രൻ

119. ഗാന്ധി വധക്കേസിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരെ ശിക്ഷിച്ചത് ഏത് ജയിലിൽവച്ചാണ് ?
(എ) തിഹാർ (ബി) അംബാല
(സി) അലഹബാദ് (ഡി) പൂനെ

120. ഈ പുരാതന രാഷ്ട്രത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച ആ ദീപം നമ്മെ തെറ്റുകളിൽനിന്ന് പിന്തിരിപ്പിക്കുകയും ശരിയായ പാത കാട്ടിത്തരികയും ചെയ്യുന്ന ശാശ്വത സത്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന് ഗാന്ധിജിയുടെ നിര്യാണവേളയിൽ പറഞ്ഞത് ആരാണ് ?
(എ) ആൽബർട്ട് ഐൻസ്റ്റീൻ
(ബി) ജവാഹർലാൽ നെഹ്റു (സി) സർദാർ പട്ടേൽ
(ഡി) സി.രാജഗോപാലാചാരി

121. വ്യായാമങ്ങളുടെ റാണി ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെയാണ്?
(എ) നടത്തം (ബി) ഓട്ടം
(സി) നീന്തൽ (ഡി) യോഗാസനം

122. ഗാന്ധിജിയുടെ മൂത്തമകന്റെ പേര്:
(എ) ഹരിലാൽ (ബി) മണിലാൽ
(സി) രാംദാസ് (ഡി) ദേവദാസ്

123. തനിക്കത് അമ്മയെപ്പോലെയാണ് എന്ന് ഗാന്ധിജി പറഞ്ഞത് ഏത് പുസ്തകത്തെ ഉദ്ദേശിച്ചാണ്?
(എ) രാമായണം (ബി) മനുസ്മൃതി
(സി) ഭഗവത്ഗീത (ഡി) മഹാഭാരതം

124. നിയമ പഠനത്തിന്ശേഷം ഇന്ത്യയിൽ മടങ്ങിയെത്തിയ ഗാന്ധിജിയെ കാത്തിരുന്ന ദുഖ:വാർത്ത:
(എ) പിതാവിന്റെ മരണം (ബി) മാതാവിന്റെ മരണം
(സി) ജ്യേഷ്ഠന്റെ മരണം (ഡി) ഭാര്യാപിതാവിന്റെ മരണം

125. തന്നെ നിരീശ്വരത്വത്തിലേക്ക് നയിച്ച പുസ്തകമെന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ഏതിനെയാണ്?
(എ) ലൈറ്റ് ഓഫ് ഏഷ്യ (ബി) കീ ടു ഫിലോസഫി
(സി) അൺടു ദിസ് ലാസ്റ്റ് (ഡി) മനുസ്മൃതി

126. എന്നെ സംബന്ധിച്ചിടത്തോളം ഈശ്വരനും ഗാന്ധിജിയും രണ്ടായിരുന്നു. ഇപ്പോഴവർ ഒന്നായിരിക്കുന്നു–ഗാന്ധിജിയുടെ നിര്യാണവേളയിൽ ഇപ്രകാരം പറഞ്ഞത് ആരാണ്?
(എ) മീരാ ബെൻ (ബി) പേൾ എസ് ബക്ക്
(സി) സരോജിനി നായിഡു (ഡി) സുശീല നയ്യാർ

127. ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണ ശാല എന്നറിയപ്പെടുന്ന രാജ്യമേതാണ്?
(എ) ഇന്ത്യ (ബി) ഇംഗ്ലണ്ട്
(സി) ദക്ഷിണാഫ്രിക്ക (ഡി) ഇതൊന്നുമല്ല

128. ദക്ഷിണാഫ്രിക്കയിൽപോയ ഗാന്ധിജി ആദ്യമായി ഇന്ത്യയിലേക്ക് മടങ്ങിവന്നത് ഏത് വർഷമാണ്?
(എ) 1901 (ബി) 1896 (സി) 1914 (ഡി) 1915

129. ബോവർ യുദ്ധത്തിൽ ഗാന്ധിജി ബ്രിട്ടീഷുകാർക്ക് നൽകിയ സേവനങ്ങളെ മാനിച്ച് ഗാന്ധിജിക്ക് ബ്രിട്ടീഷുകാർ നൽകിയ ബഹുമതി:
(എ) ഷെവലിയർ (ബി) വിക്ടോറിയ ക്രോസ്
(സി) കൈസർ ഇ ഹിന്ദ് (ഡി) ഇവയൊന്നുമല്ല

130. കോടതിമുറിയിലെ ഗർജിക്കുന്ന സിംഹം എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെയാണ്?
(എ) ബാലഗംഗാധര തിലകൻ (ബി) ഡി.ഇ.വാച
(സി) ഫിറോസ് ഷാ മേത്ത
(ഡി) ഗോപാലകൃഷ്ണ ഗോഖലെ

131. ഗാന്ധിജി പങ്കെടുത്ത കൽക്കട്ട കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ:
(എ) ഡി.ഇ.വാച (ബി) ഫിറോസ് ഷാ മേത്ത
(സി) ആനി ബെസന്റ് (ഡി) സി.ശങ്കരൻ നായർ

132. ഏത് പുസ്തകമാണ് ഗുജറാത്തി ഭാഷയിലേക്ക് സർവോദയം എന്ന പേരിൽ ഗാന്ധിജി പരിഭാഷപ്പെടുത്തിയത്?
(എ) അൺടു ദിസ് ലാസ്റ്റ് (ബി) കീ ടു ഫിലോസഫി
(സി) ലൈറ്റ് ഓഫ് ഏഷ്യ (ഡി) ഇതൊന്നുമല്ല

133. കാലഹരണപ്പെട്ട ചെക്ക് എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെയാണ്?
(എ) സൈമൺ കമ്മിഷൻ (ബി) ക്രിപ്സ് മിഷൻ
(സി) ക്യാബിനറ്റ് മിഷൻ (ഡി) ഇന്ത്യാ വിഭജനം

134. ഏത് വർഷമാണ് ഗാന്ധിജി ഹിന്ദ് സ്വരാജ് രചിച്ചത്?
(എ) 1907 (ബി) 1908 (സി) 1909 (ഡി) 1910

135. ആരുടെ കേസുമായി ബന്ധപ്പെട്ടാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പോയത്?
(എ) ദാദാ അബ്ദുള്ള (ബി) ബേക്കർ
(സി) സ്മട്സ് (ഡി) കല്ലൻബാക്ക്

136. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ അവശതകൾ സംബന്ധിച്ച ഒരു പ്രമേയം ഏത് വർഷത്തെ കോൺഗ്രസ് സമ്മേളനത്തിലാണ് ഗാന്ധിജി അവതരിപ്പിച്ചത്?
(എ) 1901 (ബി) 1902 (സി) 1903 (ഡി) 1904

137. ഗാന്ധിജിയുടെ ചരമവൃത്താന്തം അറിഞ്ഞപ്പോൾ രണ്ടാമത്തെ ക്രിസ്തുവും കുരിശ്ശിൽ തറയ്ക്കപ്പെട്ടു എന്നു പറഞ്ഞത്:
(എ) വിർജീനിയ വൂൾഫ് (ബി) പേൾ എസ് ബക്ക്
(സി) ബെർണാഡ് ഷാ (ഡി) ഐൻസ്റ്റീൻ

138. ഗാന്ധിജി ജനിച്ച സ്ഥലമായ പോർബന്ദറിന്റെ പഴയ പേര്:
(എ) ഘരപുരി (ബി) സുദാമാപുരി
(സി) ബനാറസ് (ഡി) ഗിരിവ്രജ

139. ഗാന്ധിവധത്തോടെ നിരോധിക്കപ്പെട്ട സംഘടന:
(എ) ആർ.എസ്.എസ്. (ബി) ഹിന്ദുമഹാസഭ
(സി) ജനസംഘം (ഡി) ഇവയൊന്നുമല്ല

140. മരണസമയത്ത് ഗാന്ധിജിയുടെ ഒപ്പമുണ്ടായിരുന്നത്:
(എ) മീരാ ബെന്നും സരളാ ബെന്നും(ബി) മനുവും മീരയും
(സി) മനുവും ആഭയും (ഡി) ആഭയും സുശീല നയ്യാറും

141. ഗാന്ധിജി അന്തരിച്ച അതേ വർഷം തന്നെ അന്തരിച്ച നേതാവ്:
(എ) സർദാർ പട്ടേൽ (ബി) സരോജിനി നായിഡു
(സി) അരവിന്ദ ഘോഷ് (ഡി) മുഹമ്മദലി ജിന്ന

142. മഹാത്മാഗാന്ധി അന്തരിച്ച വാർത്തയറിഞ്ഞ്, കൂടുതൽ നല്ലതാവുന്നത് നല്ലതല്ല എന്ന അനുശോചന സന്ദേശമയച്ചത് ആരാണ്?
(എ) വിൻസ്റ്റൺ ചർച്ചിൽ (ബി) ജവാഹർലാൽ നെഹ്രു
(സി) ഐൻസ്റ്റീൻ (ഡി) ബെർണാഡ് ഷാ

143. ഗാന്ധിജിയുടെ ആത്മീയ പിൻഗാമി എന്നറിയപ്പെട്ടത് ആരാണ് ?
(എ) ആചാര്യ കൃപലാനി (ബി) ജവാഹർലാൽ നെഹ്രു
(സി) വിനോബ ഭാവെ (ഡി) സി.രാജഗോപാലാചാരി

144. 1944 മെയ് മാസത്തിൽ ഗാന്ധിജിയെ അപായപ്പെടുത്താൻ ഗോഡ്സെയും ഒരു കൂട്ടം ആൾക്കാരും ശ്രമം നടത്തിയ സ്ഥലം:
(എ) പഞ്ച്ഗനി (ബി) നാസിക്
(സി) വാർധ (ഡി) ന്യൂഡൽഹി

145. ഞാൻ പോയാൽ അദ്ദേഹം എന്റെ ഭാഷ സംസാരിക്കും എന്ന് എനിക്ക് അറിയാം എന്ന് 1941 ജനുവരി 15–ന് എ.ഐ.സി.സി. മുമ്പാകെ പ്രസംഗിക്കുമ്പോൾ ഗാന്ധിജി പറഞ്ഞത് ആരെ ഉദ്ദേശിച്ചാണ്?
(എ) ജവാഹർലാൽ നെഹ്രു
(ബി) സി.രാജഗോപാലാചാരി
(സി) വിനോബാ ഭാവെ (ഡി) മഹാദേവ് ദേശായി

146. ഗാന്ധിജി അവസാനമായി സത്യാഗ്രഹം അനുഷ്ഠിച്ചത് എവിടെയായിരുന്നു ?
(എ) മുംബൈ (ബി) കൊൽക്കത്ത
(സി) നവഖാലി (ഡി) ന്യൂഡൽഹി

147. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായി അന്തരിച്ച വർഷം:
(എ) 1944 (ബി) 1945 (സി) 1943 (ഡി) 1942

148. സ്വാതന്ത്ര്യത്തിനുശേഷം 1948–ൽ കോൺഗ്രസിനെ ഏത് പേരിലുള്ള പ്രസ്ഥാനം ആക്കി മാറ്റണമെന്നാണ് ഗാന്ധിജി നിർദ്ദേശിച്ചത്?
(എ) ലോക് സേവാ സംഘ് (ബി) ഭാരത് സേവക് സമാജ്
(സി) ലോക് സേവക് സമാജ് (ഡി) ഇവയൊന്നുമല്ല

149. ടാഗോറും ഗാന്ധിജിയും അവസാനമായി കണ്ടത് ഏത് വർഷമായിരുന്നു?
(എ) 1938 (ബി) 1939 (സി) 1941 (ഡി) 1940

150. 1940–ലാണ് ഗാന്ധിജി വ്യക്തി സത്യാഗ്രഹം ആരംഭിച്ചത്. ഇതിനായി തിരഞ്ഞെടുത്ത ആദ്യത്തെ സത്യാഗ്രഹി:
(എ) വിനോബ ഭാവെ (ബി) ജവാഹർലാൽ നെഹ്രു
(സി) സരോജിനി നായിഡു (ഡി) സർദാർ പട്ടേൽ

## Answers

1(a) 2(c) 3(b) 4(c) 5(c) 6(c) 7(a) 8(b) 9(a) 10(d) 11(b) 12(d) 13(d) 14(c) 15(a) 16(b) 17(d) 18(d) 19(c) 20(b) 21(b) 22(a) 23(c) 24(a) 25(b) 26(a) 27(a) 28(d) 29(a) 30(b) 31(a) 32(a) 33(d) 34(a) 35(b) 36(c) 37(b) 38(a) 39(d) 40(b) 41(b) 42(a) 43(c) 44(a) 45(a) 46(c) 47(a) 48(a) 49(d) 50(b) 51(a) 52(b) 53(c) 54(a) 55(a) 56(a) 57(b) 58(b) 59(b) 60(d) 61(d) 62(a) 63(a) 64(a) 65(a) 66(a) 67(b) 68(d) 69(b) 70(b) 71(b) 72(a) 73(b) 74(d) 75(a) 76(c) 77(a) 78(c) 79(d) 80(c) 81(a) 82(b) 83(a) 84(d) 85(c) 86(b) 87(a) 88(c) 89(c) 90(d) 91(d) 92(a) 93(a) 94(c) 95(d) 96(d) 97(a) 98(a) 99(c) 100(a)101(d) 102(c) 103(b) 104(b) 105(b) 106(c) 107(a) 108(d) 109(b) 110(a) 111(b) 112(c) 113(a) 114(c) 115(a) 116(c) 117(c) 118(d) 119(b) 120(b) 121(a) 122(a) 123(c) 124(b) 125(d) 126(a) 127(c) 128(b) 129(c) 130(c)1 31(a) 132(a) 133(b) 134(c) 135(a) 136(a) 137(b) 138(b) 139(a) 140(c) 141(d) 142(d) 143(c) 144(a) 145(a) 146(d) 147(d) 148(a) 149(d) 150(a)

# മഹാരാഷ്ട്ര-2

## ഇന്ത്യൻ സംസ്ഥാനങ്ങൾ






**നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോട്ടൺ റിസർച്ച് , നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സസ് , ദേശീയ നാരക ഗവേഷണ കേന്ദ്രം,സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ് (സി-ഡാക്), നാഷണൽ കെമിക്കൽ ലബോറട്ടറി,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി,ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്, സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, നാഷണൽ ഡിഫൻസ് അക്കാദമി, രാജീവ് ഗാന്ധി സുവോളജിക്കൽ പാർക്ക് , നാഷണൽ ഫിലിം ആർക്കൈവ്സ്, നാഷണൽ എയ്ഡ്സ് റിസർച്ച് സെന്റർ ,നാഷണൽ റിസർച്ച് സെന്റർ ഫോർ ഗ്രേപ്സ് എന്നിങ്ങനെ ഒട്ടനവധി സ്ഥാപനങ്ങളുടെ ആസ്ഥാനം മഹാരാഷ്ട്രയിലെ നഗരങ്ങളിലാണ്. വിശദമായി മനസ്സിലാക്കാം അവയെക്കുറിച്ചെല്ലാം.....**

## പ്രധാന സ്ഥലങ്ങൾ

* പ്രിൻസ് ഓഫ് വെയ്ൽസ് മ്യൂസിയം മുംബൈയിലാണ്. ഛത്രപതി ശിവജി മഹാരാജ് വാസ്തു സംഗ്രഹാലയ എന്നാണ് പുതിയ പേര്.
* ബ്രിട്ടീഷ് ഭരണകാലത്ത് ബോംബെ പ്രവിശ്യയുടെ വേനൽക്കാല തലസ്ഥാനമായിരുന്നത്- **മഹാബലേശ്വർ**
* മഹാരാഷ്ട്രയിൽ പെനിസെലിൻ ഫാക്ടറി എവിടെയാണ്- **പിംപ്രി** (ഉത്തരാഖണ്ഡിലെ ഋഷികേശിലും പെനിസെലിൻ ഫാക്ടറിയുണ്ട്).
* ഔറംഗബാദിന്റെ പുതിയ പേര്- **സാംബാജിനഗർ** (ശിവജിയുടെ മകനായിരുന്നു സാംബാജി)
* ദഹ്ബോൾ വൈദ്യുത നിലയം ഏതു സംസ്ഥാനത്ത്- **മഹാരാഷ്ട്ര**
* ഉജിനി തണ്ണീർത്തടം ഏതു സംസ്ഥാനത്താണ്- **മഹാരാഷ്ട്ര**
* ഷോളാപ്പൂർ ഏതു വ്യവസായത്തിനു പ്രസിദ്ധം- **പരുത്തിത്തുണിത്തരങ്ങൾ**
* മഹാരാഷ്ട്രയിൽ കുംഭമേള നടക്കുന്ന സ്ഥലം- **നാസിക്** (ഗോദാവരിയുടെ തീരത്ത്)
* പാന്തർപൂർ ഏത് നദിയുടെ തീരത്താണ്- **ഭീമ**
* ഷിർദ്ദിസായി ബാബയുടെ ജന്മസ്ഥലമായ ഷിർദ്ദി മഹാരാഷ്ട്രയിലാണ്. 1838 മുതൽ 1938 വരെയാണ് അദ്ദേഹത്തിന്റെ ജീവിത കാലഘട്ടം.
* ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ രജിസ്റ്റേർഡ് ഓഫീസ് എവിടെയാണ്- **മുംബൈ**
* ഇന്ത്യയിലെ സിനിമാ വ്യവസായത്തിന്റെ കേന്ദ്രം- **മുംബൈ** (മോളിവുഡ് എന്നാണ് മുംബൈയിലെ സിനിമാ വ്യവസായം അറിയപ്പെടുന്നത്).
* ആഗാഖാൻ കൊട്ടാരം എവിടെയാണ്- **പൂനെ** (ഇവിടെവച്ചാണ് കസ്തൂർബ ഗാന്ധി അന്തരിച്ചത്).
* മുംബൈയിലെ പ്രശസ്തമായ സ്ഥലങ്ങളാണ് മറൈൻ ഡ്രൈവ്, നരിമാൻ പോയിന്റ്, ജൂഹു ബീച്ച് എന്നിവ.
* ഇന്ത്യൻ ആർമിയുടെ സതേൺ കമാൻഡിന്റെ ആസ്ഥാനം പൂനെയാണ്.

## പ്രധാന സംഭവങ്ങൾ

* 1908-ൽ ബോംബെയിൽ സേവാ സദൻ സ്ഥാപിച്ചത് ബി.എം.മലബാറിയാണ്. അതിന്റെ ആദ്യ പ്രസിഡന്റായിരുന്നത് പണ്ഡിത രമാഭായ്.
* ക്വിറ്റിന്ത്യാ സമര പ്രഖ്യാപനം (1942)നടത്തിയ മൈതാനം- **ഗോവാലിയ ടാങ്ക്**
* ഗോവാലിയ ടാങ്ക് ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു- **ഓഗസ്റ്റ് ക്രാന്തി മൈതാനം**
* ലത്തൂർ ഭൂകമ്പം നടന്ന വർഷം- **1993**
* ബോംബെ ഹൈക്കോടതിയുടെ പേര് മുംബൈ ഹൈക്കോടതി എന്നു മാറ്റിയത് 2016-ലാണ്.

## പ്രധാന സ്ഥാപനങ്ങൾ

* നബാർഡ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൽ.ഐ.സി) എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ആസ്ഥാനം മുംബൈയിലാണ്.
* പ്രിൻസ് ഓഫ് വെയിൽസ് മ്യൂസിയം എവിടെയാണ്- മുംബൈ (ബ്രിട്ടണിലെ കിരീടാവകാശിയുടെ സ്ഥാനപ്പേരാണ് പ്രിൻസ് ഓഫ് വെയിൽസ്)
* 1948-ൽ സ്ഥാപിതമായ ഫിലിംസ് ഡിവിഷന്റെ ആസ്ഥാനം- മുംബൈ
* ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ് എവിടെയാണ്- **പൂനെ**
* 1955-ൽ സ്ഥാപിതമായ ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയുടെ ആസ്ഥാനം- **മുംബൈ**
* 1992-ൽ സ്ഥാപിതമായ സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) ആസ്ഥാനം- **മുംബൈ**
* നാഷണൽ എൻവയോൺമെന്റൽ എൻജിനിയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്- **നാഗ്പൂർ** (ഡോ.ബാബാസാഹേബ് അംബേദ്കർ വിമാനത്താവളം നാഗ്പൂരിലാണ്).
* അമരാവതി തെർമൽ പവർ പ്ലാന്റ് അമരാവതി ജില്ലയിലാണ്.
* ചന്ദ്രപ്പൂർ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ ചന്ദ്രപ്പൂർ ജില്ലയിലാണ്.
* നബാർഡിന്റെ (നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡവലപ്മെന്റ്) ആസ്ഥാനം- **മുംബൈ** (1982ൽ സ്ഥാപിക്കപ്പെട്ടു)
* ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എവിടെയാണ്- **പൂനെ**
* നാഷണൽ ഡിഫൻസ് അക്കാദമി- **ഖഡക്വാസ്ല**
* യുണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ആസ്ഥാനം- **മുബൈ**
* ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട്- **പൂനെ**
* ജിന്നാഹൗസ്, മലബാർ ഹിൽ എന്നിവ മുംബൈയിലാണ്.
* മുംബൈയിലാണ് ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചും സ്ഥിതിചെയ്യുന്നത്. ദലാൽ സ്ട്രീറ്റിലെ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഓഹരി വിലനിലവാര സൂചിക സെൻസെക്സ് എന്നും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ സൂചിക നിഫ്റ്റി എന്നും അറിയപ്പെടുന്നു. സെൻസെക്സ് എന്ന പദം ആദ്യമായി ഉപയോഗിച്ചത് ദീപക് മൊഹാനിയാണ്.
* ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ്, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ സയൻസസ്, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്നിവ മുംബൈയിലാണ്.
* ഇന്ത്യൻ അണുശക്തി വകുപ്പിന്റെ ആസ്ഥാനമാണ് മുംബൈ.
* ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് മുംബൈയിലാണ്.
* മുംബൈ നഗരത്തിനു സമീപമാണ് സഞ്ജയ് ഗാന്ധി നാഷണൽ പാർക്ക്. മുമ്പ് ബോറിവിലി നാഷണൽ പാർക്ക് എന്നാണിതറിയപ്പെട്ടിരുന്നത്.
* 1966-ൽ ബാൽ താക്കറേ രൂപം നൽകിയ രാഷ്ട്രീയ കക്ഷിയായ ശിവസേനയുടെ ആസ്ഥാനം മുംബൈയിലെ സേനാ ഭവൻ ആണ്.
* സെൻട്രൽ റെയിൽവേയുടെ ആസ്ഥാനമാണ് മുംബൈ. ഛത്രപതി ശിവജി മഹാരാജ് ടെർമിനലിന്റെ (സി.എസ്.ടി.) പഴയ പേര് വിക്ടോറിയ ടെർമിനസ് (വി.ടി.)എന്നാണ്. ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷനായ ബോറിബന്ദറിന്റെ സ്ഥാനത്ത് ഈ മന്ദിരം രൂപകൽപന ചെയ്തത് ഫ്രെഡറിക് വില്യം സ്റ്റീവൻസ് ആണ്.
* വാങ്കഡേ സ്റ്റേഡിയം,ബ്രാബോൺ സ്റ്റേഡിയം എ ന്നി വ മുംബൈയിലാണ്.
* മുംബൈയിലെ മലബാർ ഹില്ലിലാണ് പ്രശസ്തമായ ഹാംഗിങ് ഗാർഡൻസ്. ഇത് ഫിറോസ് ഷാ മേത്ത ഗാർഡൻസ് എന്നും അറിയപ്പെടുന്നു. കമലാ നെഹ്റു പാർക്കും മലബാർ ഹില്ലിലാണ്.
* ഡീകമ്മീഷൻ ചെയ്ത ഇന്ത്യയുടെ എയർ ക്രാഫ്റ്റ് കാരിയറായ ഐ.എൻ.എസ്. വിക്രാന്ത് ഇപ്പോൾ ഫ്ളോട്ടിംഗ് മ്യൂസിയമായി നിലനിർത്തിയിരിക്കുന്നത് മുംബൈയിലാണ്.



* എയർ ഇന്ത്യയുടെ ആസ്ഥാനം മുംബൈയിലെ നരിമാൻ പോയിന്റിലാണ് (എയർ ഇന്ത്യ എക്സ്പ്രസിന്റെ ആസ്ഥാനം കൊച്ചിയാണ്).
* 1906–ൽ സ്ഥാപിതമായ ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം മുംബൈ ആണ്. ഇന്ത്യക്ക് പുറത്ത് ശാഖ തുടങ്ങിയ (1946–ൽ ലണ്ടനിൽ) ആദ്യത്തെ ഇന്ത്യൻ ബാങ്കാണിത്.
* സഹർ ഇന്റർനാഷണൽ എയർപോർട്ട് ഇപ്പോൾ ഛത്രപതി ശിവജി ഇന്റർനാഷണൽ എയർപോർട്ട് എന്നറിയപ്പെടുന്നു. യാത്രക്കാരുടെ എണ്ണത്തിൽ തെക്കനേഷ്യയിലെ രണ്ടാമത്തെ വിമാനത്താവളമാണിത്.
* രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ ആസ്ഥാനം നാഗ്പൂരിലാണ്.
* നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോട്ടൺ റിസർച്ച് , നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സസ് , ദേശീയ നാരക ഗവേഷണ കേന്ദ്രം എന്നിവ നാഗ്പൂരിലാണ്. ഇന്ത്യൻ എയർഫോഴ്സിന്റെ മെയിന്റനൻസ് കമാൻഡിന്റെ ആസ്ഥാനവും ഇവിടെയാണ്.
* ദളിത് ബുദ്ധമതക്കാരുടെ പുണ്യസ്ഥലമായ ദീക്ഷഭൂമിയും ഡോ. ബാബാ സാഹേബ് അംബേദ്കർ എയർപോർട്ടും നാഗ്പൂരിലാണ്.
* ഇന്ത്യൻ ആർമിയുടെ സതേൺ കമാൻഡ്, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ് (സി–ഡാക്), നാഷണൽ കെമിക്കൽ ലബോറട്ടറി,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി,ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്, സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, നാഷണൽ ഡിഫൻസ് അക്കാദമി (ഖഡക്വാസ്‌ല), രാജീവ് ഗാന്ധി സുവോളജിക്കൽ പാർക്ക് , നാഷണൽ ഫിലിം ആർക്കൈവ്സ്, നാഷണൽ എയ്ഡ്സ് റിസർച്ച് സെന്റർ ,നാഷണൽ റിസർച്ച് സെന്റർ ഫോർ ഗ്രേപ്സ് എന്നിവ പുനെയിലാണ്.
* ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആസ്ഥാനം പുനെയിലാണ്.
* ഏഷ്യൻ സ്കൂൾ ഓഫ് സൈബർ ലോ പൂണെയിലാണ്
* സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റിയോറോളജി എന്നിവ പൂനെയിലാണ്.
* ഡെക്കാൺ എഡ്യുക്കേഷൻ സൊസൈറ്റിയുടെ ആസ്ഥാനം പുനെയിലാണ്. ഇവിടെ ആ സംഘടന 1885–ൽ ഫെർഗുസൻ കോളേജ് സ്ഥാപിച്ചു.
* ഫിഷറി സർവേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം മുംബൈ ആണ്.
* ബോംബെ ഹൈക്കോടതിയ്ക്ക് നാഗ്പൂരിലും ഔറംഗബാദിലും ബഞ്ചുകളുണ്ട്.

## കുഴപ്പിക്കുന്ന വസ്തുതകൾ

* 1875–ൽ സ്ഥാപിതമായ മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഓഹരി സൂചിക സെൻസെക്സ് ആണ്. എന്നാൽ, 1992–ൽ സ്ഥാപിതമായ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഓഹരി സൂചികയാണ് നിഫ്റ്റി.
* ബുദ്ധമതക്കാർ ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം– **മഹാരാഷ്ട്ര** (എന്നാൽ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സിക്കിമിലാണ്).
* അജന്താ ഗുഹകൾ കണ്ടെത്തിയ വർഷം– **1819** (ആകെ ഗുഹകൾ 29).
* എല്ലോറ ഗുഹകൾ ഏത് ജില്ലയിലാണ്– **ഔറംഗബാദ്** (ആകെ ഗുഹകൾ 34).
* കൊൽക്കത്തയ്ക്കു സമീപം ഫോർട്ട് ഗ്ലാസ്റ്ററിൽ 1818–ൽ ഒരു തുണിമില്ലാരംഭിച്ചതോടെയാണ് ഇന്ത്യയിൽ പരുത്തിത്തുണി വ്യവസായത്തിന് തുടക്കമായത്. എന്നാൽ, വൻതോതിലുള്ള പരുത്തിത്തുണി വ്യവസായം തുടങ്ങിയത് 1854–ൽ മുംബൈയിലാണ്.
* മറാത്ത മാക്യവെല്ലി എന്നറിയപ്പെട്ടത് നാനാ ഫഡ്നാവിസ്. മറാത്ത കേസരിയെന്നു വിളിച്ചത് ബാലഗംഗാധര തിലകനെയാണ്
* 1920–ൽ കോൺഗ്രസിന്റെ സമ്മേളനവേദി (ആന്വൽ സെഷൻ) നാഗ്പൂരായിരുന്നു. സി.വിജയരാഘവാചാര്യർ ആയിരുന്നു അധ്യക്ഷൻ. അതേ വർഷം കൊൽക്കത്തയിൽ നേരത്തേ നടന്ന പ്രത്യേക സമ്മേളത്തിൽ (സ്പെഷൽ സെഷൻ) ലാലാ ലജ്പത്റായിയായിരുന്നു അധ്യക്ഷൻ.

## അപൂർവ വസ്തുതകൾ

* പോർച്ചുഗലിലെ കാതറിനെ വിവാഹം കഴിച്ചപ്പോൾ ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമൻ രാജാവിന് സ്ത്രീധനമായി ലഭിച്ച പ്രദേശം– **ബോംബെ**
* പോർച്ചുഗീസുകാരിൽനിന്ന് സ്ത്രീധനമായി ബ്രിട്ടീഷുകാർക്ക് ലഭിച്ച നഗരമാണ് മുംബൈ. പോർച്ചുഗലിലെ ജോൺ നാലാമൻ രാജാവിന്റെ മകൾ കാതറിൻ രാജകുമാരിയെ ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമൻ രാജകുമാരൻ വിവാഹംകഴിക്കുന്ന അവസരത്തിലായിരുന്നു (1661) ആ കൈമാറ്റം .
* സഞ്ജയ് ഗാന്ധി ദേശീയ പാർക്ക് ഏതു സംസ്ഥാനത്താണ്– **മഹാരാഷ്ട്ര**
* സഞ്ജയ് ഗാന്ധി ദേശീയ പാർക്കിനുള്ളിലാണ് കാൻഹേരി ഗുഹകൾ.
* നാല് രാജ് ഭവനുകളുള്ള ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര. മുംബൈയിലുള്ളതു കൂടാതെ നാഗ്പൂർ , പൂനെ, മഹാബലേശ്വർ എന്നീ സ്ഥലങ്ങളിലും രാജ് ഭവനുകളുണ്ട്. സന്ദർശനത്തിനെത്തുമ്പോൾ ഗവർണർ ഇവിടെ താമസിക്കും.
* മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയാണ് വർഷ.
* ഇന്ത്യൻ റെയിൽവേയ്ക്ക് ഡയമണ്ട് ക്രോസിങ് ഉള്ള ഏക സ്ഥലമാണ് നാഗ്പൂർ. നാലു ദിശകളിലേക്കുമുള്ള പാതകൾ ക്രോസ് ചെയ്യുമ്പോഴാണ് ഡയമണ്ട് ക്രോസിങ് രൂപപ്പെടുന്നത്.
* 1945–ൽ മുംബൈയിലെ 8 പ്രമുഖവ്യവസായികൾ ചേർന്ന് ആസൂത്രണം ചെയ്ത പദ്ധതി– ബോംബെ പ്ലാൻ
* ബോംബെ ഹൈക്കോടതിയുടെ അധികാര പരിധിയിൽ മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളും ദാമൻ–ദിയു, ദദ്ര–നഗർ ഹവേലി എന്നി കേന്ദ്ര ഭരണപ്രദേശങ്ങളും ഉൾപ്പെടുന്നു. രണ്ട് സംസ്ഥാനങ്ങളും രണ്ട് കേന്ദ്ര ഭരണപ്രദേശങ്ങളും അധികാര പരിധിയിൽ വരുന്ന ഏക ഹൈക്കോടതിയാണ് ബോംബെ ഹൈക്കോടതി.
* ബ്രിട്ടീഷ് ഇന്ത്യയുടെ മധ്യഭാഗത്തായിരുന്നതിനാൽ സീറോ മൈൽസ്റ്റോൺ സ്ഥാപിച്ചിരുന്നത് നാഗ്പൂരിലാണ്.
* മഹാരാഷ്ട്രയിലെ മികച്ച കായിക താരത്തിന് നൽകുന്ന അവാർഡാണ് ഛത്രപതി അവാർഡ്.

## കൂടുതൽ മാർക്കു നേടാൻ

* ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് ഏതു തെരുവിൽ സ്ഥിതി ചെയ്യുന്നു– **ദലാൽ തെരുവ്** (ഫിറോസ് ജീജാഭായ് ടവേഴ്സിൽ)
* ജവാഹർലാൽ തുറമുഖത്തിന്റെ മറ്റൊരു പേര്– **നവ ഷേവ** (ഇന്ത്യയിൽ ഏറ്റവും കൂടുതൽ കണ്ടയ്നർ ഗതാഗതം നടക്കുന്ന തുറമുഖം)
* ഡോ. ബി.ആർ. അംബേദ്കറുടെ അന്ത്യവിശ്രമ സ്ഥാനമാണ് ചൈത്യഭൂമി.
* മഹാകാളി ഗുഹകൾ മുംബൈയ്ക്ക് സമീപമാണ്.
* കനേരി ഗുഹ മഹാരാഷ്ട്രയിലാണ്.
* ഗാന്ധിജിയുടെ അവസാനത്തെ തടവറവാസം പൂനെയിലെ ആഗാഖാൻ പാലസിലായിരുന്നു.
* മഹാബലേശ്വറിലെ പഞ്ചഗംഗ ക്ഷേത്രത്തിനകത്തുള്ള തടാകത്തിൽനിന്നാണ് അഞ്ചു നദികളുടെ ഉദ്ഭവം. കൃഷ്ണ, കോയ്ന, വേണി, സാവിത്രി, ഗായത്രി എന്നീ നദികളാണ് അവ. ഈ നദികളെല്ലാം പിന്നീട് കൃഷ്ണയിൽവന്നു ചേരുന്നു.
* കോയ്ന ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണിയാണ് ശിവസാഗർ തടാകം. അമ്പത് കിലോമീറ്ററോളമാണ് നീളം.
* ഉൽക്കാപതനത്തിന്റെ ഫലമായി രൂപംകൊണ്ടതെന്നു കരുതപ്പെടുന്ന തടാകമാണ് ബുൽധാൻ ജില്ലയിലെ ലോണാർ ക്രേറ്റർ തടാകം. ഇതിന് വൃത്താകൃതിയാണുള്ളത്.

## ചരിത്രപഥം

* 1687ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ ആസ്ഥാനം സൂറത്തിൽനിന്ന് മുംബൈയിലേക്ക് മാറ്റി. ബ്രിട്ടീഷ്കാലത്ത് ബോംബെ പ്രസിഡൻസിയുടെ ആസ്ഥാനം മുംബൈ ആയിരുന്നു.
* വെയ്ൽസ് രാജകുമാരൻ 1905–ൽ ഇന്ത്യ സന്ദർശിച്ചതിന്റെ സ്മരണയ്ക്ക് നിർമിച്ചതാണ് പ്രിൻസ് ഓഫ് വെയ്ൽസ് മ്യൂസിയം. ജോർജ് വിറ്റെറ്റ് ആണ് മന്ദിരം രൂപകൽപന ചെയ്തത്. ഇപ്പോളത് ഛത്രപതി ശിവജി മഹാരാജ് വാസ്തു സംഗ്രഹാലയ എന്നറിയപ്പെടുന്നു (ഇംഗ്ലണ്ടിലെ കിരീടാവകാശിയാണ് പ്രിൻസ് ഓഫ് വെയ്ൽസ് എന്നറിയപ്പെടുന്നത്).
* അധികാരത്തിലിരിക്കെ ഇന്ത്യ സന്ദർശിച്ച ഏക ബ്രിട്ടീഷ് ചക്രവർത്തിയാണ് ജോർജ് അഞ്ചാമൻ രാജാവ്. അദ്ദേഹവും ഭാര്യ മേരിയും 1911–ൽ ഇന്ത്യയിലെത്തിയതിന്റെ സ്മരണയ്ക്കായി നിർമിച്ച ഗേറ്റ് വേ ഓഫ് ഇന്ത്യ രൂപകൽപന ചെയ്തത് ഏലീൃഴല ണശലേേ ആണ്. 26 മീറ്ററാണ് നിർമിതിയുടെ ഉയരം. 1924–ൽ നിർമാണം പൂർത്തിയായ കവാടം ഉദ്ഘാടനം ചെയ്തത് വൈസ്രോയി റീഡിങ് പ്രഭുവാണ്.
* 1942–ൽ ക്വിറ്റിന്ത്യാ സമരം ആരംഭിച്ചത് മുംബൈയിലാണ്. 1942 ആഗസ്ത് എട്ടിന് മുംബൈയിലെ ഗോവാലിയ ടാങ്ക് മൈതാനത്തിൽ ക്വിറ്റിന്ത്യാ പ്രമേയം പാസാക്കി. അടുത്ത ദിവസം പ്രക്ഷോഭം ആരംഭിച്ചു. മുൻകരുതലായി നേതാക്കളെ ജയിലിലടച്ചതിനാൽ സമരം നയിക്കാൻ പ്രധാന നേതാക്കൾ ഉണ്ടായിരുന്നില്ല. ഗോവാലിയ ടാങ്ക് പിൽക്കാലത്ത് ആഗസ്ത് ക്രാന്തി മൈതാൻ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.
* 1946– ലെ നാവിക കലാപം അരങ്ങേറിയത് മുംബൈയിലാണ്.
* 1992–ൽ ബാബറി മസ്ജിദിന്റെ പതനം മുംബൈയിൽ കലാപത്തിനു കാരണമായി. മുംബൈ കലാപം പശ്ചാത്തലമായി മണിരത്നം സംവിധാനം ചെയ്ത ചിത്രമാണ് ബോംബെ. 2008–ൽ മുംബൈയിലെ താജ് ഹോട്ടൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഭീകരാക്രണമുണ്ടായി. ഈ കേസിൽ പിടിയിലായ ഏക ഭീകരനാണ് അജ്മൽ കസബ്.
* മുംബൈയുടെ പഴയപേര് ബോംബെ എന്നാണ്. 1995ലാണ് പേരുമാറ്റിയത്. പ്രാദേശിക ഹൈന്ദവ ദേവതയായ മുംബാദേവിയാണ് പേരിന് അടിസ്ഥാനം.
* മുംബൈ നഗരത്തിനടുത്താണ് എലിഫന്റാ ഗുഹകൾ. തദ്ദേശീയമായി ഘരപുരി എന്നറിയപ്പെട്ടിരുന്ന ഈ ദ്വീപുകൾക്ക് എലിഫന്റാ എന്ന് പേരു ലഭിക്കുന്നത് പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരുടെ ആധിപത്യകാലത്താണ്. ഇവിടെയാണ് പ്രശസ്തമായ ത്രിമൂർത്തി പ്രതിമ. ഇവിടെയുണ്ടായിരുന്ന ആനയുടെ ശിൽപം ഇപ്പോൾ മുംബൈയിലെ ജിജാമാതാ ഉദ്യാനത്തിലേക്ക് (മുമ്പ് വിക്ടോറിയാ ഗാർഡൻസ്) മാറ്റി സ്ഥാപിച്ചിട്ടുണ്ട്.
* ഓസ്കർ അവാർഡിനർഹമായ (2008) സ്ളംഡോഗ് മില്യണർ എന്ന ചിത്രത്തിൽ മുംബൈ സി.എസ്.ടി. റെയിൽവേ സ്റ്റേഷൻ ചിത്രീകരിച്ചിട്ടുണ്ട്.
* മുംബൈയ്ക്കടുത്ത് റോഹ മുതൽ കർണാടകത്തിലെ മംഗലാപുരം വരെയാണ് കൊങ്കൺ റെയിൽവേ.
* പുനാ ഉടമ്പടി ഒപ്പുവെച്ചത് 1932 സെപ്തംബർ 24ന് പുനെയിലെ യെർവാദ ജയിലിൽ വച്ചാണ്.
* കസ്തൂർബാ ഗാന്ധി (1869–1944) അന്തരിച്ച ആഗാഖാൻ പാലസ് പുനെയിലാണ്. 1892–ൽ ആഗാഖാനാണ് ഇത് പണികഴിപ്പിച്ചത്. ഗാന്ധിജിയുടെ വിശ്വസ്തനായിരുന്ന മഹാദേവ് ദേശായി 1942–ൽ അന്തരിച്ചത് പൂനെയിലാണ്. കസ്തുർബയുടെയും ദേശായിയുടെയും സമാധികളും ആഗാഖാൻ കൊട്ടാരത്തിന്റെ പരിസരത്താണ്.
* പെഷ്വമാരുടെ ആസ്ഥാനമായിരുന്ന പൂനെ ബ്രിട്ടീഷ് ഭരണകാലത്ത് ബോംബെ പ്രസിഡൻസിയുടെ മൺസൂൺ തലസ്ഥാനമായിരുന്നു, മറാഠിഭാഷയുടെ കല്പിത ആസ്ഥാനമായ പുനെയെ മഹാരാഷ്ട്രയുടെ സാംസ്കാരിക തലസ്ഥാനം എന്നും വിശേഷിപ്പിക്കുന്നു.
* സിനിമാതാരം സഞ്ജയ് ദത്തും മുംബൈ സ്ഫോടന ക്കേസിൽ അറസ്റ്റിലായ അജ്മൽ കസബും പൂനെയിലെ യർവാദാ ജയിലിൽ തടവനുഭവിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിലെ ഏറ്റവും വലിയ ജയിലാണിത്.
* ഛത്രപതി ശിവജി ചെറുപ്പകാലത്ത് പുനെയിലാണ് ജീവിച്ചിരുന്നത്.
* സൗത്ത് മുബൈയിൽ കടൽത്തീരത്തിനുസമീപം മൂന്നു കിലോമീറ്റർ നീളത്തിലുള്ള പാതയാണ് മറൈൻ ഡ്രൈവ്. ഇംഗ്ളീഷിലെ സി അക്ഷരത്തിന്റെ ആകൃതിയിലുള്ള ഈ ആറുവരി കോൺക്രീറ്റ് പാത നരിമാൻ പോയിന്റിനെയും മലബാർ ഹില്ലിനെയും ബന്ധിപ്പിക്കുന്നു. ഔദ്യോഗിക നാമം നേതാജി സുഭാഷ് ചന്ദ്രബോസ് റോഡ് എന്നാണെങ്കിലും അത് അപൂർവമായേ ഉപയോഗിക്കപ്പെടുന്നുള്ളു. രാത്രിയിൽ തെരുവുവിളക്കുകൾ മുത്തുമാല പോലെ കാണപ്പെടുന്നതിനാൽ മറൈൻ ഡ്രൈവ് ഝൗലലി' െ ചലരസഹമരല എന്നും അറിയപ്പെടുന്നു. മറൈൻ ഡ്രൈവിന്റെ വടക്കുഭാഗത്താണ് പ്രശസ്തമായ ഇവീുമജ്യേ ആലമരവ.
* മുംബൈയെയും പൂനെയെയും ബന്ധിപ്പിക്കുന്ന ചുരമാണ് ബോർഘട്ട്.
* ബാലഗംഗാധര തിലകനെ അടക്കം ചെയ്ത ഗിർഗാം ചൗപ്പത്തിയെ 2015–ൽ സ്വരാജ്ഭൂമി എന്ന് പുനർനാമകരണം ചെയ്തു.
* 1920–കളിൽ ഡോ.അംബേദ്കർ ലണ്ടനിൽ താമസിച്ചിരുന്ന കിങ് ഹെൻറി റോഡിലെ മൂന്നുനിലക്കെട്ടിടം മഹാരാഷ്ട്ര സർക്കാർ 35 കോടി രൂപയ്ക്ക് 2015–ൽ സ്വന്തമാക്കി. ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ രാജ്യത്തിനു വെളിയിൽ ഒരു സ്ഥലം സ്വന്തമാക്കുന്നത്.
* ഓപ്പറേഷൻ ബ്ലൂസ്റ്റാർ (1984) ആസൂത്രണം ചെയ്ത് മേൽനോട്ടം വഹിച്ചതിനു പ്രതികാരമായി ജനറൽ എ.എസ്. വൈദ്യയെ കൊലപ്പെടുത്തിയത് പൂനെയിൽവച്ചാണ് (1986 ഓഗസ്റ്റ് 10).
* 1957–ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ വി.കെ.കൃഷ്ണ മേനോൻ ജയിച്ച മണ്ഡലമാണ് ബോംബെ നോർത്ത്. ●

# കേരളചരിത്രവും വ്യക്തികളും 3

## സി.ശങ്കരൻ നായർ (1857-1934)

പാലക്കാട് ജില്ലയിലെ മങ്കരയിലെ ചേറ്റൂർ തറവാട്ടിൽ 1857 ജൂലായ് 11-ന് ജനിച്ച ശങ്കരൻ നായർ കോഴിക്കോട്ടും മദ്രാസിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1879-ൽ മദ്രാസ് ലോ കോളേജിൽനിന്ന് നിയമബിരുദം നേടിയശേഷം അഭിഭാഷകനായ (1880) അദ്ദേഹം പിന്നീട് മുൻസിഫ് ആയും ജോലി നോക്കി. മദ്രാസ് സർക്കാരിന്റെ മലബാർ അന്വേഷണ കമ്മിറ്റി അംഗം (1884), കോൺഗ്രസിന്റെ പ്രൊവിൻഷ്യൽ കമ്മിറ്റി അംഗം (1897), പബ്ലിക് പ്രോസിക്യൂട്ടർ(1899), മദ്രാസ് നിയമസഭാംഗം (1900), റാലി യൂണിവേഴ്സിറ്റി കമ്മിഷൻ സെക്രട്ടറി (1902) മദ്രാസ് ഹൈക്കോടതി ജഡ്ജി (1908-15), വൈസ്രോയിയുടെ കൗൺസിലിൽ വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള അംഗം (1915), ഇന്ത്യാ സെക്രട്ടറിയുടെ കൗൺസിൽ അംഗം (1920), സൈമൺ കമ്മിഷനുമായി സഹകരിക്കാനുള്ള ഇന്ത്യൻ സെൻട്രൽ കമ്മിറ്റിയുടെ അധ്യക്ഷൻ (1928) തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. 1904-ൽ 'കമാൻഡർ ഓഫ് ദ ഇന്ത്യൻ എമ്പയർ' എന്ന ബഹുമതി അദ്ദേഹത്തിനു നൽകിയ ബ്രിട്ടീഷ് സർക്കാർ 1912-ൽ 'സർ' പദവിയും നൽകി. 1906 മുതൽ 1908 വരെ ശങ്കരൻനായർ മദ്രാസ് പ്രസിഡൻസിയുടെ അഡ്വക്കേറ്റ് ജനറലായിരുന്നു. കലക്ടർ ആഷിനെ വെടിവച്ചുകൊന്ന കേസ് വിചാരണചെയ്ത ബഞ്ചിൽ അദ്ദേഹവും ഒരംഗമായിരുന്നു.



1897-ൽ (ഇന്നത്തെ മഹാരാഷ്ട്രയിലെ) അമരാവതിയിൽവച്ചു കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ശങ്കരൻനായർ ആ പദവിയിലെത്തിയ ഏക മലയാളിയാണ്. വിദേശ മേധാവിത്വത്തെ രൂക്ഷമായി വിമർശിക്കുകയും ഇന്ത്യയ്ക്ക് പുത്രികാ രാജ്യ പദവിയോടുകൂടി സ്വയം ഭരണം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്ത അദ്ദേഹത്തിന്റെ അധ്യക്ഷ പ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു.

1919-ലെ ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ആ ദേശസ്നേഹി വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽനിന്ന് രാജിവച്ചു. ഗാന്ധിയുഗത്തിന്റെ ആരംഭത്തോടെ അദ്ദേഹം കോൺഗ്രസിൽനിന്ന് അകന്നു. ഗാന്ധിജിയുടെ നിലപാടുകളോട് ശങ്കരൻനായർ പരസ്യമായി വിയോജിക്കുകയും നിസ്സഹകരണ പ്രസ്ഥാനമുൾപ്പെടെയുള്ള സമരമുറകളെ നിശിതമായി വിമർശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ 'ഗാന്ധിയും അരാജകത്വവും' എന്ന ഗ്രന്ഥം കോൺഗ്രസ് നേതൃത്വത്തെ അസ്വസ്ഥമാക്കുകയും പഞ്ചാബ് ഗവർണർ മൈക്കൽ ഒ ഡയറുമായുള്ള നിയമയുദ്ധത്തിനിടയാക്കുകയും ചെയ്തു. ഔദ്യോഗിക ജീവിതം പലപ്പോഴും സ്വതന്ത്രമായ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കു തടസ്സമായെങ്കിലും തന്റെ സാമൂഹിക പ്രതിബദ്ധത അദ്ദേഹം ഒരിക്കലും കൈവെടിഞ്ഞില്ല. സൈമൺ കമ്മിഷനു മുന്നിൽ (1928) ഇന്ത്യയ്ക്ക് പുത്രികാരാജ്യപദവിക്കുവേണ്ടി ശക്തമായി വാദിച്ച അദ്ദേഹം അതു സംബന്ധിച്ച വൈസ്രോയിയുടെ പ്രഖ്യാപനം വന്നതോടെ സജീവ രാഷ്ട്രീയത്തിൽനിന്നു വിരമിച്ചു.

ശക്തമായ നിലപാടുകളും അഭിപ്രായങ്ങൾ വെട്ടിത്തുറന്ന് പറയാനുള്ള ആർജവവും ശങ്കരൻ നായരുടെ സവിശേഷതകളായിരുന്നു. ബ്രിട്ടന്റെ ജനാധിപത്യ തത്ത്വങ്ങളെ ആദരിക്കുമ്പോഴും സർക്കാരിന്റെ തെറ്റായ നയങ്ങളെ വിമർശിക്കാൻ അദ്ദേഹം ഒട്ടും മടിച്ചില്ല. ജാതി വ്യവസ്ഥയും അസ്പൃശ്യതയും ശൈശവ വിവാഹവും ഇന്ത്യയുടെ ശാപമായി കരുതിയ ആ മനുഷ്യസ്നേഹി അധഃസ്ഥിതരുടെ ഉന്നമനത്തിനുവേണ്ടി യത്നിക്കുകയും വിധവാ വിവാഹം പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ഈശ്വര വിശ്വാസിയായിരുന്ന അദ്ദേഹം മതത്തെ മനുഷ്യത്വത്തിന്റെയും സഹിഷ്ണുതയുടെയും തത്ത്വങ്ങളിലൂടെ മനുഷ്യരെ ഒരുമിപ്പിക്കാനുള്ള മാധ്യമമായാണ് കണ്ടത്. ഇംഗ്ലീഷ് ഭാഷ ദേശീയോദ്ഗ്രഥനത്തിനു സഹായിക്കുമെന്ന് വിശ്വസിച്ച അദ്ദേഹം ഇവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായം പ്രാഥമിക വിദ്യാഭ്യാസത്തിനു മുൻതൂക്കം നൽകി ഇന്ത്യയുടെ പുരോഗതിക്കു പര്യാപ്തമായ രീതിയിൽ പരിഷ്കരിക്കണമെന്ന് വാദിച്ചു.

1934 ഏപ്രിൽ 24-ന് ശങ്കരൻ നായർ നിര്യാതനായി. ഗോവയെ പോർച്ചുഗീസ് ഭരണത്തിൽനിന്ന് മോചിപ്പിച്ച ഓപ്പറേഷന് നേതൃത്വം നൽകിയ ലഫ്റ്റനന്റ് ജനറൽ കണ്ടേത്ത്, ശങ്കരൻനായരുടെ ചെറുമകനായിരുന്നു. ജപ്പാനിലേക്കുള്ള ആദ്യ ഇന്ത്യൻ അംബാസറായിരുന്ന കെ.കെ. ചേറ്റൂർ, ശങ്കരൻ നായരുടെ സഹോദര പുത്രനായിരുന്നു.

ഇന്ന്, മലയാളികൾ രാഷ്ട്രപതിസ്ഥാനമുൾപ്പെടെയുള്ള സുപ്രധാന പദവികൾ സ്വന്തമാക്കിക്കഴിഞ്ഞു. എന്നാൽ, ആ നേട്ടത്തിനും നൂറു വർഷങ്ങൾക്കുമുമ്പ് ഒരു മലയാളി, അക്കാലത്ത് ഒരിന്ത്യക്കാരന് ബ്രിട്ടീഷ് സർക്കാരിനുകീഴിൽ തികച്ചും അപ്രാപ്യമായിരുന്ന സ്ഥാനങ്ങൾ നേടിയെടുത്തു. ബംഗാളിലെയും ബോംബെയിലെയും ബുദ്ധിജീവികളുടെ സ്വാധീനത്തെ അതിജീവിച്ച് അദ്ദേഹം ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. പത്രപ്രവർത്തകൻ, അഭിഭാഷകൻ, ന്യായാധിപൻ, വിദ്യാഭ്യാസ വിദഗ്ധൻ, പൊതു പ്രവർത്തകൻ തുടങ്ങി താൻ കൈവച്ച മേഖലകളിലെല്ലാം ആ പ്രതിഭാധനൻ ഉന്നത സ്ഥാനീയനായി. നമുക്ക് അഭിമാനിക്കാം- നിർഭയനെന്നും ധിഷണാശാലിയെന്നും ഏവരും അംഗീകരിക്കുകയും സാമൂഹിക പരിഷ്കർത്താവെന്ന നിലയിൽ കാലത്തിനുമുന്നിൽ സഞ്ചരിക്കുകയും ചെയ്ത ആ വലിയ മനുഷ്യൻ ഈ കൊച്ചുകേരളത്തിന്റെ പുത്രനായിരുന്നു.

## ഇക്കണ്ടവാര്യർ (1890-1977)



ഒല്ലൂരിൽ എടക്കുന്നി വാര്യത്ത് 1890ൽ ഇക്കണ്ടവാര്യർ ജനിച്ചു. ബി.എ., ബി.എൽ.ബിരുദങ്ങൾ നേടി അഭിഭാഷകനായ അദ്ദേഹം ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിലൂടെയാണ് പൊതുപ്രവർത്തനരംഗത്തെത്തിയത്. ഗാന്ധിജി രൂപംകൊടുത്ത ഹരിജനസേവാസംഘത്തിന്റെ ചുമതലക്കാരനെന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ചു. ദീർഘകാലം തൃശ്ശൂർ നഗരസഭാംഗമായിരുന്ന അദ്ദേഹം നഗരസഭാ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. നിരവധി പ്രാവശ്യം നിയമസഭാംഗമായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കെ.പി.സി.സി.യിലും എ.ഐ.സി.സി.യിലും അംഗമെന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.

കിറ്റിന്ത്യാസമരകാലത്ത് തൃശ്ശൂരിലുണ്ടായ പൊലീസ് മർദനത്തിൽ പ്രതിഷേധിച്ച് ഇക്കണ്ടവാര്യർ നിയമസഭാംഗത്വം രാജിവച്ചു. നിരവധി പ്രാവശ്യം അദ്ദേഹം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. 1948-ൽ കൊച്ചിയിൽനടന്ന തിരഞ്ഞെടുപ്പിനെത്തുടർന്ന് പ്രധാനമന്ത്രിയായി. തിരു-കൊച്ചി സംയോജനത്തിനുശേഷം പറവൂർ ടി.കെ.നാരായണപിള്ളയുടെ നേതൃത്വത്തിലുള്ള റവന്യൂ-കൃഷി വകുപ്പുകളുടെ മന്ത്രിയായി. ആചാര്യ വിനോബാഭാവെയുടെ ഭൂദാന പ്രസ്ഥാനത്തിന് കേരളത്തിൽ നേതൃത്വം നൽകിയത് ഇക്കണ്ടവാര്യരും കെ.കേളപ്പനുമായിരുന്നു. കേരള ഖാദി വ്യവസായ സംഘം സ്ഥാപക മെമ്പർ, അഖിലേന്ത്യാ നാട്ടുരാജ്യ മണ്ഡലത്തിന്റെ സ്ഥാപക മെമ്പർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1977 ജൂൺ എട്ടിന് അന്തരിച്ചു.

## എ.ജെ.ജോൺ (1893-1957)

നിയമസഭാധ്യക്ഷൻ, മുഖ്യമന്ത്രി, ഗവർണർ പദവികൾ വഹിച്ച ഏക മലയാളിയാണ് എ.ജെ.ജോൺ. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ 1893 ജൂൺ 18-ന് അദ്ദേഹം ജനിച്ചു. തലയോലപ്പറമ്പ്, വൈക്കം, തൃശ്ശിനാപ്പള്ളി, ചെന്നൈ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. നിയമബിരുദം നേടിയ അദ്ദേഹം കുറച്ചുകാലം ആലപ്പുഴയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തശേഷം പ്രവർത്തനം തിരുവനന്തപുരത്തേക്ക് മാറ്റി. 1920-മുതൽ പൊതുപ്രവർത്തനരംഗത്ത് സജീവമായി നിലയുറപ്പിച്ച ജോൺ പൗരസമത്വ പ്രക്ഷോഭണത്തിന്റെയും നിവർത്തന പ്രക്ഷോഭണത്തിന്റെയും മുന്നണിപ്പോരാളിയായിരുന്നു. സി.കേശവൻ, ടി.എം.വർഗീസ്, എൻ.വി.ജോസഫ് എന്നിവർക്കൊപ്പം കൈകോർത്ത് ശക്തമായ പ്രവർത്തനത്തിലൂടെ അദ്ദേഹം നിവർത്തന പ്രക്ഷോഭണകാലത്ത് ജനശ്രദ്ധയ്ക്ക് പാത്രമായി. 1937-ൽ പ്രജാസഭയിലേക്ക് വൈക്കം മണ്ഡലത്തിൽനിന്ന് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് കോൺഗ്രസ് ഉത്തരവാദ പ്രക്ഷോഭണം നടത്തിയപ്പോൾ നാലാമത്തെ സർവാധിപതിയായ അദ്ദേഹം അറസ്റ്റിലായി. തുടർന്ന് 18 മാസത്തെ തടവനുഭവിച്ചു. 1944-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന് മത്സരിക്കാൻ കഴിഞ്ഞില്ല. ജയിൽശിക്ഷയ്ക്ക് വിധേയരായവർ തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ പാടില്ല എന്ന സർക്കാർ തീരുമാനമാണ് തടസ്സമായത്.



തിരുവിതാംകൂറിൽ ഭരണഘടനാ നിർമാണ സമിതി 1920 മാർച്ച് 20ന് രൂപവത്കരിക്കപ്പെട്ടപ്പോൾ അതിന്റെ അധ്യക്ഷനായി എ.ജെ.ജോൺ തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ജനകീയ നേതാക്കളുടെ അഭ്യർഥന പരിഗണിച്ച് മഹാരാജാവ് ഒരു വിളംബരത്തിലൂടെ ഈ സമിതിയെ നിയമനിർമാണ സഭയാക്കി. തുടർന്ന് പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ജനകീയ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ എ.ജെ.ജോൺ നിയമസഭാ സ്പീക്കറായി. സത്യസന്ധവും നീതിപൂർവകവുമായ പ്രവർത്തനത്തലൂടെ സ്പീക്കറുടെ കടമ അദ്ദേഹം പ്രശംസനീയമായ രീതിയിൽ നിർവഹിച്ചു. പട്ടം രാജിവയ്ക്കുകയും പറവൂർ ടി.കെ. നാരായണപിള്ള പ്രധാനമന്ത്രിയാകുകയും ചെയ്തപ്പോൾ എ.ജെ.ജോൺ ധനകാര്യ മന്ത്രിയായി. പറവൂർ ടി.കെ. രാജിവച്ചപ്പോൾ അധികാരത്തിൽവന്ന സി.കേശവൻ മന്ത്രിസഭയിലും കുറച്ചുകാലം അദ്ദേഹം ധനകാര്യം, റവന്യൂ, പബ്ലിക് ഹെൽത്ത് വകുപ്പുകൾ കൈകാര്യം ചെയ്തു. 1951 സെപ്തംബർ അഞ്ചിന് രാജിവച്ചു. 1951-52ൽ നടന്ന തിരഞ്ഞെടുപ്പിനെത്തുടർന്ന് എ.ജെ.ജോൺ തിരു-കൊച്ചി മുഖ്യമന്ത്രിയായി. അങ്ങനെ, പൊതുതിരഞ്ഞെടുപ്പിനെത്തുടർന്ന് അധികാരമേറ്റ ആദ്യ തിരു-കൊച്ചി മുഖ്യമന്ത്രി എന്ന വിശേഷണം അദ്ദേഹത്തിന് സ്വന്തമായി. 1952 മാർച്ച് 12-ന് മുഖ്യമന്ത്രിയായ അദ്ദേഹം 1953 സെപ്തംബർ 24വരെ അധികാരത്തിൽ തുടർന്നു. തിരു-കൊച്ചിയിൽ 1954-ൽ നടന്ന തിരഞ്ഞെടുപ്പിൽ പൂഞ്ഞാറിൽ വിജയിച്ച് നിയമസഭാംഗമായി. 1955 ഫിബ്രവരി 14ന് അധികാരത്തിൽവന്ന പനമ്പിള്ളി ഗോവിന്ദമേനോൻ മന്ത്രിസഭയിൽ എ.ജെ.ജോണിനായിരുന്നു ആഭ്യന്തരം, ഭക്ഷ്യം, പൊതുവിതരണം, വനം എന്നീ വകുപ്പുകളുടെ ചുമതല.

1956 ഡിസംബർ പത്തിന് എ.ജെ. ജോൺ മദ്രാസ് സംസ്ഥാനത്തിന്റെ ഗവർണറായി ചുമതലയേറ്റു. 1957 ഒക്ടോബർ ഒന്നിന് അദ്ദേഹം അന്തരിച്ചു.

# Test Your GK

**ആഗസ്റ്റ് 15, സെപ്തംബർ 15 ലക്കങ്ങളിൽ ബുള്ളറ്റിനിന്റെ അടിസ്ഥാനത്തിൽ പൊതുവിജ്ഞാന നിലവാരം വിലയിരുത്തുന്നതിനുള്ള ഒരു ചോദ്യപേപ്പറാണിത്. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക്. തെറ്റിയാൽ 0.33 നെഗറ്റീവ് മാർക്ക്.**

**48 മാർക്ക് മുതൽ 50 വരെ** Excellent, **43-47** Very Good, **36-42-** Good, **26-35-** Average. **25 മാർക്കിനു താഴെയാണെങ്കിൽ കൂടുതൽ മനസ്സിരുത്തിയും ആവർത്തിച്ചുമുള്ള വായന അനിവാര്യം.**

51. ഏത് രാജ്യത്തിന്റെ ദേശീയ പ്രസ്ഥാനമാണ് ഇബ്രാഹിം റുഗോവ നയിച്ചത്?
(എ) ഈസ്റ്റ് തിമൂർ (ബി) ,സൈപ്രസ്
(സി) കൊസോവോ (ഡി) സൗത്ത് സുഡാൻ

52. നാഷണൽ സർവീസ് സ്കീം ഏത് വർഷമാണ് ആരംഭിച്ചത്?
(എ) 1969 (ബി) 1979 (സി) 1989 (ഡി) 1959

53. ഗാന്ധിജി അന്തരിച്ചപ്പോൾ വള്ളത്തോൾ നാരായണമേനോൻ മനംനൊന്ത് രചിച്ച കാവ്യമേത്?
(എ) എന്റെ ഗുരുനാഥൻ (ബി) ബാപ്പുജി
(സി) മഹാത്മാവിന്റെ മാർഗം
(ഡി) ഗാന്ധിജിയുടെ അവസാനനാളുകൾ

54. സുഭാഷ് ബോസ് ഏത് നഗരത്തിൽവച്ചാണ് ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിന്റെ അധ്യക്ഷസ്ഥാനം റാഷ് ബിഹാരി ബോസിൽനിന്ന് ഏറ്റെടുത്തത്?
(എ) സിംഗപ്പൂർ (ബി) ബാങ്കോക്ക്
(സി) തായ്പേയ് (ഡി) ടോക്കിയോ

55. ജാമിയ മിലിയ ഇസ്ലാമിയ സർവകലാശാലയുടെ ആദ്യ ചാൻസലർ ?
(എ) ഹക്കിം അജ്മൽ ഖാൻ (ബി) ഷൗക്കത്ത് അലി
(സി) റഹ്മത്ത് അലി (ഡി) സക്കീർ ഹുസൈൻ

56. യുനെസ്കോയുടെ ലോകപൈതൃകപ്പട്ടികയിൽ സ്ഥാനംപിടിച്ച നളന്ദ മഹാവിഹാരം ഏത് സംസ്ഥാനത്താണ്?
(എ) ജാർഖണ്ഡ് (ബി) ബീഹാർ
(സി) ഉത്തർ പ്രദേശ് (ഡി) മധ്യപ്രദേശ്

57. 1946-ൽ ഏത് കപ്പലിലാണ് ബോംബെ നാവിക കലാപത്തിന് തുടക്കം കുറിച്ചത്?
(എ) എച്ച്.എം.എസ്.തൽവാർ
(ബി) എച്ച്.എം.എസ്.ബീഗിൾ
(സി) എച്ച്.എം.എസ്. പ്രഹർ
(ഡി) എച്ച്.എം.എസ്.രജപുത്ര

58. ലോക ഹെപ്പറ്റൈറ്റിസ് ദിനമായി ആചരിക്കുന്നത്?
(എ) ജൂലൈ 18 (ബി) ജൂലൈ 8
(സി) ജൂലൈ 28 (ഡി) ജൂലൈ 17

59. ഏത് വർഷമാണ് മദ്രാസ് ഹൈക്കോടതിയുടെ പേര് ചെന്നൈ ഹൈക്കോടതി എന്നു മാറ്റിയത്?
(എ) 2013 (ബി) 2014 (സി) 2015 (ഡി) 2016

60. 1946 സെപ്തംബർ രണ്ടിന് ജവാഹർലാൽ നെഹ്റു ഉപാധ്യക്ഷനായി ഇടക്കാല മന്ത്രിസഭ അധികാരമേറ്റപ്പോൾ നിയമവകുപ്പിന്റെ ചുമതല ആർക്കായിരുന്നു?
(എ) ഡോ.അംബേദ്കർ (ബി) ജെ.എൻ.മണ്ഡൽ
(സി) സർദാർ പട്ടേൽ (ഡി) സയ്യിദ് അലി സഹീർ

61. ഹാപ്പിനെസ്സ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനമേത്?
(എ) കേരളം (ബി) തമിഴ്നാട്
(സി) ഹരിയാന (ഡി) മധ്യപ്രദേശ്

62. സതി നിരോധനത്തിനെതിരെ ധർമസഭ എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ യാഥാസ്ഥിതിക ഹൈന്ദവ സമൂഹത്തിന്റെ താത്പര്യസംരക്ഷണാർഥം ഗവർണർ ജനറലിന് നിവേദനം സമർപ്പിക്കുന്നതിന് നേതൃത്വം നൽകിയത് ആര്?
(എ) രാജാ റാം മോഹൻ റോയ്
(ബി) രാധാകാന്ത് ദേവ്
(സി) ഹെൻറി വിവിയൻ ഡെറോസിയോ
(ഡി) ദാദാഭായ് നവറോജി

63. സൗരോർജം ഉപയോഗിച്ച് ഭൂമിയെ വലംവച്ച ആദ്യത്തെ എയർക്രാഫ്റ്റ്:
(എ) സോളാർ ഇംപൽസ്-2(ബി) ജൂനോ
(സി) വോയേജർ (ഡി) പയനിയർ-2

64. ആധുനിക തിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ കാലം ദിവാൻപദം വഹിച്ചതാരായിരുന്നു?
(എ) സിപി രാമസ്വാമി അയ്യർ (ബി) ഹബീബുള്ള
(സി) മാധവ റാവു (ഡി) കേശവപിള്ള

65. ഇന്ത്യൻ ഇൻഡിപെൻഡൻസ് ബിൽ ബ്രിട്ടീഷ് പാർലമെന്റിൽ അവതരിപ്പിച്ചതാര്?
(എ) ലിസ്റ്റോവൽ പ്രഭു (ബി) ക്ലമന്റ് ആറ്റ്ലി
(സി) മൗണ്ട്ബാറ്റൺ പ്രഭു (ഡി) വിൻസ്റ്റൺ ചർച്ചിൽ

66. പുനലൂർ തൂക്കുപാലം നിർമിച്ചത് ഏത് നദിക്ക് കുറുകെയാണ്?
(എ) പമ്പ (ബി) കല്ലടയാർ
(സി) കരമനയാർ (ഡി) അയിരൂർപ്പുഴ

67.സ്വദേശ് ബാന്ധവ് സമിതിയുടെ സ്ഥാപകൻ:
(എ) അശ്വിനികുമാർ ദത്ത (ബി) ആർ.സി.ദത്ത്
(സി) വി.ഡി.സവർക്കർ (ഡി) കെ.ടി.തെലാങ്

68. ഇന്ത്യയിൽ സ്ത്രീകൾക്കായിട്ടുള്ള ആദ്യത്തെ തുറന്ന ജയിൽ സ്ഥാപിച്ചത് ഏത് സംസ്ഥാനത്താണ്?
(എ) കേരളം (ബി) രാജസ്ഥാൻ
(സി) ഗോവ (ഡി) മഹാരാഷ്ട്ര

69. ഇന്ത്യാ വിഭജനസമയത്ത് ഏറ്റവും കൂടുതൽ പേർ മരണപ്പെട്ടത് എവിടെയാണ്?
(എ) പഞ്ചാബ് (ബി) ബംഗാൾ
(സി) ബീഹാർ (ഡി) അസം

70. ലിറ്റിൽ നൊബേൽ എന്നറിയപ്പെടുന്ന പുരസ്കാരം?
(എ) മഗ്സസേ അവാർഡ്
(ബി) യുനെസ്കോ പീസ് പ്രൈസ്
(സി) ആബേൽ പ്രൈസ്
(ഡി) വേൾഡ് ഫുഡ് പ്രൈസ്

71. ആദ്യത്തെ ലോകസുന്ദരി ഏത് രാജ്യക്കാരിയായിരുന്നു?
(എ) ഇന്ത്യ (ബി) സ്വീഡൻ
(സി) നോർവേ (ഡി) യുഎസ്എ

72. ഗുജറാത്തിന്റെ വന്ദ്യ വയോധികൻ എന്നറിയപ്പെട്ടത് ആരായിരുന്നു?
(എ) സർദാർ പട്ടേൽ (ബി) അബ്ബാസ് തയബ്ജി
(സി) വിനോബ ഭാവെ
(ഡി) കാക്കാസാഹേബ് കലേൽക്കർ

73. താഴെപ്പറയുന്നവയിൽ ഏത് ജില്ലയാണ് ഭാരതപ്പുഴ ഒഴുകുന്നത് അല്ലാത്തത്?
(എ) പാലക്കാട് (ബി) കോഴിക്കോട്
(സി) മലപ്പുറം (ഡി) തൃശ്ശൂർ

74. സൈലന്റ് വാലിക്ക് ആ പേര് നൽകിയത് ആരാണ്?
(എ) ഫോസ്റ്റ് (ബി) റോബർട്ട് ബ്രിസ്റ്റോ
(സി) സാലിം അലി (ഡി) റോബർട്ട് വൈറ്റ്

75. രാജാറാം മോഹൻ റോയ് അന്തരിച്ച വർഷം:
(എ) 1828 (ബി) 1829 (സി) 1833 (ഡി) 1835

76. കൂടല്ലൂരിന്റെ കഥാകാരൻ എന്നറിയപ്പെടുന്നത് ആര്?
(എ) വി.കെ.എൻ (ബി) എം.ടി.വാസുദേവൻ നായർ
(സി) ഒ.വി.വിജയൻ (ഡി) കുട്ടികൃഷ്ണമാരാർ

77. ഉത്തരവാദഭരണ പ്രക്ഷോഭത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് മധുരയിൽനിന്ന് പുറപ്പെട്ട് ചെങ്കോട്ടവഴി തിരുവിതാംകൂറിൽ പ്രവേശിച്ച ജാഥയ്ക്ക് നേതൃത്വം നൽകുകയും പൊലീസ് മർദനത്തെത്തുടർന്ന് ലോക്കപ്പിൽ മരണമടയുകയും ചെയ്ത നേതാവ്:
(എ) ഗണപതി കമ്മത്ത് (ബി) എ.ജി.വേലായുധൻ
(സി) ടി.സുബ്രമണ്യൻ തിരുമുമ്പ്
(ഡി) ശിവരാജപാണ്ഡ്യൻ

78. കൊൽക്കത്ത, ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ ഹൈക്കോടതികൾ സ്ഥാപിക്കപ്പെട്ട വർഷം:
(എ) 1773 (ബി) 1861 (സി) 1857 (ഡി) 1867

79. ഗ്രിഡ് രോഗം എന്നറിയപ്പെട്ടിരുന്നത്?
(എ) ക്ഷയം (ബി) കുഷ്ഠം
(സി) എയ്ഡ്സ് (ഡി) ഡെങ്കിപ്പനി

80. ഏത് നദിയാണ് ശോകനാശിനിപ്പുഴ എന്ന പേരിലും അറിയപ്പെടുന്നത്?
(എ) കണ്ണാടിപ്പുഴ (ബി) ചാലിയാർ
(സി) ഭവാനി (ഡി) വാളയാർ

81.ലണ്ടൻ നഗരത്തിൽ വൻതീപിടുത്തം ഉണ്ടായ വർഷം:
(എ) 1688 (ബി) 1566
(സി) 1600 (ഡി) 1666

82. തിരുവിതാംകൂറിലെ പുരോഗമനപരമായ ഭരണത്തെ നിലനിർത്തി ബ്രിട്ടീഷ് രാജ്ഞി മഹാരാജ പദവി നൽകിയ ഭരണാധികാരി?
(എ) മാർത്താണ്ഡവർമ (ബി) ധർമരാജാവ്
(സി) അവിട്ടം തിരുനാൾ (ഡി) ആയില്യം തിരുനാൾ

83. നിരവധി പ്രമുഖരെ ഇന്ത്യക്ക് സംഭാവന ചെയ്ത ആനക്കര വടക്കത്ത് കുടുംബത്തിലെ അംഗമല്ലാത്തത് ആര്?
(എ) എ.വി.കുട്ടിമാളു അമ്മ
(ബി) തോട്ടയ്ക്കാട്ട് മാധവിയമ്മ
(സി) അമ്മു സ്വാമിനാഥൻ (ഡി) ക്യാപ്റ്റൻ ലക്ഷ്മി

84. സിംഹളൻ എന്ന തൂലികാനാമത്തിനുടമയായിരുന്നത്?
(എ) സി കേശവൻ (ബി) കെ.രാമകൃഷ്ണപിള്ള
(സി) സി.വി.കുഞ്ഞുരാമൻ (ഡി) കെ.അയ്യപ്പൻ

85. ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളിന് പുതിയ വ്യാഖ്യാനങ്ങളിലൂടെ കൂടുതൽ മാനങ്ങൾ കൈവന്നതു പ്രകാരമാണ് രാജ്യത്തെ നീതിന്യായ വ്യവസ്ഥയിൽ ഒരു നൂതന ഉപാധിയായി പൊതു താൽപര്യ ഹർജികൾ ഉരുത്തിരിഞ്ഞത്?
(എ) 18 (ബി) 19 (സി) 20 (ഡി) 21

86. സാമൂതിരിയെ പരാജയപ്പെടുത്തി കൊച്ചിയെ രക്ഷിച്ചതിനു പാരിതോഷികമായി കൊച്ചി രാജാവ് ദാനംചെയ്ത 'പുത്തൻചിറ' തിരുവിതാംകൂറിൽ ലയിപ്പിച്ച ദളവ?
(എ) വേലുത്തമ്പി (ബി) രാമയ്യൻ
(സി) ഉമ്മിണിത്തമ്പി
(ഡി) അയ്യപ്പൻ മാർത്താണ്ഡൻ പിള്ള

87. ഇന്ത്യ എഗയിൻസ്റ്റ് കറപ്ഷൻ എന്ന പ്രസ്ഥാനത്തിലൂടെ ആര് നടത്തിയ സമരത്തെത്തുടർന്നാണ് കേന്ദ്ര ഗവൺമെന്റ് ലോക്പാൽ നിയമം പാസാക്കുന്നതിന് നിർബന്ധിതമായത്?
(എ) അണ്ണാദുരൈ (ബി) അണ്ണാ ഹസാരെ
(സി) മേധാ പട്കർ (ഡി) അരുണാ റോയ്

88. നാവാ മുകുന്ദക്ഷേത്രം എവിടെയാണ്?
(എ) തൃത്താല (ബി) തിരുനെല്ലി
(സി) തൃപ്രയാർ (ഡി) തിരുനാവായ

89. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ നിലവിൽവന്ന വർഷം:
(എ) 2010 (ബി) 2011 (സി) 2012 (ഡി) 2013

90. വൈറസുകളെക്കുറിച്ച് ആദ്യമായി പഠനം നടത്തിയത്:
(എ) വില്യം ബെയ്ജെറിൻക്
(ബി) ദിമിത്രി ഇവാനോസ്കി
(സി) ഡോ.ഹാൻസ് ജെറാഡ് ക്രൂസ്ഫെൽറ്റ്
(ഡി) റൊണാൾഡ് റോസ്

91. അതതുസമയത്ത് ഓരോ ഹൈക്കോടതിയിലെയും ജഡ്ജിമാരുടെ എണ്ണം നിശ്ചയിക്കുന്നത് ആരാണ്?
(എ) പാർലമെന്റ് (ബി) പ്രസിഡന്റ്
(സി) കേന്ദ്ര നിയമമന്ത്രി (ഡി) പ്രധാനമന്ത്രി

92. ഡൈ ഈഥൈൽ ഡൈ കാർബാമസിൻ സിട്രേറ്റ് (ഡിഇസി) ഏത് രോഗത്തിന്റെ പ്രതിരോധ മരുന്നാണ്?
(എ) മലേറിയ (ബി) വസൂരി,
(സി) പക്ഷിപ്പനി (ഡി) മന്ത്

93. താഴെക്കൊടുത്തിരിക്കുന്നവയിൽ ഇന്തോ ആര്യൻ ഗോത്രത്തിൽ ഉൾപ്പെടുന്ന ഭാഷ ഏത്?
(എ) കന്നട (ബി) മറാത്തി
(സി) തെലുങ്ക് (ഡി) തമിഴ്

94. കോളറ വാക്സിൻ കണ്ടുപിടിച്ചത്:
(എ) ലൂയി പാസ്റ്റർ (ബി) എഡ്വേർഡ് ജന്നർ
(സി) ദിമിത്രി ഇവാനോസ്കി
(ഡി) അലക്സാണ്ടർ ഫ്ളെമിംഗ്

95. കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിങ് ആൻഡ് റൂറൽ ടെക്നോളജി എവിടെയാണ്?
(എ) വെള്ളായണി (ബി) വെള്ളാനിക്കര
(സി) ഉഴവൂർ (ഡി) തവനൂർ

96. കേരളത്തിൽ മുസ്ലിങ്ങൾ നടത്തിയ ആദ്യ പത്രമേത്?
(എ) കേരള ദീപകം (ബി) സ്വദേശാഭിമാനി
(സി) അൽ-അമീൻ (ഡി) മുസ്ലിം

97.ആദ്യമായി ലോകായുക്ത സംവിധാനം നിലവിൽവന്ന സംസ്ഥാനം:
(എ) മഹാരാഷ്ട്ര (ബി) ഹരിയാന
(സി) ഗോവ (ഡി) തമിഴ്നാട്

98. സ്വന്തമായ പിൻകോഡ് അനുവദിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനമേത്?
(എ) പാർലമെന്റ് (ബി) യുപിഎസ്സി
(സി) സുപ്രീം കോടതി (ഡി) ഇലക്ഷൻ കമ്മിഷൻ

99. കേരളത്തിലെ ഏറ്റവും വിസ്തീർണമുള്ള നദീതടം ഏതിന്റെതാണ്?
(എ) പെരിയാർ (ബി) ചാലിയാർ
(സി) പമ്പ (ഡി) ഭാരതപ്പുഴ

100. ഡക്കാണിന്റെ റാണി എന്നറിയപ്പെടുന്ന നഗരം:
(എ) നാസിക് (ബി)നാഗ്പൂർ
(സി) മുംബൈ (ഡി) പൂനെ

## Answers

51(c) 52(a) 53(b) 54(d) 55(a) 56(b) 57(a) 58(c) 59(d) 60(d)
61(d) 62(b) 63(a) 64(c) 65(b) 66(b) 67(a) 68(d) 69(a) 70(b)
71(b) 72(b) 73(b) 74(d) 75(c) 76(b) 77(d) 78(b) 79(c) 80(a)
81(d) 82(d) 83(b) 84(c) 85(d) 86(d) 87(b) 88(d) 89(a) 90(b)
91(a) 92(d) 93(b) 94(a) 95(d) 96(a) 97(a) 98(c) 99(d) 100(d)

# General English Degree Level

1. Rani says "I am very fine" (Change into indirect speech):
(a) Rani said that she was very fine
(b) Rani says that she was very fine
(c) Rani says that she is very fine
(d) Rani said that she is very fine
2. There is a significant statistical difference in the incidence of rheumatic fever in people with different blood types (Select the word that is closest in meaning to the underlined):
(a) Severity (b) Range of occurrence
(c) Accidental infection (d) Spread
3. The antonym of 'Lethargy':
(a) Dull (b) Lifeless
(c) Leather (d) Vigour
4. Choose the correctly spelt word:
(a) Metarology (b) Meteorology
(c) Metiorology (d) Metorology
5. 'Donor' means:
(a) Banker (b) Money
(c) Giver (d) Doctor
6. _____ your breakfast already?
(a) have you had (b) had you
(c) Do you have (d) Has had
7. The noun form of 'arrive' is:
(a) Arriving (b) Arrived
(c) Arrive (d) Arrival
8. Teacher asked us why ____ in the class.
(a) we are talking (b) we were talking
(c) we have talked (d) were we talking
9. He was accused of bringing money into the country in _____ of foreign exchange rules.
(a) anticipation (b) compensation
(c) perpetration (d) violation
10. The antonym of 'Boisterous' is:
(a) Belligerent (b) Baffled
(c) Calm (d) Calamitous
11. A person who loves mankind:
(a) Misanthrope (b) Philanthropist
(c) Anthropologist (d) Mercenary
12. Select the correctly spelt word:
(a) Rigerous (b) Rigourous
(c) Regerous (d) Rigorous
13. His father advised Raj ____ use soft drinks.
(a) not to (b) do not
(c) not (d) should not
14. One who pursues pleasure as a way of life is:
(a) Stoic (b) Hedonic
(c) Valetudinarian (d) Egotist
15. The synonym of 'Affliction':
(a) Happiness (b) Sleep
(c) Distress (d) Aggression
16. Politics ____ very popular these days.
(a) are (b) were
(c) have (d) is
17. A heavy gold necklace ____ around her neck.
(a) hung (b) hanged
(c) was hanged (d) hanging
18. Practice of having one wife or husband:
(a) Monotonous (b) Monocracy
(c) Monarchy (d) Monogamy
19. The landlord thought that he could keep his tenants in perpetual bondage. 'Bondage' means:
(a) Slavery (b) Friendship
(c) Obedience (d) Trustworthy
20. The plural of 'Brother-in-law':
(a) Brothers-in-laws (b) Brother-in-law
(c) Brothers-in-law (d) Brother-in-laws
21. By the end of this year Anu ____ a student in this school for six years.
(a) has been (b) will be
(c) have been (d) will have been
22. A word or phrase or sentence that reads alike backward and forward (eg.Malayalam):
(a) Pangram (b) Palindrome
(c) Homonym (d) Homophone
23. There has been an increase ____ the amount of traffic using this road.
(a) in (b) for
(c) with (d) by
24. It is a big factory. Five hundred people ____ (employ) there. (Use the correct form of the given verb)
(a) is employed (b) has employed
(c) are employed (d) None of these
25. Water boils ____ 100 degree Celsius.
(a) in (b) at
(c) with (d) by
26. Sugar is sold four rupees ___ kilo.
(a) a (b) an
(c) the (d) None of these
27. Incapable of doing wrong:
(a) Impregnable (b) Impenetrable
(c) Implacable (d) Impeccable
28. We asked the explanation as some of his remarks were *equivocal*. (select the word which conveys almost the same meaning as italicized word)
(a) Violent
(b) Capable of carrying more than one meaning
(c) Irritating (d) Uncompromising
29. I fell out of bed ____ I was asleep.
(a) during (b) for
(c) while (d) None of these
30. I don't remember ____ about the accident.
(a) anything (b) something
(c) nothing (d) None of these
31. Actions speak ____.
(a) your character (b) louder than words
(c) your quality (d) who you are
32. The station platform was crowded ____ people waiting for the train.
(a) with (b) that
(c) about (d) over
33. The antonym of 'Fair' is:
(a) Foolish (b) False
(c) Foul (d) Fat
34. I ____ cities (Use present simple of 'like'):
(a) liked (b) like
(c) likes (d) have liked
35. Birds of a ____flock together
(a) family (b) nest
(c) feather (d) colour
36. If I _____ what a bad driver you were I would not have come with you.
(a) would have realized (b) realized
(c) realize (d) had realized
37. Choose the one which best expresses the meaning of the word 'ENVIOUS':
(a) Bitter (b) Angry
(c) Jealous (d) Resentful
38. We paid for the flights _______ cash.
(a) at (b) in
(c) on (d) for
39. Which is not an adjective synonym of NASTY:
40. I am vexed ____ him about what he has done.
(a) at (b) with
(c) in (d) on
41. Choose the correctly spelt word:
(a) Commentry (b) Commentary
(c) Commentery (d) Commentrry
42. The meaning of 'Gait':
(a) Courteous (b) Entrance
(c) Profit (d) Manner of Walking
43. I often go away _____ the weekend.
(a) at (b) in
(c) on (d) None of these
44. 'Sobriquet' means:
(a) A death blow (b) In good faith
(c) A nick name (d) Enjoyable journey
45. A chain is only as strong as its ____link.
(a) strongest (b) weakest
(c) farthest (d) first
46. Select the correctly spelt word:
(a) Arithmatic (b) Arithematic
(c) Arithametic (d) Arithmetic
47. Pick out the word or phrase nearest in meaning to the given word: RANSACK
(a) Raze (b) Walk with a pack
(c) Search thoroughly (d) Run wild
48. I disapprove ___ your way of working, and must therefore dispense with your service.
(a) of (b) with
(c) by (d) on
49. Choose the one which best expresses the meaning of the word 'SHIELD':
(a) Protect (b) Shelter
(c) Restrain (d) Stop
50. Napoleon won his laurels in the Battle of Waterloo (Choose the alternative which best expresses the meaning of the idiom/phrase underlined)
(a) Surrendered to his opponents
(b) Defeated the enemies
(c) Adopted aggressive attitude
(d) Acquired distinction

## Answers

1 (c) 2(b) 3 (d) 4 (b) 5(c) 6(a) 7(d)8(b) 9(d) 10(c) 11(b) 12(d) 13(a) 14(b) 15(c) 16(d) 17(a) 18(d) 19(a) 20(c)21(d) 22(b) 23(a) 24(c) 25(b) 26(a) 27(d) 28(b) 29(c) 30(a) 31(b) 32(a) 33(c) 34(b) 35(c) 36(d) 37(c) 38(b) 39(a) 40(b) 41 (b) 42(d) 43 (a) 44 (c) 45(b) 46(d) 47(c) 48(a) 49(a) 50(d)

## സംശയങ്ങൾക്ക് മറുപടി

# ജാതി സർട്ടിഫിക്കറ്റും അതു സംബന്ധമായ ചില പ്രധാന കാര്യങ്ങളും

**പബ്ലിക് സർവീസ് കമ്മിഷൻ മുഖേനയുള്ള നിയമനശുപാർശയ്ക്ക് സംവരണാനുകൂല്യം ലഭിക്കുന്നതിന് ഉദ്യോഗാർഥികൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. നിയമങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ, മറ്റു മാർഗനിർദ്ദേശക രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ റവന്യൂ അധികാരികളാണ് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്. ജാതി സർട്ടിഫിക്കറ്റ് സംബന്ധമായി ഉദ്യോഗാർഥികൾക്കും പൊതുജനങ്ങൾക്കും നിരവധി സംശയങ്ങൾ ഉണ്ടാകാറുണ്ട്. ജാതി സർട്ടിഫിക്കറ്റിനെക്കുറിച്ചുള്ള വ്യവസ്ഥകൾ ആധികാരികമായി മനസ്സിലാക്കാൻ തുടർന്നു വായിക്കുക.**

മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റുനുവേണ്ടി 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷ വില്ലേജാഫീസർക്ക് നൽകണം. ജാതി രേഖപ്പടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ, സ്കൂൾ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റേഷൻ കാർഡ്, പരിവർത്തനം നടത്തിയവരാണെങ്കിൽ ബന്ധപ്പെട്ട ഗസറ്റ് പരസ്യം എന്നിവയുണ്ടെങ്കിൽ തെളിവിനായി ഹാജരാക്കണം. ഇവയുടെ അടിസ്ഥാനത്തിൽ പ്രാദേശിക അന്വേഷണത്തിനുശേഷമാണ് സർട്ടിഫിക്കറ്റ് നൽകുക. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം തഹസീൽദാർക്കാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം തഹസീൽദാർക്കാണ്. ഇതിന് കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല. ജാതി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ, ഗസറ്റ് പരസ്യങ്ങൾ തുടങ്ങിയവ ആധാരമാക്കി നടത്തുന്ന അന്വേഷണത്തിന്റെ വെളിച്ചത്തിലായിരിക്കും. ജാതി സർട്ടിഫിക്കറ്റുകൾ നൽകുക. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വിദ്യാഭ്യാസ ആവശ്യത്തിനും ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യത്തിനും സർക്കാർ ഉദ്യോഗത്തിനും ജാതി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നവർ അവരുടെയും കുടുംബത്തിന്റേയും വിശദവിവരങ്ങളും അവർ എതു ജാതി, മതത്തിൽ ജീവിച്ചു വരുന്നു എന്നുള്ള വിവരങ്ങളും വെള്ളക്കടലാസ്സിലെഴുതി വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടോടുകൂടി ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർക്ക് നൽകേണ്ടതാണ്. വരുമാനപരിധി ഇക്കാര്യത്തിൽ ബാധകമല്ല. ജാതി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നവർ അവരുടെ സ്വദേശം ഇപ്പോൾ താമസിക്കുന്ന സ്ഥലത്ത് അല്ല എന്നുണ്ടെങ്കിൽ അവർ ജനിച്ചു വളർന്ന താലൂക്കിൽ നിന്നും അവർ ഏതു ജാതി/മതത്തിൽപ്പെട്ടവർ ആണെന്നുള്ള സർട്ടിഫിക്കറ്റുകൾ കൂടി നൽകേണ്ടതാണ്.



പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങളോടെ പഠനം നടത്തേണ്ട വിദ്യാർത്ഥി ഒന്നാം ക്ലാസിൽ ചേരുന്ന സമയത്ത് തന്നെ തഹസീൽദാരുടെ റാങ്കിൽ കുറയാത്ത റവന്യൂ വകുപ്പ് അധികൃതർ പ്രസ്തുത ആവശ്യത്തിനായി നിർദ്ദിഷ്ട ഫോറത്തിൽ അനുവദിച്ചു നൽകിയ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് സ്കൂളിൽ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകേണ്ട ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട റവന്യൂ അധികൃതർ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ നടത്തി ജാതി സ്ഥിതി ബോദ്ധ്യപ്പെട്ട ശേഷം മാത്രം അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടതാണ്.

മറ്റു മതവിഭാഗക്കാർക്കുള്ള സർട്ടിഫിക്കറ്റുകൾ സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിലേക്ക് വില്ലേജ് ഓഫീസറും കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടി തഹസീൽദാറും നൽകുന്നു.

**ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള സാമാന്യ നിർദ്ദേശങ്ങൾ**

**I. ഒരാൾ ജന്മനാ പട്ടികജാതിയോ പട്ടികവർഗ്ഗമോ ആണെന്ന് അവകാശപ്പെട്ടാൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്.**

അയാളും അയാളുടെ അച്ഛനമ്മമാരും യഥാർത്ഥത്തിൽ അയാൾ അവകാശപ്പെടുന്ന ജാതിക്കാരനാണോ.

ബന്ധപ്പെട്ട സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പട്ടികയിൽ അവരുടെ ജാതി ഉൾപ്പെടുത്തിയിട്ടുണ്ടോ.

പ്രസ്തുത ജാതി ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക പ്രദേശത്തിലും സംസ്ഥാനത്തിലും അയാൾ ഉൾപ്പെടുമോ.

ഒരു വ്യക്തി പട്ടികജാതിക്കാരനാണെന്ന് അവകാശപ്പെട്ടാൽ, അയാൾ ഹിന്ദുമതമോ സിഖു മതമോ ഏതെങ്കിലുമാണെന്ന് പറയാൻ കഴിയുമോ.

പട്ടികജാതി/പട്ടികവർഗ്ഗക്കാരനാണെന്ന് അവകാശപ്പെട്ടാൽ അയാൾ ഏതെങ്കിലും മതക്കാരനാണെന്ന് വ്യക്തമാക്കാൻ കഴിയണം.

**II. കുടിയേറ്റക്കാര്യത്തിൽ**

(1) ഒരു സംസ്ഥാനത്തിലെ ഏതെങ്കിലും ഭാഗത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജാതിയിൽപ്പെട്ട ഒരാൾ ആ സംസ്ഥാനത്തിലെ മറ്റൊരു ഭാഗത്തേയ്ക്ക് കുടിയേറിയാൽ ആ ഭാഗത്തെ ജാതി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും അയാൾ ആ സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്നതായി കണക്കാക്കണം.

(2) ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തേയ്ക്കു കുടിയേറിയ ആൾ പൂർവ്വികമായി ഏതു പട്ടികജാതി/പട്ടികവർഗ്ഗത്തിലപ്പെടുന്ന ആളാണോ അതായിത്തന്നെ കണക്കാക്കുന്നതാണ്.

(3) 1950 ലെ പ്രസിഡൻഷ്യൽ ഓർഡറിന് മുമ്പ് ഒരു സംസ്ഥാനത്തു നിന്ന് മറ്റൊരു സംസ്ഥാനത്തിലേയ്ക്ക് കുടിയേറിപ്പാർത്തവർക്ക് അവർ സ്ഥിരമായി പുതിയ സ്ഥലത്തെ താമസക്കാർ എന്ന നിലയിലും ഈ ഓർഡറിന് ശേഷം കുടിയേറിയ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അവരുടെ മാതാപിതാക്കൾക്ക് അവരുടെ ജന്മസ്ഥലത്തെ അധികാരികൾ അനുവദിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്.

(4) ജി.ഒ.എം.എസ്. 18/83/HWD 19-07-1983 പ്രകാരം അന്യ സംസ്ഥാനത്തു നിന്നും കുടിയേറിയ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കേന്ദ്ര സംസ്ഥാന ഉത്തരവ് ബി.സി. 16014/82/എസ്.സി. & ബി.സി.ഡി. 1, തീയതി 18-10-82 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി നിശ്ചിത ഫാറത്തിൽ മറ്റ് അന്വേഷണങ്ങൾ ആവശ്യമില്ലാത്തപക്ഷം ടിയാളുടെ മാതാപിതാക്കൾക്ക് അവരുടെ ജന്മസ്ഥലത്തെ അധികാരികൾ അനുവദിച്ച ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റുകൾ നൽകാവുന്നതാണ്.

**III. വിവാഹബന്ധം മൂലം ഉണ്ടാകുന്ന അവകാശങ്ങൾ**

(1) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ജന്മംകൊണ്ട് ഉൾപ്പെടാത്ത ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട ഒരാളെ വിവാഹം ചെയ്തുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതല്ല.

(2) അതുപോലെ പട്ടികജാതിയിലോ/പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ട ആൾ, അതിൽപ്പെടാത്ത ഏതെങ്കിലം ജാതിയിൽ നിന്നും വിവാഹം കഴിച്ചതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്ന ആളായിത്തന്നെ തുടരും

**IV. മിശ്രവിവാഹ ദമ്പതികളിൽ ജനിച്ച കുട്ടികൾക്കുള്ള ജാതിസർട്ടിഫിക്കറ്റ്**

മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുന്നതായാൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് അവർ ഉൾപ്പെടുന്നു എന്ന് അവകാശപ്പെടുന്ന സമുദായത്തിന്റെ സാമുദായികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥ അവർക്ക് ഉണ്ടോയെന്നും പ്രസ്തുത സമുദായത്തിന്റെ ആചരാനുഷ്ഠാനങ്ങൾ പാലിക്കുന്നുണ്ടോയെന്നും ആധികാരികമായി ബോധ്യപ്പെട്ട്

ജാതി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. (ജി.ഒ.എം.എസ്. നം109/2008/എസ്.സി.എസ്.ടി.ഡി.ഡി. തീയതി 20–11–2008, ജി.ഒ.എം.എസ്. നം. 25/2005/എസ്.സി.എസ്.ടി.ഡി.ഡി. തീയതി 20–06–2005)

മിശ്രവിവാഹിതരിൽ ഒരാൾ പിന്നാക്ക സമുദായമാണെങ്കിൽ അവരുടെ കുട്ടികൾക്കും പിന്നാക്ക സമുദായക്കാർക്കു നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. വിവാഹമോചനം നേടിയ മിശ്രവിവാഹിതരുടെ കുട്ടികൾക്കും മുകളിൽ പ്രസ്താവിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

കേരള സർക്കാരിന്റെ ജി.ഒ. (എം.എസ്.) നം. 808/78 ഡി.ഡി. തീയതി 24–04–79 ഉത്തരവ് പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട മിശ്രവിവാഹിതരുടെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങളും വിവാഹ മോചനം നടത്തിയ മിശ്രവിവാഹിതരുടെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങളും വിവരിക്കുന്നു.

മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗമാണെങ്കിൽ വിദ്യാഭ്യാസ ആവശ്യത്തിനുമാത്രമായി അവരുടെ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ നൽകാവുന്നതാണ്.

### V. മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ

മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാരെ അദർ എലിജിബിൾ കമ്മ്യൂണിറ്റീസിന്റെ ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവർക്ക് ഇതുവരെ ലഭിച്ചുവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കും (നം.53/87/പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തീയതി 23–10–87

ക്രിസ്തുമതത്തിലേയ്ക്ക് മതപരിവർത്തനം നടത്തിയ പട്ടികവർഗ്ഗത്തിൽപ്പെട്ട മലഅരയ സമുദായത്തിൽപ്പെട്ടവർക്ക് ജി.ഒ.(എം.എസ്) 57/84/എച്ച്.ഡബ്ല്യു.ഡി. തീയതി 4–8–84 പ്രകാരം നിർദ്ദിഷ്ട ഫാറത്തിൽ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

### VI. മെഡിക്കൽ വിദ്യാഭ്യാസം/ജാതിസർട്ടിഫിക്കറ്റ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സിൽ അപേക്ഷിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ ജാതി തെളിയിക്കുതിന് നിശ്ചിത ഫോറത്തിൽ തഹസീൽദാറിൽ കുറയാത്ത റവന്യൂ ഉദ്യോഗസ്തന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

### VII. മതപരിവർത്തനം നടത്തുന്നവർ

(1) പട്ടികജാതിയിൽപ്പെട്ട ഒരാൾക്ക് ഹിന്ദു/സിഖ് മതങ്ങൾ ഒഴികെ ഏതെങ്കിലും മതത്തിലേയ്ക്ക് പരിവർത്തനം ചെയ്യുകയും തിരികെ ഹിന്ദുമതത്തിലേയ്ക്കോ സിഖ് മതത്തിലേയ്ക്കോ പുനർപരിവർത്തനം നടത്തുകയോ ചെയ്താൽ ആ പ്രത്യേക ജാതിയിലെ അംഗങ്ങൾ അയാളെ അവരിലൊരാളായി അംഗീകരിക്കുകയും ചെയ്താൽ അയാള തന്റെ പൂർവ്വജാതിയിലേയ്ക്കു തന്നെ തിരികെ വന്നതായി കണക്കാക്കാവുന്നതാണ്.

(2)പട്ടികജാതിയിൽ നിന്നും പരിവർത്തനം ചെയ്തവരുടെ പിൻഗാമിയ്ക്ക് അയാളുടെ പൂർവ്വികർ ഉൾപ്പെട്ട പട്ടികജാതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് അയാളുടെ പരിവർത്തനത്തോടൊപ്പം അയാളുടെ ജാതിക്കാർ അവരിലൊരാളായി അയാളെ അംഗീകരിക്കുകയും അപ്രകാരം ആ ജാതിയിലെ ഒരു അംഗമായി തീരേണ്ടതുമുണ്ട്.

**(3) ഹിന്ദുമതത്തിലേയ്ക്ക് മതപരിവർത്തനം ചെയ്യപ്പെടുന്നവർ താഴെപ്പറയുന്ന റിക്കാർഡുകൾ ഹാജരാക്കേണ്ടതാണ്.**

ശുദ്ധി സർട്ടിഫിക്കറ്റ് (സർക്കാർ അംഗീകൃത സംഘടനകളിൽ നിന്നും)

1. അഖിലഭാരത അയ്യപ്പസേവാസംഘം
2. ആൾ ഇന്ത്യ ദയാനന്ദ സാൽവേഷൻ മിഷൻ (ആര്യസമാജം, കേരള ബ്രാഞ്ച്, തിരുവനന്തപുരം)
3. കേരള ഹിന്ദു മിഷൻ, തിരുവനന്തപുരം
4. ശ്രീരാമദാസമിഷൻ യൂണിവേഴ്സൽ സൊസൈറ്റി, ശ്രീനീലകണ്ഠപുരം, തിരുവനന്തപുരം–695581
5. കാലിക്കറ്റ് ആര്യസമാജ്, ആര്യസമാജ് മന്ദിർ, പുതിയറ പി.ഒ. കാലിക്കറ്റ് – 673004

ശുദ്ധികർമ്മത്തിൽ സംബന്ധിച്ച ആളുടെ പൂർണ്ണമായ പേരും മേൽവിലാസവും.

അപേക്ഷകൻ മതപരിവർത്തനം നടത്തിയതിനുള്ള ഗസറ്റ് വിജ്ഞാപനം

മതപരിവർത്തനത്തിന് ശേഷം ഹിന്ദുവായിട്ടാണ് ജീവിക്കുന്നതെന്ന് മതപരിവർത്തനം നടത്തിയ ആളിന്റെ ദേശത്തുള്ള അതേ സമുദായത്തിലെ ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നുള്ള സാക്ഷ്യപത്രം. മേൽ പറഞ്ഞ വിവരങ്ങൾ വ്യക്തമായി പരിശോധിച്ചതിനുശേഷമേ ജാതി സർട്ടിഫിക്കറ്റ് നൽകാവൂ.

**(4) ഇസ്ലാംമതത്തിലേക്ക് പരിവർത്തനം ചെയ്തവർ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ** (ജി.ഒ.(എം.എസ്)75/04, തീയതി 30–10–04.)

ശുദ്ധിസർട്ടിഫിക്കറ്റ് (സർക്കാർ അംഗീകൃത സംഘടനകളിൽ നിന്നും)

1. മൗനത്തുൾ ഇസ്ലാം അസോസിയേൻ, പൊന്നാനി, മലപ്പുറം
2. തെർബിയത്തുൾ ഇസ്ലാം സഭ, പി.ഐ.റോഡ്, മുഖാദർ, കോഴിക്കോട്

അപേക്ഷകൻ മതപരിവർത്തനം നടത്തിയതിനുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ (പേർ, ഒപ്പ് എന്നിവ മാറ്റിയുട്ടുണ്ടെങ്കിൽ അതുൾപ്പെടെ സമർപ്പിക്കണം)

മതപരിവർത്തനത്തിന് ശേഷം ഇസ്ലാമായിട്ടാണ് ജീവിക്കുന്നതെന്നും ടിയാനെ അതേ വിഭാഗക്കാർ അംഗീകരിച്ചിട്ടുണ്ട് എന്നും ആ പ്രദേശത്തുള്ള അതേ സമുദായത്തിലെ ഉത്തരവാദപ്പെട്ട രണ്ടുപേരുടെ സാക്ഷ്യപത്രം, മേൽപറഞ്ഞവ പരിശോധിച്ച് തഹസിൽദാർ സാക്ഷ്യപത്രം നൽകുന്നു.

### VIII. ഹിന്ദുവോ സിഖോ ആയി പരിവർത്തനം നടത്തുകയും പട്ടികജാതിയിലെ ഒരംഗമായി തീർന്നതായി അവകാശപ്പെടുകയും ചെയ്യുന്ന ജന്മം കൊണ്ട് ഹിന്ദുവോ സിഖോ അല്ലാത്ത വ്യക്തിയ്ക്ക് പട്ടികജാതി സൗജന്യങ്ങൾക്ക്

പ്രസ്തുത വ്യക്തിയുടെ മുൻഗാമികൾ നിലവിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കണം;

ഹിന്ദുവായോ സിഖായോ പരിവർത്തനം ചെയ്യുമ്പോൾ അയാളെ പട്ടികജാതിയിലെ ഒരംഗമായി സ്വീകരിക്കപ്പെട്ടിരിക്കണം.

### IX. ജാതി സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മറ്റൊരു സംസ്ഥാനത്തുനിന്നും കുടിയേറിയ ഒരാളെയോ അയാളുടെ മക്കളേയോ ചെറുമക്കളേയോ (പേരക്കുട്ടികൾ) ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാരാനയി കണക്കാക്കാൻ പാടുള്ളതല്ല.

ഒരു ജില്ലയിലെ റവന്യൂ അധികൃതർ മറ്റൊരു ജില്ലയിലെ ആളുകൾക്കോ ഒരു സംസ്ഥാനത്തെ അധികാരികൾ മറ്റൊരു സംസ്ഥാനത്തിലേയോ കേന്ദ്ര ഭരണപ്രദേശത്തിലെ ആളുകൾക്കോ ജാതി സർട്ടിഫിക്കറ്റ് നൽകുവാൻ അധികാരപ്പെട്ടവരല്ല.

എം.പി.മാർ, എം.എൽ.മാർ, ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, തുടങ്ങിയവരുടെ സർട്ടിഫിക്കറ്റുകളെ അടിസ്ഥാനപ്പെടുത്തി സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള റവന്യൂ ഉദ്യോഗസ്ഥർ, ശരിയായ പരിശോധനയും പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വാസ്തവികതയും ബോദ്ധ്യപ്പെട്ടതിനുശേഷമേ സർട്ടിഫിക്കറ്റുകൾ നൽകാൻ പാടുള്ളൂ.

ക്രിസ്തുമതം സ്വീകരിക്കുന്ന പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗക്കാരായി പരിഗണിച്ച് ജാതിസർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

#### നിയമാനുസൃതമല്ലാതെ ദത്തെടുക്കുന്ന കുട്ടികളുടെ ജാതിസ്ഥിതി

ജന്മം നൽകിയ മാതാപിതാക്കളെപ്പറ്റി നിശ്ചയമില്ലാത്തതോ ബാല്യത്തിൽ അനാഥരാവുകയോ ചെയ്ത കുഞ്ഞുങ്ങളെ, ദത്തെടുക്കൽ നിയമപ്രകാരമല്ലാതെ സ്വേച്ഛയാ എടുത്തുവളർത്തുന്ന കേസുകളിൽ വളർത്തു മാതാപിതാക്കൾ ഒരേ ജാതിക്കാരാണെങ്കിൽ എടുത്തുവളർത്തുന്ന കുട്ടിക്ക് അവരുടെ ജാതി സിദ്ധിക്കുമെന്നും അല്ലെങ്കിൽ അവരുടെ ജാതികളിൽ ഏതു ജാതിയിലാണോ കുട്ടി വളർന്നു വരുന്നത് ആ ജാതി സിദ്ധിക്കുമെന്നും വളർത്തുമാതാപിതാക്കൾ നിയമാനുസൃതം വിവാഹിതരായിട്ടില്ലെങ്കിൽ എടുത്തുവളർത്തിയ കുട്ടിക്ക് വളർത്തമ്മയുടെ ജാതി സ്ഥിതി സിദ്ധിക്കും (സർക്കുലർ നമ്പർ 11196/ജി1/എച്ച്.പി.എച്ച്.ബി.ബി.എഫ്ബി. തീയതി 19–05–2000) എന്നും വരുന്നു.

#### മുന്നാക്ക വിഭാഗക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്

സർക്കാർ ഉത്തരവ് പ്രകാരം ഒരു പ്രത്യേക വിഭാഗത്തിന് എൻലിസ്റ്റ് ചെയ്തിട്ടില്ലാത്ത ഏതൊരു ജാതിയേയും മുന്നാക്ക ജാതിയായി കണക്കാക്കാവുന്നതാണ്. അന്വേഷണത്തിന്റേയും യുക്തമെന്ന് തോന്നുന്ന പക്ഷം ഒരു സത്യവാങ്മൂലത്തിന്റേയും അടിസ്ഥാത്തിൽ മുന്നാക്ക വിഭാഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. സംസ്ഥാന ആവശ്യത്തിന് വില്ലേജ് ഓഫീസർക്കും, സംസ്ഥാനേതര ആവശ്യങ്ങൾക്ക് തഹസീൽദാർക്കും ഈ സർട്ടിഫിക്കറ്റ് നൽകാൻ അധികാരമുണ്ടായിരിക്കും. (നം. 51309/റ്റി2/2014/റ.വ. തീയതി 03–06–2015)

1. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കോവിലൂർ, കൊട്ടക്കൊമ്പൂർ പ്രദേശങ്ങളിലെ കുന്നുവ മന്നാടി സമുദായത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് മാത്രം ഒ.ഇ.സി. (പട്ടികവർഗ്ഗം) പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. സ.ഉ.(എം.എസ്.) നം.14/2013/പി.സ.വി.വ. തീയതി 17–12–2013.
